M.S
710
507
410/MS

ാംകൂർ വിദ്യാഭ്യാസവകുപ്പ്

ശ്രീചിത്രാപാഠാവലി

നാലാംപാഠപുസ്തകം

TRAINING SCHOOL
KOTTAYAM
LOWER GRADE

ഗവൺമെന്റിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നതു

[പകർപ്പവകാശം ഗവൺമെന്റിന്]

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടം

1949

410/MS

തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്

TRAINING SCHOOL
KOTTAYAM
LOWER GRADE

ശ്രീചിത്രാപാഠാവലി

നാലാംപാഠപുസ്തകം

പരിഷ്കരിച്ച പാഠപദ്ധതിയനുസരിച്ച്
ഗവണ്മെൻറിൽനിന്നു നിയമിച്ച കമ്മിറ്റി
തയാറാക്കിയത്

[പകർപ്പവകാശം ഗവണ്മെൻറിന്]

1949

TRAINING SCHOOL
KOTTAYAM
LOWER GRADE

പാഠവിവരം

			പുറം.
൧.	ഭാരതഭൂമി		൧
൨.	കണ്ണന്റെ മണ്ണുതീററി	(പദ്യം)	൮
൩.	ഗൃഹജീവിതം		൧൦
൪.	എഴുത്ത്		൧൭
൫.	ഗണപതിപ്രാതൽ	(പദ്യം)	൨൪
൬.	ദശരഥന്റെ ശാപവൃത്താന്തം		൨൬
൭.	ചേരൻ ചെങ്കുട്ടവൻ		൩൨
൮.	വിദ്യയുടെ മാഹാത്മ്യം	(പദ്യം)	൩൮
൯.	ജീവലോകം		൪൧
൧൦.	അപവാദം	(പദ്യം)	൪൫
൧൧.	എറുമ്പ്		൪൮
൧൨.	രണ്ടു് അപ്പം	(പദ്യം)	൫൪
൧൩.	കഥകളി		൫൯
൧൪.	ഭീമജരാസന്ധയുദ്ധം	(പദ്യം)	൬൩
൧൫.	ശ്വാസോച്ഛ്വാസം		൬൭
൧൬.	അരയന്നവും കൊക്കുകളും	(പദ്യം)	൭൧
൧൭.	എസ്കിമോകൾ		൭൪
൧൮.	അക്ഷയപാത്രം	(പദ്യം)	൮൧
൧൯.	രോഗനിവാരണം		൮൪

പാഠവിവരം—(തുടർച്ച).

		പുറം.
൨൦.	ഔചിത്യമില്ലാത്തതാൽ തരംകെട്ടം നിർണ്ണയം (പദ്യം)	൯൦
൨൧.	കുഞ്ചൻനമ്പ്യാർ	൯൧
൨൨.	ലങ്കാദഹനം (പദ്യം)	൯൬
൨൩.	പ്രയത്നം	൯൯
൨൪.	ക്രീസസ്	൧൦൫
൨൫.	വ്യാഘ്രമാഹം (പദ്യം)	൧൧൪
൨൬.	അസൂയയും ദുരാഗ്രഹവും	൧൧൭
൨൭.	ഭീഷ്മർ	൧൨൩
൨൮.	ഗാന്ധാരീവിലാപം (പദ്യം)	൧൩൧
൨൯.	ശ്രീയേശു	൧൩൪
൩൦	ഇംഗ്ലണ്ടു	൧൪൧
൩൧.	മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായ് വന്നു (പദ്യം)	൧൪൬
൩൨.	വാസ്കോഡിഗാമാ	൧൪൮
൩൩.	മുഹമ്മദ് നബി—(ഒന്നാംഭാഗം)	൧൫൩
൩൪.	മുഹമ്മദ് നബി—(രണ്ടാംഭാഗം)	൧൫൮

TRAINING SCHOOL
KOTTAYAM
LOWER GRADE

ശ്രീ ചിത്രാ പാഠാവലി

നാലാംപാഠപുസ്തകം

പാഠം ൧

ഭാരതഭൂമി

നാം പിറന്നുവളർന്നു ജീവിക്കുന്നതു ഭാരതഭൂമിയിലാണു. ഭരതൻ എന്ന ചക്രവർത്തി പണ്ടു ഈ രാജ്യം വളരെ വിശിഷ്ടമായ രീതിയിൽ പരിപാലിച്ചു. ആ മഹാൻ ഭരിച്ചതുകൊണ്ടാണു്, ഭാരതഭൂമി എന്നു പേരു് ഈ രാജ്യത്തിനുണ്ടായതു്. പില്ക്കാലത്തു ഇൻഡ്യ എന്നും ഈ രാജ്യത്തിനു പേരുണ്ടായി. വിദേശീയർ നല്കിയതാണു് ആ പേരു.

ഭാരതഖണ്ഡത്തിനു ചുററും പ്രകൃതിതന്നെ അതിരു കല്പിച്ചിട്ടുണ്ടു. വടക്കു അത്യുന്നതമായ ഹിമവാൻ എന്ന പർവ്വതം വലിയ ഒരു കോട്ടപോലെ ഈ രാജ്യത്തെ കാത്തു രക്ഷിക്കുന്നു. വടക്കേ അററത്തു കിഴക്കു പടിഞ്ഞാറാണു് ഈ രാജ്യത്തിനു് ഏററവും വീതിയുള്ളതു. തെക്കോട്ടു ക്രമേണ വീതി ചെറുതായി വന്നു തെക്കേ അററം കന്യാകുമാരി കോടിയായി കടലിലേക്കു് ഉന്തി നില്ക്കുന്നു. പടിഞ്ഞാറുവശത്തെ അറബിക്കടലും കിഴക്കു

വശത്തെ ബംഗാറം ഉൾക്കടലും കന്യാകുമാരിയിൽ വച്ചു സമ്മേളിക്കുന്നു. ഹിമാലയം തൊട്ടു കന്യാകുമാരി വരെ രണ്ടായിരം മൈലോളം നീളംവരും.

പലതരത്തിലുള്ള ഭൂപ്രകൃതിയും ശീതോഷ്ണാവസ്ഥയും ഭാരതത്തിൽ ഉണ്ടു. തണുപ്പുകൊണ്ടു മഞ്ഞു് ഉറഞ്ഞു കട്ടപിടിച്ചുകിടക്കുന്ന സ്ഥലമാണു് ഹിമവൽപ്രദേശം. സഹിക്കവയ്യാത്ത ഉഷ്ണമുള്ള സ്ഥലങ്ങളും ഈ രാജ്യത്തു ചുരുക്കമല്ല. മലകളും കാടുകളും അതുപോലെതന്നെ സമതലങ്ങളും പാഴ്ഭൂമിയും മരുസ്ഥലങ്ങളും ഭിന്നഭാഗങ്ങളിൽ കാണാം. സിന്ധു, ഗംഗ, ബ്രഹ്മപുത്ര, നർമ്മദ, ഗോദാവരി, കൃഷ്ണ, കാവേരി തുടങ്ങിയ വലിയ നദികളും ഭാരതത്തിൻെറ മഹിമയെ വർദ്ധിപ്പിക്കുന്നു. പ്രസിദ്ധങ്ങളായ എത്രയോ പുണ്യസ്ഥലങ്ങളും തീർത്ഥസ്ഥാനങ്ങളും ഭാരതത്തിലുണ്ടു്. ബദരിനാഥം, ഹരിദ്വാരം മുതലായി വടക്കു ഹിമാലയത്തിലും, രാമേശ്വരം കന്യാകുമാരി തുടങ്ങി തെക്കു സമുദ്രതീരത്തും ഉള്ള പുണ്യസ്ഥലങ്ങൾ വളരെ പ്രധാനങ്ങളാണു്. ഭാരതത്തിൻെറ എല്ലാഭാഗത്തു നിന്നും ധാരാളം ആളുകൾ തീർത്ഥയാത്രയായി അവിടങ്ങളിൽ ചെല്ലാറുണ്ടു്. ഈ രാജ്യം മുഴുവൻ ഒന്നെന്നും ഇതുമുഴുവൻ നമ്മുടെ മാതൃഭൂമിയെന്നും ഉള്ള ബോധം ഉറപ്പിക്കാൻ ഇത്തരത്തിലുള്ള സമ്മേളനം വളരെ സഹായിക്കുന്നു. മലയാളികളും തമിഴുനാട്ടുകാരും കന്നടദേശക്കാരും തെലുങ്കരും ബങ്കാ

ളികളും പഞ്ചാബികളും മഹാരാഷ്ട്രന്മാരും കാശ്മീരികളും എല്ലാം ഇങ്ങനെ ഭാരതത്തെ മാതൃഭൂമിയായി ആരാധിക്കുന്നു.

പുരാതനകാലം മുതൽക്കുതന്നെ പരിഷ്കാരമുള്ള ഒരു രാജ്യമാണ് ഭാരതം. ഇവിടത്തെ ജനങ്ങളിൽ പ്രധാനപ്പെട്ട വർഗ്ഗം ആര്യന്മാരാണ്. ആ വർഗ്ഗക്കാർ ഭാരതത്തിൽ വന്നിട്ട് അയ്യായിരത്തോളം വർഷം ആയിരിക്കുമെന്ന് ഊഹിക്കാം. ആദികാലത്ത് ഇൻഡ്യയിൽ നിന്നു വളരെ ദൂരെ വടക്കുപടിഞ്ഞാറു മദ്ധ്യ ഏഷ്യാ പ്രദേശങ്ങളിൽ ഗോപാലവൃത്തിയിൽ കഴിഞ്ഞിരുന്നവരായിരുന്നു അവർ. ക്രമേണ അവരുടെ ജനസംഖ്യ വർദ്ധിച്ചുവന്നു. കന്നുകാലികളുടെ തീററി അന്വേഷിച്ചും മററും അവർ പല നാട്ടുകളിലേക്കും പുറപ്പെട്ടു. അങ്ങനെ അവരിൽ പലരുമാണ് ഇൻഡ്യയിൽ കുടിയേറിയതു്. അവരുടെ പരിഷ്കാരം പിന്നീട് ഇൻഡ്യയിൽ പ്രബലപ്പെട്ടു. വേദം തുടങ്ങിയ സാഹിത്യവും, യാഗം, പൂജ മുതലായ കർമ്മങ്ങളും പുഷ്ടിപ്രാപിച്ചു. ജീവിതരീതിയിൽ അവക്കു വളരെ ചിട്ടകൾ ഉണ്ടായിരുന്നു. ബാല്യത്തിൽ ഗുരുകുലത്തിൽ വസിച്ചു വിദ്യ അഭ്യസിക്കണം. യൗവനമായാൽ കുടുംബജീവിതത്തിൽ ഏർപ്പെടണം. വാർദ്ധക്യത്തിൽ ലോകകാര്യങ്ങളിൽ നിന്നു വിരമിച്ച് ഈശ്വരഭജനം ചെയ്തു ജീവിതശേഷം കഴിക്കണം. അവക്കു ജീവിതംകൊണ്ടു് ഇന്ന ഇന്ന കാര്യങ്ങൾ നേടണമെന്നും നിശ്ചയമുണ്ടായിരുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവയായിരുന്നു ജീവിതത്തിൻെറ ഉദ്ദേശങ്ങൾ.

സമുദായജീവിതത്തിൽ പല തൊഴിലുകൾക്കും പ്രത്യേകം ആളുകൾ ഏർപ്പെട്ടിരുന്നു. അവർ കാലക്രമേണ പല ജാതികളായിത്തീർന്നു. അങ്ങനെ ബ്രാഹ്മണർ തുടങ്ങിയുള്ള ജാതികൾ ഉണ്ടായി.

ക്രമേണ ആര്യന്മാർ പല രാജ്യങ്ങളും സ്ഥാപിച്ചു. മഹാന്മാരായ പല രാജാക്കന്മാരും അവരുടെ ഇടയിൽ ഉണ്ടായി. ഈ ദേശത്തിനു ഭാരതം എന്നു പേരുവരാൻ ഇടയാക്കിയ ഭരത ചക്രവർത്തിയെപ്പററി മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആര്യന്മാരുടെ പരിഷ്ക്കാരം അങ്ങനെ ഇൻഡ്യയിൽ വേരുറച്ചു.

ആര്യന്മാർ വരുന്നതിനുമുമ്പും ഈ രാജ്യം പരിഷ്ക്കാരമുള്ളതായിരുന്നു. ആര്യന്മാർക്കു വളരെ മുമ്പുതന്നെ ഇവിടെ പാർത്തിരുന്നവരാണ് ദ്രാവിഡന്മാർ. ഒരുകാലത്ത് ഈ മഹാരാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും അവർ വസിച്ചിരുന്നു. ഇപ്പോൾ തെക്കെ ഇൻഡ്യയിലാണ് ഇവർ അധികമുള്ളത്. വളരെക്കാലമായി ആര്യന്മാരോടിടപെട്ട് ദ്രാവിഡരുടെ ജീവിതത്തിലും പല മാററങ്ങൾ വന്നു. ഇന്ന് ഇൻഡ്യയിലെ ജീവിതരീതിയിൽ ആര്യന്മാരുടേയും ദ്രാവിഡന്മാരുടേയും ആചാരങ്ങളും മററും ഒരുപോലെ ഇണങ്ങിച്ചേർന്നിരിക്കുന്നു.

ആദ്യകാലത്തു തെക്കു ദ്രാവിഡരാജാക്കന്മാരും വടക്കു ആര്യരാജാക്കന്മാരും ഭരിച്ചുപോന്നു. പിന്നീട്

അനേകം മഹമ്മദീയ രാജാക്കന്മാരും ഇവിടെ അധികാരം നടത്തി. അവരിൽ പ്രധാനികളായിരുന്നു മുകിലന്മാർ. അനന്തരം ഇംഗ്ലീഷുകാർ ഏകദേശം ഇരുനൂറു വർഷക്കാലം ഈ മഹാരാജ്യം ഭരിച്ചു. അവരുടെ അധികാരത്തിൽനിന്ന് നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടിയിട്ട് കുറച്ചുകാലമേ ആയിട്ടുള്ളു. മഹമ്മദീയരും ഇംഗ്ലീഷ്കാരും ഇവിടെ അധികാരം വഹിച്ചതുകൊണ്ട് ആ വർഗ്ഗക്കാരുടെ പരിഷ്ക്കാരങ്ങളും ഇവിടെ നടപ്പായി.

വളരെ വിസ്താരമുള്ള ഒരു മഹാരാജ്യമാണ് ഭാരതം. അതിനാൽ പല കാലത്തും ഈ മഹാരാജ്യത്തിൻെറ പല ഭാഗങ്ങളിലും പലരും അധികാരം സ്ഥാപിക്കാൻ ഇടയായി. എങ്കിലും ശക്തന്മാരായ പല ചക്രവർത്തിമാരും ഭാരതഖണ്ഡം അടക്കിഭരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ചന്ദ്രഗുപ്തൻ, അശോകൻ, അക്ബർ തുടങ്ങി പലരും ഏറെക്കുറെ ഇക്കാര്യം സാധിച്ചു. എന്നാൽ ഇംഗ്ലീഷുകാക്കു മാത്രമേ ഇതിൽ പരിപൂർണ്ണമായ വിജയം സിദ്ധിച്ചുള്ളു. കാശ്മീരം, ബറോഡാ, ഹൈദ്രബാദ്, മൈസൂർ, തിരുവിതാംകൂർ തുടങ്ങി അറുനൂറിൽ കൂടുതൽ രാജ്യങ്ങൾ ഇംഗ്ലീഷുകാരുടെ കാലത്തും പ്രത്യേകം രാജാക്കന്മാരുടെ ഭരണത്തിൽ നിലനിന്നു. എങ്കിലും ഇംഗ്ലീഷുകാരുടെ മേൽക്കോയ്മയിൽ ഭാരതം മുഴുവൻ അമർന്നു. അവരുടെ പിടിയിൽനിന്നും രക്ഷ

പ്പെടാൻ വളരെക്കാലം ഭാരതം പ്രയാസപ്പെട്ടു. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് എന്ന മഹാ സ്ഥാപനമാണ് ഇക്കാര്യത്തിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചത്. ലോകൈകവന്ദ്യനായ മഹാത്മാഗാന്ധിയായിരുന്നു ഭാരതത്തിൻെറ സ്വാതന്ത്ര്യത്തിനു വഴിതെളിച്ചത്. ഗാന്ധിജിയുടേയും കാൺഗ്രസ്സിൻേറയും പ്രവർത്തനത്തിൻെറ ഫലമായി ഇംഗ്ലീഷുകാർ നമുക്കു സ്വാതന്ത്ര്യം നൽകി. എങ്കിലും, ഇൻഡ്യയുടെ ഐക്യം അതോടെ നഷ്ടപ്പെടാനും ഇടവന്നു. മഹമ്മദിയർ അധികമായി താമസിക്കുന്ന ഏതാനും സ്ഥലങ്ങൾചേർന്നു പാക്കിസ്ഥാൻ എന്നു പ്രത്യേകം ഒരു രാജ്യമായിത്തീർന്നു. ഭാരതത്തിൻെറ മുക്കാലോളംവരുന്ന ശേഷം ഭാഗം ഇൻഡ്യാ യൂണിയനായും തീർന്നു.

പുരാതന കാലംതൊട്ടേ മഹാന്മാരുടെ ജന്മഭൂമിയാണു ഭാരതം. വാല്മീകി, വ്യാസൻ തുടങ്ങിയ മഹർഷിമാരും ബുദ്ധൻ, ശങ്കരൻ മുതലായ മതാചാര്യന്മാരും അശോകൻ, ഹർഷൻ, അക്ബർ ആദിയായ രാജാക്കന്മാരും കാളിദാസൻ, കമ്പർതൊട്ടുള്ള മഹാകവികളും രാമകൃഷ്ണൻ, വിവേകാനന്ദൻ മുതലായ സന്യാസിമാരും ഓരോ കാലത്ത് ഈ മഹാരാജ്യത്തെ അനുഗ്രഹിച്ചിട്ടുണ്ട്. ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാഗാന്ധി ലോകത്തിലെ അതിവിശിഷ്ടന്മാരായ

TRAINING SCHOOL
GRADE



മഹാത്മാഗാന്ധി

മഹാന്മാരുടെ മുന്നണിയിൽ ശോഭിക്കുന്നു. ഇന്നു് ഇൻഡ്യയുടെ ഭരണകാര്യം വഹിക്കുന്ന ജവഹരിലാൽ നെഹ്റു തുടങ്ങിയുള്ള മഹാന്മാരും ലോകത്തിന്റെ ബഹുമാനം നേടിയിട്ടുള്ളവരാണു.

ഭാവിയിൽ ലോകത്തിൽ സമാധാനത്തിലേക്കു വഴി കാട്ടാൻ നമ്മുടെ പരിഷ്കാരം ഉതകുമെന്നു് ആശിക്കാൻ വഴിയുണ്ടു്.

പാഠം ൨

കണ്ണന്റെ മണ്ണുതീററി

മണ്ണുതിന്നീടിനാൻ കണ്ണനെന്നിങ്ങനെ
തിണ്ണം പോയ് ചെന്നിട്ടുബാലകന്മാർ
മാതാവോടായിട്ടു ചൊല്ലിനിന്നീടിനാർ
മാതാവു താനതു കേട്ടനേരം

ഓടിച്ചെന്നങ്ങവൻ ചാരത്തു ചെമ്മവേ
പേടിപ്പിച്ചീടുവാനായിച്ചൊന്നാൾ
„മണ്ണു തിന്നീടുന്നതെന്തിനു ചൊല്ലുണ്ണി!
വെണ്ണയും പാലും ഞാൻ താരാഞ്ഞിട്ടോ?

ചോറില്ലയാഞ്ഞോ മറെറന്തില്ലയാഞ്ഞു നീ
ചൊൽവശനല്ലെന്നു വന്നുകൂടി?
ശീലക്കേടിങ്ങനെ ചാലേ നീ കാട്ടുമ്പോൾ
കോലുകൊണ്ടേയിനി ച്ചോദിക്കുള്ളൂ.” ൧൮

അമ്മതാനിങ്ങനെ ചൊന്നതു കേട്ടുള്ളോ-
രംബുജലോചനൻ താനും ചൊന്നാൻ:
വെണ്ണയും കൈക്കിട്ടു മണ്ണു തിന്നീല ഞാൻ
നിർണ്ണയിച്ചാലുമിച്ചൊന്നതമ്മേ! ൧൯

ബാലന്മാർ ചൊന്നതു നിർണ്ണയമെങ്കിലോ
വാ പിളർന്നീടാം നിൻമുമ്പിലേ ഞാൻ
വാ പിളർന്നീടു നീയെന്നവൾ ചൊൽകയാൽ
വാ പിളർന്നീടിനാൻ ബാലനപ്പോൾ. ൨൦

മണ്ണിനെക്കാൺമാനമ്മാതാവു താനപ്പോൾ
കണ്ണൻതൻ വായിലേ നോക്കുന്നേരം
മണ്ണെല്ലാമങ്ങവൻ വായിലേ കാണായി
മണ്ണിനെയല്ലവൾ വിണ്ണും കണ്ടാൾ ൨൧

വിണ്ണിനെക്കാൺകയാൽ വിസ്മയം പൂണ്ടവൾ
പിന്നെയും ചെമ്മേ നോക്കുന്നേരം
മററുള്ള ലോകങ്ങളൊക്കവേ കാണായി
തന്നെയും കാണായിതവ്വണ്ണമേ ൨൨

വായും പിളർന്നു തൻ ചാരത്തു നിന്നൊരു
മായവൻതന്നെയും കാണായപ്പോൾ
"വാമൂരുക്കേണമെൻ പൈതലേ നീയിപ്പോൾ
ചാകുന്നതുണ്ടു ഞാനില്ലയായ്കിൽ" ൩൮

എന്നതുകേട്ടൊരു നന്ദകുമാരകൻ
മന്ദിച്ചു നില്ലാതെ വാമൂരുക്കി
അമ്മിഞ്ഞക്കായിട്ടണഞ്ഞു ചെന്നീടിനാ-
നമ്മതൻ ചാരത്തു കൊഞ്ചിക്കൊഞ്ചി. ൩൯

വന്നണഞ്ഞീടിന ബാലനെക്കണ്ടപ്പോൾ
നന്ദവിലാസിനി മന്ദിയാതെ
മെല്ലെന്നെടുത്തു പുണർന്നുനിന്നീടിനാൾ
പല്ലവം വെല്ലുമപ്പൂവലംഗം. ൪൦

ഛ. ചെറുശ്ശേരി നമ്പൂരി] [കൃഷ്ണഗാഥ

പാഠം ൩

ഗൃഹജീവിതം

പല ജന്തുക്കളും ഒറ്റതിരിഞ്ഞാണു ജീവിക്കുന്നതു. പറ്റമായി കഴിച്ചുകൂട്ടുന്നവയും ഉണ്ടു്. എന്നാൽ മനുഷ്യർക്കു തമ്മിൽ ഉള്ളതുപോലെ ദൃഢമായ ബന്ധം

അവയ്ക്കു അന്യോന്യം ഇല്ല. ഭർത്താവും ഭാര്യയും സന്താനങ്ങളും അടുത്ത ബന്ധുക്കളും ചേർന്നു കഴിയുന്നതാണല്ലോ മനുഷ്യരുടെ ജീവിതരീതി. കൂട്ടുചേർന്നുള്ള ജീവിതത്തിന്റെ ആദ്യത്തെ പടിയാണ് അതു്. അതാണ് കുടുംബം.

അനേകായിരം കുടുംബങ്ങൾ ചേൎന്നതാണു രാജ്യം. കുടുംബത്തിലെ അംഗങ്ങൾക്കു തമ്മിൽ ബന്ധം ഉള്ളതു പോലെ, രാജ്യത്തിൽപെട്ട കുടുംബങ്ങൾക്കു തമ്മിലും കെട്ടുപാടുകൾ ഉണ്ടു്. ലോകത്തിൽ അനേകം രാജ്യങ്ങൾ ഉണ്ടല്ലോ. അവയ്ക്കു തമ്മിലും ഇതുപോലെ ബന്ധം ഉണ്ടു്.

കുടുംബത്തിന്റെ പാർപ്പിനുള്ള സ്ഥാനമാണു ഗൃഹം. ധനികന്റെ മാളികയും ദരിദ്രന്റെ കൊട്ടിലും അവരവൎക്കു വീടു തന്നെ. മനുഷ്യരുടെ സുഖങ്ങളും ദുഃഖങ്ങളും ഏറക്കുറെ വീട്ടിനേയും ആശ്രയിച്ചു നില്ക്കുന്നു. അതിനാൽ ഗൃഹവും ഗൃഹജീവിതവും ഏററവും പ്രധാനപ്പെട്ട കാൎയ്യങ്ങളാണു. നല്ല വീടു വേണം, അവിടെ സുഖമായി താമസിക്കണം, എന്നാണല്ലോ ആരുടേയും ആഗ്രഹം. എന്നാൽ എല്ലാവൎക്കും നല്ല വീട് ഉണ്ടാക്കാൻ കഴിവില്ല. സുഖത്തിനു വേണ്ട കാൎയ്യങ്ങൾ ഒരുക്കാൻ പലൎക്കും പണം ഇല്ലാതെയും ഇരിക്കാം. എങ്കിലും ഉള്ള വീടു നല്ലതാക്കി സൂക്ഷിക്കാനും സുഖത്തിനു ഉതകുന്നവണ്ണം ജീവിക്കാനും ശ്രമിച്ചാൽ സാധിക്കുന്നതാണ്.

വീട് ഭംഗിയായും വെടിപ്പായും സൂക്ഷിക്കാൻ പ്രത്യേകം കരുതണം. സുഖമായ സ്ഥലത്ത് ആയിരിക്കയില്ല എല്ലാവരുടേയും വീടുകൾ. നല്ല കുന്നിൻപുറത്തും ആററിന്റെ കരയ്ക്കും കടലിന്റെ തീരത്തും താമസിക്കാൻ ഇടവരുന്നതു ഭാഗ്യമാണ്. എന്നാൽ എവിടെയായാലും ശുചിത്വംകൊണ്ടു വീട്ടിനു സ്വച്ഛത വരുത്താവുന്നതാണ്. ഗൃഹത്തിനു ചുററും ചപ്പും ചവിറും അളിഞ്ഞ പദാർത്ഥങ്ങളും കിടക്കാൻ ഒരിക്കലും ഇടയാക്കരുത്. ഈർപ്പം കൂടാതെയും വെള്ളം കെട്ടിനിൽക്കാതെയും നോക്കണം. മുറികളും തളങ്ങളും മുററവും വെടിപ്പായി തൂത്തിടണം. ഗൃഹത്തിനുള്ളിലും വെളിക്കും അഴുക്കില്ലാതിരുന്നാൽ ഉണ്ടാകുന്ന സ്വച്ഛതയും സുഖവും ഒന്നു പ്രത്യേകമാണ്. പൊടിയും ചിലന്തിവലയും ഉള്ള മുറികളിൽ ഇരിക്കാൻ എന്താണു സുഖം. ആരോഗ്യത്തിന് അതു വളരെ ഹാനിയുണ്ടാക്കുകയും ചെയ്യും.

വീട്ടിൽ ഓരോ പദാർത്ഥവും സൂക്ഷിക്കുന്നതിൽ അടുക്കും മുറയും ആവശ്യമാണ്. കാഴ്ചയ്ക്കു മാത്രമല്ല, അതുകൊണ്ടുള്ള ലാഭം. ഓരോന്നും ആവശ്യത്തിനു പ്രയാസംകൂടാതെ എടുക്കണമെങ്കിൽ ഇന്ന സ്ഥലത്ത് ഇരിക്കുന്നു എന്നു തിട്ടവേണമല്ലോ. ആവശ്യമുള്ള പല സാധനങ്ങളും വീട്ടിൽ കരുതി വച്ചിരിക്കും. എന്നാൽ വേണ്ടപ്പോൾ എടുക്കാൻ കഴിയാതെവന്നാൽ അവകൊണ്ട് എന്താണു ഫലം? വീട്ടിൽ വിശേഷപ്പെട്ട



ഭംഗിയുള്ള ഭവനം

പല മരുന്നുകളും സൂക്ഷിച്ചിട്ടുണ്ട് എന്നിരിക്കട്ടെ. പേരെഴുതാതെ അവ പല കുപ്പികളിൽ ഒരു അലമാരയിൽ വച്ചിരിക്കുകയുമാണ് എന്നു വിചാരിക്കുക. അവിടെ ഒരാൾക്കു സുഖക്കേടുവന്നാൽ കൈവശമുള്ള മരുന്നുകൊണ്ടുതന്നെ എന്താണു പ്രയോജനം? ഒരു കാടു കാണിച്ചിട്ട്, ഇവിടെ എല്ലാ മരുന്നും ഉണ്ട്; ആവശ്യം ഉള്ളതു പറിച്ചുകൊള്ളുക എന്നു പറയുന്നതു പോലെ മാത്രമേ ആ അലമാരയിലെ മരുന്നുകൾകൊണ്ടു പ്രയോജനമുള്ളു.

വീട്ടിനു ചുററുപാടും ഭംഗിയുണ്ടാക്കാനും പ്രയാസംകൂടാതെ കഴിയും. നല്ല പൂക്കളുള്ള ചെടികളും വാഴ, വഴുതന തുടങ്ങിയ സസ്യങ്ങളും വച്ചുപിടിപ്പിക്കാവുന്നതാണല്ലോ. ഒരു റോസാച്ചെടിയോ ചെമ്പരത്തിയോ പിച്ചിയോ മുല്ലയോ മുറ്റത്തു പൂത്തുനിന്നാൽ കാണാൻ എത്ര സുഖമായിരിക്കും. അതുപോലെ തന്നെയാണു നല്ല ഒരു വാഴ കുലച്ചുനിന്നാലും. ഒരു മുളകു കാച്ചുനിന്നാലും. അത്തരം സസ്യങ്ങൾകൊണ്ടു നമുക്കു മററു പ്രയോജനവും ഉണ്ടല്ലോ.

ഗൃഹജീവിതത്തിന്റെ സുഖം വീട്ടിന്റെ മോടിയെക്കാളും വീട്ടിൽ ഉള്ളവരുടെ പെരുമാററത്തെയാണ് ആശ്രയിക്കുന്നത്. സാധാരണയായി കുടുംബത്തിലെ അംഗങ്ങൾക്കു തമ്മിൽ സ്നേഹം ഉണ്ട് എന്നുതന്നെ പറയാം. എന്നാൽ ഗൃഹസൗഖ്യം സമ്പൂർണ്ണം ആകുന്നതിനു അത്രമാത്രം പോരാ. ഭാര്യയും ഭർത്താവും

തമ്മിലും മാതാപിതാക്കളും സന്താനങ്ങളും തമ്മിലും എജമാനനും ഭൃത്യന്മാരും തമ്മിലും ഉള്ള പെരുമാററം ശരിയായിരിക്കണം. സ്നേഹം ഉള്ളവരും ചിലപ്പോൾ പരുഷമായും നീരസമായും പെരുമാറും. വളരെ സ്നേഹമുള്ള ചിലക്ക് കോപവും ദുശ്ശാഠ്യവും ഉണ്ടായിരിക്കും. ഏതു കാര്യത്തിനും വഴക്കുകൂട്ടുന്ന സ്വഭാവവും ചിലക്ക് ഉണ്ട്. ഈ ശീലം കുടുംബജീവിതത്തിലെ സ്വൈരം ഇല്ലാതാക്കുന്നതാണ.

കുട്ടികൾ അച്ഛനമ്മമാരെ അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്യണം. പിതാക്കൾക്കു കോപം ഉണ്ടാകത്തക്കവണ്ണവും ദുഃഖം ഉണ്ടാകത്തക്കവണ്ണവും കുട്ടികൾ പെരുമാറരുത്. അച്ഛനും അമ്മയും കോപിക്കുന്നതും ശാസിക്കുന്നതുപോലും കുട്ടികളുടെ നന്മയെ ഉദ്ദേശിച്ച് ആയിരിക്കും. കുഞ്ഞ് തീയിൽ പിടിക്കാൻ പോകുമ്പോൾ അമ്മ അതിനെ ശാസിക്കും. അതു കൊണ്ടും കേട്ടില്ലെങ്കിൽ ചെറിയ ഒരു അടികൊടുക്കുകയും ചെയ്യാം. കുഞ്ഞിനോട് ഇഷ്ടം ഇല്ലാഞ്ഞിട്ടല്ലല്ലോ അങ്ങനെ ചെയ്യുന്നത്.

ഗൃഹജീവിതത്തിൽ കുട്ടികൾ മനസ്സിലാക്കേണ്ടതായി വേറെയും അനേകം കാര്യങ്ങളുണ്ട്. വീട്ടിലെ ശുചിത്വവും അടുക്കും മുറയും ഇല്ലാതാക്കാൻ ചില കുട്ടികൾക്കു പ്രത്യേകം വാസനയുണ്ട്. പല സാമാനങ്ങളും ഇരിക്കുന്നിടത്തുനിന്നും മാററി ഇഷ്ടമുള്ളിടത്ത് ഇട്ടുകളയും. കരിക്കട്ടയും പെൻസിലുംകൊണ്ടു ചുവരു

കളിലും മററും വരച്ചുവയ്ക്കും. കളിക്കാനായി ചപ്പും ചവറും വീട്ടിനുള്ളിൽകൊണ്ടുവന്നു് ഇടും. പൊടിയിലും ചെളിയിലും ചെന്നിരുന്നു കളിച്ചു മുണ്ടും ഉടുപ്പും അഴുക്കുപിടിപ്പിക്കും. മററു കുട്ടികളോടും വീട്ടിൽ വേലയ്ക്കു നില്ക്കുന്നവരോടും വഴക്കു കൂട്ടും. കണ്ടതെല്ലാം കളിപ്പാട്ടമായി കിട്ടാൻ ശാഠ്യം പിടിച്ചു കരയും. കുട്ടികളുടെ ഇത്തരം ദുശ്ശീലങ്ങൾ വീട്ടിലെ സുഖത്തിനു ഉടവു വരുത്തും.

കുട്ടിക്കാലത്തു് നല്ല ശീലം ഉണ്ടാകേണ്ടതാണു്. 'തൊട്ടിയിലെ ശീലം ചുടലവരെ' എന്നാണു് പഴഞ്ചൊല്ല്. ശുചിത്വവും കൃത്യനിഷ്ഠയും കുട്ടിക്കാലത്തുതന്നെ ശീലിക്കണം.

വീട്ടിൽ പല കാര്യത്തിനും പലരും വരുമല്ലോ. അവരോടു മര്യാദയായും സന്തോഷമായും പെരുമാറണം. അതിഥികളെ സൽക്കരിക്കുന്നതിലും ബഹുമാനിക്കുന്നതിലും പ്രത്യേകം ശ്രദ്ധ കാണിക്കണം.

താണവരോടു കരുണ കാണിക്കുന്നതാണു് സ്വഭാവത്തിന്റെ മേന്മ. വീട്ടിൽ വേലയ്ക്കു നില്ക്കുന്നവർ കാണുമല്ലോ. അവരോടും മര്യാദയും ദയയും കാണിക്കണം. അവർ നമുക്കുവേണ്ടി വേല ചെയ്യുന്നവരാണു. അതുകൊണ്ടു കാരണംകൂടാതെ അവരുടെ മനസ്സിൽ വേദന ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഇരന്നുവരുന്നിആളുകളോടും ദയയോടു പെരുമാറേണ്ടതാണ്. അവർ അംഗഹീനരും രോഗപീഡിതരും ആയിരിക്കും. ആഹാരം

കഴിക്കാൻ വക ഉണ്ടായിരിക്കയില്ല. അവരുടെ ജീവിതം ദുരിതം നിറഞ്ഞതു് ആയിരിക്കും. അവരെ പുച്ഛിക്കുന്നതു കഷ്ടമാണു്. കഴിവുള്ള വിധത്തിൽ അവർക്കു ആശ്വാസം കൊടുക്കാനാണു ശ്രമിക്കേണ്ടതു്.

വീട്ടിൽ വളർത്തുന്ന നാക്കെട്ടുക്കാൻ പാടില്ലാത്ത പ്രാണികളും നമ്മുടെ ദയ അവകാശപ്പെടുന്നു. പൂച്ചയും പട്ടിയും പശുവും കാളയും കോഴിയും ആടും മിക്ക വീടുകളിലും ഉണ്ടല്ലോ. അവ പല പലപ്രകാരത്തിൽ നമുക്കു ഉപകാരം ചെയ്യുന്നു. നമുക്കുവേണ്ടി ജീവിക്കുന്ന അവയെ ഒരു പ്രകാരത്തിലും വേദനപ്പെടുത്തരുതു. അവയ്ക്കു വേണ്ട തീററി കൊടുത്തു ശുശ്രൂഷിച്ചു വളർത്തേണ്ടതാണു്.

പാഠം ൪

എഴുത്ത്

ശശി:—അമ്മാ! അണ്ണൻ കാളേജിൽ ചേരാൻ പോയിട്ടു കുറെ ദിവസമായല്ലോ. എനിക്കു് അണ്ണനെ കാണാൻ കൊതിയാകുന്നു.

അമ്മ:—നിന്നെ പിരിഞ്ഞതിൽ നിന്റെ അണ്ണനും വല്ലായ്മയുണ്ടു്. അവന്റെ എഴുത്തു് ഇന്നലെ വന്നു. അതിൽ നിന്നെ കാണാൻ ഇനി ഓണംവരെ കാത്തിരിക്കണമല്ലോ എന്നു സങ്കടപ്പെട്ടു് എഴുതിയിരുന്നു.

ശശി:—അണ്ണന്റെ എഴുത്തു് എവിടെ അമ്മ! എനിക്കും അണ്ണന് ഒരു എഴുത്തു് അയയ്ക്കണം. ഞാൻ എങ്ങനെയാണ് അണ്ണന് എഴുതേണ്ടതു്?

അമ്മ:—നിനക്കു പറയാനുള്ളതെല്ലാം എഴുതി അയയ്ക്കണം. എഴുത്തു് എഴുതി തന്നാൽ ഞാൻ അഞ്ചലാഫീസിൽ ഇടുവിച്ചുകൊള്ളാം.

ശശി:—എഴുത്തു് എങ്ങനെയാണ് എഴുതേണ്ടതു്?

അമ്മ:—നിനക്കു പറയാനുള്ളതെല്ലാം എഴുതണം എന്നു പറഞ്ഞില്ലേ.

ശശി:—എനിക്കു് എന്താണു പറയാനുള്ളതു്? അണ്ണനെ കാണാൻ ആഗ്രഹമുണ്ടു്. ഞാൻ പള്ളിക്കൂടത്തിൽ പതിവായി പോകുന്നു. ഇതൊക്കെ എഴുതിയാൽ മതിയോ?

അമ്മ:—ശരി, ഇതൊക്കെത്തന്നെയാണ് എഴുതാനുള്ളതു്. വേറെ വിശേഷങ്ങളും ഉണ്ടെങ്കിൽ അതും എഴുതണം.

ശശി:—എന്നാൽ ഞാൻ എഴുതി കൊണ്ടുവരട്ടെ.

അമ്മ:—എളുപ്പമാകട്ടെ. ഇന്നു ഞാനും എഴുതുകയല്ലേ ന്നാട്ടു ഞാനും എഴുത്തു് എഴുതാം. നിന്റെ എഴുത്തും കൊണ്ടുവരുക.

(ശശി എഴുത്തു് എഴുതാൻ പോകുന്നു. കുറെ കഴിഞ്ഞു എഴുത്തുംകൊണ്ടു് അമ്മയുടെ അടുക്കൽ ചെല്ലുന്നു.)

ശശി:—ഞാൻ എഴുതിയ എഴുത്തു വായിക്കുക

ശശി:—(എഴുത്തു വായിക്കുന്നു.) അണ്ണനെ കാണാൻ എനിക്കു കൊതിയുണ്ട്. ഞാൻ ഇന്നും പള്ളിക്കൂടത്തിൽ പോകുന്നു. അണ്ണൻ ഓണത്തിനു വരണം. വരുമ്പോൾ എനിക്ക് ഒരു പന്തു കൊണ്ടുവരണം.

അമ്മ:—എഴുത്ത് ഇത്രയേ ഉള്ളോ?

ശശി:—ഇത്രയേ ഉള്ളു. ഇത്രയും പോരയോ?

അമ്മ:—എഴുത്ത് ആര് എഴുതിയതാണെന്നു നിന്റെ അണ്ണൻ എങ്ങനെ മനസ്സിലാക്കും?

ശശി:—അതിന് എന്തു വേണം?

അമ്മ:—എഴുത്തിന്റെ അടിക്കു നിന്റെ പേരെഴുതണം. അപ്പോൾ നീ എഴുതിയതാണെന്നു അണ്ണനു മനസ്സിലാകും.

ശശി:—അതു ശരിയാണ്. (എന്നു പറഞ്ഞ് ശശി എഴുത്തിന്റെ അടിക്കു 'ശശി' എന്നുകൂടി എഴുതുന്നു.) മതിയല്ലോ.

അമ്മ:—പോരാ. ഏതു സ്ഥലത്തു നിന്നാണ് ഈ എഴുത്ത് എഴുതുന്നതെന്നു ഇതിൽനിന്നു എങ്ങനെ അറിയും?

ശശി:—വീട്ടിൽനിന്നാണു എഴുതുന്നതെന്ന് അണ്ണനു അറിഞ്ഞുകൂടയോ?

അമ്മ:—വേറൊരിടത്തു ഇരുന്നുകൊണ്ടു എഴുതിയതാണെങ്കിലോ?

ശശി:— അപ്പോൾ, എഴുത്തിൽ എഴുതുന്ന സ്ഥലത്തിൻെറ പേരും വയ്ക്കണം അല്ലേ? അതും എഴുതാം.

അമ്മ:— എഴുത്തിൻെറ മുകളിൽ വലത്തുഭാഗത്താണ സ്ഥലത്തിൻെറ പേര് എഴുതേണ്ടതു്. അതിൻെറ താഴെ ആണ്ടു്, മാസം, തീയതികൂടി എഴുതണം. എത്രാംതിയതിയാണ് എഴുതയച്ചതു് എന്നും അവന് അറിയണമല്ലോ,

ശശി:— എഴുത്തു് എഴുതുന്നതിനെപ്പററി ഇത്രയും ഒക്കെ മനസ്സിലാക്കാനുണ്ടല്ലോ. അമ്മ എഴുതിയ എഴുത്തു വായിക്കണം.

അമ്മ:— (എഴുത്തു വായിക്കുന്നു.)

പുനലൂർ,
൧—൫—൧൧൨൫.

പ്രിയപ്പെട്ട ഗോപിക്ക്,

നീ അയച്ച എഴുത്തു കിട്ടി. നിനക്ക് അവിടെ താമസിക്കാൻ സൗകര്യം കിട്ടി എന്നറിഞ്ഞു് എനിക്കും നിൻെറ അച്ഛനും വളരെ സന്തോഷമുണ്ടു്. ഇവിടെ നിൻെറ അച്ഛൻ അങ്ങോട്ടു വരണമെന്ന് ആഗ്രഹിച്ചിരിക്കയാണ്. നിനക്ക് ആവശ്യമുള്ള പുസ്തകങ്ങളും മറ്റും അച്ഛൻ അവിടെ വരുമ്പോൾ വാങ്ങിച്ചുതരും.

നീ പോയതിൻെറ പിറ്റേദിവസം തന്നെ നമ്മുടെ പശുമ്പിള്ള പ്രസവിച്ചു. നല്ല ഒരു പശുക്കുട്ടിയാണ്.

പശുവിനെ ധാരാളം പാലുണ്ട്. ശശിക്ക് ആ കന്നുകുട്ടിയോട് വളരെ ഇഷ്ടമാണ്. അതിനു വേണ്ടതെല്ലാം കൊടുത്തിട്ടേ അവൻ ആഹാരം കഴിക്കാറുള്ളു.

ഈയിടെ ഇവിടെ വലിയ കാറ്റും മഴയും ഉണ്ടായി. നമ്മുടെ പുരയിടത്തിന്റെ അരികിൽനിന്നു കൊന്നത്തെങ്ങ് പിഴുതുവീണു. അതു തൂവയിൽ തട്ടിയതുകൊണ്ടു കളിയലിനും മറ്റും കേടുപററിയില്ല. ആററിൽ വെള്ളപ്പൊക്കവുമുണ്ട്.

ശശിക്ക് നിന്നെ കാണാൻ വളരെ കൊതിയുണ്ടെന്നു പറയുന്നു. അവന്റെ ഒരു എഴുത്തുകൂടെ ഇന്ന് അയയ്ക്കുന്നു. നീ എപ്പോഴും കരുതലോടെ ഇരിക്കണം. വലിയ പട്ടണമായതുകൊണ്ട്, അവിടെ സഞ്ചരിക്കുന്നതു വളരെ സൂക്ഷിച്ചുവേണം. ധാരാളം വണ്ടികളും ആൾത്തിരക്കും ഉള്ള റോഡിൽക്കൂടെ നടന്നു നിനക്കു ശീലമില്ലല്ലോ. അതിനാലാണ് ഈ കാര്യം പ്രത്യേകം എഴുതുന്നത്.

നിനക്ക് ആവശ്യമുള്ള കാര്യങ്ങൾ വിവരമായി എഴുതി അയയ്ക്കണം.

വാത്സല്യത്തോടെ,

അമ്മ.

ശശി:—പശു പെററതും തെങ്ങു മറിഞ്ഞുവീണതും ഒക്കെ എഴുതാം അല്ലേ അമ്മേ ?

അമ്മ:—അതൊക്കെ അറിയാൻ നിന്റെ അണ്ണനു ആഗ്രഹമില്ലേ ?

ശശി:—എന്നാൽ പിന്നെ എനിക്കു പുതിയ ഒരു കുട വാങ്ങിച്ചല്ലോ. അതിനെപ്പററി എന്തുകൊണ്ടു് എഴുതിയില്ല?

അമ്മ:—അതു നീ എഴുതിക്കൊള്ളട്ടേ എന്നു വിചാരിച്ചു് ഞാൻ വിട്ടതാണു.

ശശി:—ഞാൻ അതുംകൂടി എഴുതി കൊണ്ടുവരാം.

(ശശി പുതിയ കുട വാങ്ങിച്ച കാര്യംകൂടി എഴുതി. എഴുത്തു് അമ്മയുടെ കയ്യിൽ കൊണ്ടുചെന്നു കൊടുത്തു. അമ്മ ഒരു എഴുത്തുകൂടു കൊടുത്തിട്ടു ഇങ്ങനെ പറഞ്ഞു.

എഴുത്തു് ഈ കൂട്ടിലിട്ടു ഒട്ടിക്കണം. പിന്നെ കൂട്ടിന്റെ പുറത്തു് നിന്റെ അണ്ണന്റെ മേൽവിലാസം എഴുതണം.)

ശശി:—മേൽവിലാസമോ? അതെന്താണു്?

അമ്മ:—ഈ കൂടു നാം അഞ്ചൽപെട്ടിയിലാണല്ലോ ഇടുന്നതു. അഞ്ചലാഫീസിലെ ജോലിക്കാർ എഴുത്തു് എടുത്തു നോക്കും. ആർക്കാണു് എഴുത്തു കൊടുക്കേണ്ടതു എന്നു് അവർക്കു മനസ്സിലാകണമല്ലോ. അതിനാണു മേൽവിലാസം എഴുതുന്നതു്. എഴുത്തു് കിട്ടേണ്ട ആളിന്റെ പേരും അയാൾ താമസിക്കുന്ന സ്ഥലവും ആണു് മേൽവിലാസത്തിൽ എഴുതുന്നതു്. നീ ഇനി എഴുത്തു കൂട്ടിലിട്ടു ഒട്ടിച്ചു മേൽവിലാസമെഴുതുക.

[ശശി മേൽവിലാസം എഴുതി കൊണ്ടുവന്നു കാണിക്കുന്നു.]

അമ്മ:—(എഴുത്തു വാങ്ങി മേൽവിലാസം വായിച്ചിട്ട്) ഇതാണോ മേൽവിലാസം? തിരുവനന്തപുരത്തു താമസിക്കുന്ന അണ്ണന് എന്നല്ലേ നീ എഴുതിയിരിക്കുന്നത്.

ശശി:—അതിനെന്താ തെറ്റ്?

അമ്മ:—അണ്ണൻ എന്നു പറഞ്ഞാൽ അഞ്ചൽക്കാരന് എങ്ങനെ മനസ്സിലാകും. പിന്നെ തിരുവനന്തപുരത്ത് എന്നു പറഞ്ഞാലും മതിയോ? തിരുവനന്തപുരത്തു വഴിയിലാണോ അണ്ണൻ താമസിക്കുന്നതു്?

ശശി:—പിന്നെ എങ്ങനെയാണ് എഴുതേണ്ടതു്? അമ്മ എഴുതിയ മേൽവിലാസം കാണട്ടെ.

അമ്മ:—ഇതാ നോക്കുക. ഞാൻ വായിക്കാം.

ശ്രീ. ഗോപിനാഥൻ,
ഭാരതവിലാസം ബംഗ്ലാവു,
തമ്പാന്നൂർ,
തിരുവനന്തപുരം.

ഇങ്ങനെ വ്യക്തമായി മേൽവിലാസം എഴുതണം. എങ്കിലേ ആളിനെ കണ്ടുപിടിച്ച് എഴുത്തു കൊടുക്കാൻ അഞ്ചൽക്കാരനു സാധിക്കൂ.

ശശി:—ഞാനും ഇങ്ങനെതന്നെ മേൽവിലാസം എഴുതാറാം. ഇപ്പോഴേ എഴുതിയയയ്ക്കുന്നതു എങ്ങനെ എന്നു എനിക്കു മനസ്സിലായുള്ളു. ഇനി ഞാൻ മുറയ്ക്കു അണ്ണന്നു എഴുതിയയയ്ക്കും.

— —

പാഠം ൯

ഗണപതിപ്രാതൽ

ഇലയുടെയരികെപ്പലകയുമിട്ടു
വലിയൊരു ഗണനാഥനെയുമിരുത്തി
നല്ലൊരു ചോറും കദളീഗ്ഗുളവും
നറുനെയ്യിവകയൊക്കെ വിളമ്പി ൪

അമ്മയൊടു ഗണപതി തന്നുടെ മടിയിൽ
കുമ്പയൊതുക്കീട്ടുണ്ണ തുടങ്ങി
ഝടിതി വിളമ്പിന വിഭവമതെല്ലാം
ഝടഝടയെന്നമൃതേത്തു തുടങ്ങി. ൮

കോരികവച്ചവർ വട്ടിയെടുത്ത-
ച്ചോറുകൾ കൊണ്ടു വിളമ്പു തുടങ്ങി
ചട്ടമതൊന്നു പകന്നു കണ്ടവർ
വട്ടളമാശു ചിരിച്ചു വിളമ്പി. ൧൨

തുമ്പിക്കരവും പൊക്കിപ്പരിചോടു
വമ്പൻ വായു പിളർന്നു വശായി
വച്ചൊരു ചോറും കറികളുമെല്ലാം
കൊച്ചുഗണേശൻ കൊററു കഴിച്ചു. ൧൯

ഉപ്പും മുളകും ചപ്പും ചിപ്പും
ക്ഷിപ്രം ഗണപതിയപ്പടി തിന്നു.
ഒറ്റക്കൊമ്പൻ കൊററു മുഴക്കാ-
ഞ്ഞേററം കോപിച്ചെഴുന്നേററുടനെ ൨൦

മുമ്പിലിരുന്ന വിളക്കു വിഴുങ്ങി,
ചെമ്പുകളങ്ങുമുതൈത്തു തുടങ്ങി
ചട്ടുകവും പല കുട്ടകവും ചില
വട്ടികളെന്നിവയൊക്കെ വിഴുങ്ങി. ൨൧

സത്വരമങ്ങു നെടുമ്പുരയുണ്ടു
തുപ്തി വരാഞ്ഞു ഗണേശസ്വാമി
കണ്ടവശേഷവുമുണ്ടിട്ടും ബത
കൊണ്ടാ കൊണ്ടായെന്നു വിളിച്ചു ൨൨

ധനപതിതാനന്മൊരാധി മുഴുത്തു
മനമതിലോർത്തു ഗിരീശനെയുടനെ
ഹര! ഹര ! ശിവ! ശിവ !യെന്നു വിളിച്ചു
പരവശനായി നടന്നുതുടങ്ങി. ൨൩

ഒറ്റക്കൊമ്പൻ പിൻപേപയോടി
തെറ്റന്നോടിച്ചെന്നു ധനേശൻ

ശിവനുടെയടിമലർ വീണു വണങ്ങി-
ട്ടുവശത വന്നു തൊഴുതറിയിച്ചു. ൩൯

ഗണപതിയടിയനെയുണ്ണും മുമ്പേ
ഗിരിമകൾപതി നീ രക്ഷിക്കേണം
അരുതരുതെന്നു വിലക്കീട്ടങ്ങനെ-
യൊരുപിടി മലരു കൊടുത്തു മഹേശൻ. ൪൦

മതിമതിയെന്നരുൾ ചെയ്തതു കേട്ട-
ഗ്ഗണപതിഭഗവാൻ ഛർദ്ദി തുടങ്ങി.
ഉണ്ടതുപോലെ ക്രമത്താൽ തൂണും
തണ്ടെന്നീവക കണ്ടുതുടങ്ങി. ൪൧

എണ്ണവുമേററു നടന്നാനങ്ങൊരു-
വണ്ണം ഗണപതി തലയും താഴ്ത്തി. ൪൨

(കുഞ്ചൻനമ്പ്യാർ. ഐരാവതപൂജ ഓട്ടംതുള്ളൽ.)

പാഠം ൯

ദശരഥന്റെ ശാപവൃത്താന്തം

അനേകായിരം വർഷങ്ങൾക്കുമുമ്പ് വടക്കേ ഇന്ത്യയിൽ കോസലരാജ്യത്ത് ദശരഥൻ എന്ന ഒരു രാജാവു വാണിരുന്നു. ശ്രീരാമന്റെ പിതാവായ അദ്ദേഹത്തിന്റെ കീർത്തി ലോകമെങ്ങും പരന്നിട്ടുണ്ട്. അദ്ദേഹം ഭരിച്ചിരുന്ന കാലത്തു ജനങ്ങൾക്കു സമാധാനവും സംതൃപ്തിയും വർദ്ധിച്ചു.

അക്കാലത്ത് നായാട്ട് രാജാക്കന്മാരുടെ വലിയ ഒരു വിനോദമായിരുന്നു. ആ രീതിയനുസരിച്ച് ഒരിക്കൽ ദശരഥൻ വേട്ടയാടുന്നതിനായി കാട്ടിലേക്കു തിരിച്ചു. കൊടി, വാൾ, കുന്തം, കഠാരി, അമ്പ്, വില്ല് മുതലായവ എടുത്തുകൊണ്ട് അനേകം ഭടന്മാർ മഹാരാജാവിൻെറ കൂടെയുണ്ടായിരുന്നു. അവരുടെ കുഴൽവിളിയും കോലാഹലവും കേട്ടു ഭയപ്പെട്ടു മൃഗങ്ങൾ ഓടിയൊളിച്ചു. മൃഗങ്ങളെ ഓടിച്ചുകൊണ്ടു വേട്ടക്കാർ കാട്ടിൽ പലയിടത്തും പരന്നു. മഹാരാജാവും കൂട്ടുകാരെ പിരിഞ്ഞു വളരെ ദൂരത്തിൽ അകപ്പെട്ടു.

സൂര്യൻ അസ്തമിച്ചു. നേരം ഇരുട്ടി. മഹാരാജാവു നിന്നിരുന്ന സ്ഥലത്തിനു സമീപം ഒരു കാട്ടാറ് ഒഴുകുന്നുണ്ടായിരുന്നു. വല്ല വന്യമൃഗവും അവിടെ വെള്ളം കുടിക്കാൻ വരുമെന്നും, അപ്പോൾ അതിൻെറ നേക്കു അമ്പെയ്തു തനിക്കു നായാട്ടിലുള്ള സാമർത്ഥ്യം പരീക്ഷിച്ചറിയാമെന്നും കരുതിക്കൊണ്ടു മഹാരാജാവ് അവിടെ പതുങ്ങിയിരുന്നു.

കുറെ സമയം കഴിഞ്ഞപ്പോൾ ആന തുമ്പിക്കയ്യിൽ വെള്ളമെടുക്കുമ്പോളുണ്ടാകുന്ന ശബ്ദംപോലെ ഒരു ശബ്ദം കേൾക്കാറായി. പെട്ടെന്നു വില്ലിൽ അമ്പു തൊടുത്തു ശബ്ദം പുറപ്പെട്ട സ്ഥലം ലാക്കാക്കി മഹാരാജാവ് അമ്പ് അയച്ചു. ഉടൻ അയ്യോ! അയ്യോ! എന്നൊരു ദീനസ്വരം കേട്ടു.

മഹാരാജാവ് ആ ശബ്ദം കേട്ട് ആററിലേക്കു തിരിച്ചു. ഒരു മുനികുമാരൻെറ ദേഹത്തിലാണ് ആ

ദശരഥനും അന്ധതാപസ മുനികുമാരനും

അമ്പു തറച്ചതു്. അയാളുടെ അടുക്കൽ ഒരു കുടം ഉണ്ടായിരുന്നു. മഹാരാജാവു കുമാരന്റെ അടുത്തു ചെന്നു. അറിയാതെ ചെയ്തുപോയ കുററം ക്ഷമിക്കണം എന്നു് അദ്ദേഹം കുമാരനോടു് അപേക്ഷിച്ചു. ആറ്റിൽ ഒരു ആന വെള്ളം കുടിക്കുകയാണെന്നു് തെറ്റിദ്ധരിച്ചാണു് താൻ അമ്പെയ്തതെന്നു മഹാരാജാവു മുനികുമാരനെ അറിയിച്ചു.

മുനികുമാരൻ മഹാരാജാവിനെ നോക്കി ഇപ്രകാരം പറഞ്ഞു. "നിങ്ങൾ ഖേദിക്കേണ്ട. ഞാൻ ചെയ്ത കർമ്മത്തിന്റെ ഫലമാണു് ഞാൻ അനുഭവിക്കുന്നതു്. ബാല്യകാലത്തു് ഒരിക്കൽ ഞാൻ ഒരു മഹാപാപം ചെയ്തു. ഇണയായിരുന്ന രണ്ടു പക്ഷികളിൽ ആൺപക്ഷിയുടെ നേർക്കു കല്ലെറിഞ്ഞു് അതിനെ കൊന്നു. ഉടൻ അതിന്റെ ഇണ എന്നെ ശപിച്ചു. ആ ശാപം ഇതാ ഫലിച്ചിരിക്കുന്നു. എന്റെ മാതാപിതാക്കന്മാർ അതാ കാണുന്ന ആശ്രമത്തിൽ പാർക്കുന്നു. വാർദ്ധക്യം നിമിത്തം അവരുടെ കണ്ണുകൾക്കു കാഴ്ചയില്ലാതെയായി. ക്ഷീണം കൊണ്ടു നടക്കാനും വയ്യാ. അവർക്കു കുടിക്കാൻ വെള്ളം കൊണ്ടുപോകാനാണു് ഞാൻ വന്നതു്. അവർ എന്നെ നോക്കിയിരിക്കും. അതുകൊണ്ടു ദയവുചെയ്തു് ഈ വെള്ളം കൊണ്ടുപോയി അവർക്കു കൊടുത്തിട്ടു് എന്റെ മരണവൃത്താന്തം അറിയിക്കുക". ഇത്രയും പറഞ്ഞിട്ടു് ആ കുമാരൻ മഹാരാജാവിനെ ദയനീയമായി ഒന്നു നോക്കി. അയാൾ അങ്ങനെ മൃതിയടയുകയും ചെയ്തു.

ദശരഥനു സഹിക്കാൻവയ്യാത്ത ദുഃഖം ഉണ്ടായി. അദ്ദേഹം വെള്ളം എടുത്തുകൊണ്ടു് ആശ്രമത്തിലേക്കു തിരിച്ചു. കൂരിരുട്ടായതുകൊണ്ടും വഴി വളരെ ദുർഘടമായിരുന്നതുകൊണ്ടും മഹാരാജാവു നന്നേ കഷ്ടപ്പെട്ടു.

വെള്ളത്തിനു പോയ പുത്രനെ കാണാഞ്ഞിട്ടു മുനിയും പത്നിയും വളരെ വിഷമിക്കുകയായിരുന്നു. "മകൻ പോയിട്ടു് ഏറെ നേരമായല്ലോ! എന്താണു് ഇനിയും വരാത്തതു്. അവനു വല്ല ആപത്തും നേരിട്ടിരിക്കുമോ?" എന്നു മുനി പറഞ്ഞു.

മറുപടിയായി മുനിപത്നി ഇപ്രകാരം പറഞ്ഞു: അവൻ താമസിയാതെ വരും.

ഉടൻ അവിടെ കാൽപെരുമാററം കൊണ്ടുള്ള ശബ്ദം കേട്ടു. അതു അവരുടെ പുത്രന്റേതാണെന്നു വിശ്വസിച്ചു് മുനി ഇപ്രകാരം പറഞ്ഞു: "മകനെ! എന്താണു് ഇത്ര താമസിച്ചതു്. നിനക്കു വല്ല ആപത്തും നേരിട്ടോ എന്നു ഞങ്ങൾ സംശയിച്ചു. എനിക്കു വല്ലാതെ ദാഹിക്കുന്നു. വേഗം ഒരു പാത്രം വെള്ളം കൊണ്ടുവരിക."

ഈ വാക്കുകൾ കേട്ടപ്പോൾ മഹാരാജാവിനു എന്തെന്നില്ലാത്ത സങ്കടം ഉണ്ടായി. മുനികുമാരനെ താൻ അറിയാതെ കൊന്നുകളഞ്ഞു എന്നും അതിനു ക്ഷമിക്കണം എന്നും പറയുവാനുള്ള ധൈര്യം മഹാരാജാവിനു് ഉണ്ടായില്ല. അദ്ദേഹം സ്തബ്ധനായി നിന്നതേ ഉള്ളു.

"മകനേ! എന്താണ് അനങ്ങാതെ നിൽക്കുന്നതു്. വേഗം വെള്ളം കൊണ്ടുവാ." എന്നു മുനി വീണ്ടും പറഞ്ഞു. അതു കേട്ടപ്പോൾ മഹാരാജാവു വിറച്ചുകൊണ്ടു കുടം കയ്യിലെടുത്തു മുനിയുടെ മുമ്പിൽ വച്ചിട്ടു നടന്ന സംഭവം മുഴുവൻ മുനിയെ അറിയിച്ചു. മുനിയും പത്നിയും പൊട്ടിക്കരഞ്ഞു. അവർ രണ്ടുപേരെയും മകൻ മരിച്ചുകിടന്ന സ്ഥലത്തേക്ക് ഉടൻ കൊണ്ടുപോകണമെന്നു മുനി രാജാവിനോടു ആവശ്യപ്പെട്ടു. മഹാരാജാവു് അവരെ അവിടെ കൂട്ടിക്കൊണ്ടുപോയി.

പുത്രന്റെ മൃതശരീരത്തെ തലോടി രണ്ടുപേരും വാവിട്ടു കരഞ്ഞു. ഒടുവിൽ മഹാരാജാവിനെ നോക്കി മുനി ഇപ്രകാരം പറഞ്ഞു: "മഹാരാജാവേ! അവിടുന്നു് ഒരു ഉപകാരം ചെയ്തുതരണം. വേഗം ഒരു ചിത തയ്യാറാക്കിയാലും. ഞങ്ങൾ ഇരുവരും അതിൽ പ്രവേശിച്ചു ജീവന്മുക്തരാകട്ടെ. അന്ത്യകാലത്തു പുത്രശോകമെന്തെന്നു് അവിടത്തേക്കും അറിയാൻ ഇടവരും." എന്നിത്രയും പറഞ്ഞിട്ടു മുനി അവിടെ കിടന്നു.

മഹാരാജാവു് സരയൂനദീതീരത്തു് ഒരു ചിത ഉണ്ടാക്കി. അതിൽ മുനികുമാരന്റെ ശവശരീരത്തെ സംസ്കരിച്ചു. മുനിയും മുനിപത്നിയും അതിൽ പ്രവേശിച്ചു. ദശരഥൻ അവരെ ഉദ്ദേശിച്ചു വിധിപ്രകാരമുള്ള ക്രിയകൾ നടത്തി. അതിനുശേഷം ദുഃഖത്തോടെ തിരിച്ചുപോയി.

മുനിയുടെ ശാപം കാലാന്തരത്തിൽ ദശരഥനു ഫലിച്ചു. ദശരഥന്റെ അന്ത്യകാലം പുത്രവിയോഗത്താൽ ദുഃഖപൂർണ്ണമായി ഭവിച്ചു. അദ്ദേഹത്തിന്റെ മൂത്ത പുത്രനായ രാമനെ കാട്ടിൽ അയയ്ക്കേണമെന്നു വന്നുചേർന്നു. ആ ദുഃഖംകൊണ്ടു് അദ്ദേഹത്തിനു ജീവനാശം നേരിട്ടു. അറിയാതെ ചെയ്യുന്ന പാപംപോലും ഫലിക്കുന്നതു നോക്കുക.

പാഠം ൯.

ചേരൻ ചെങ്കുട്ടുവൻ

[ഭാഗം ഒന്നു്]

ഇൻഡ്യയുടെ തെക്കേ അററം തമിഴ്നാടാണല്ലോ. പണ്ടു് ഈ സ്ഥലം ചേര, ചോള, പാണ്ഡ്യ എന്നു മൂന്നു രാജവംശക്കാർ ഭരിച്ചുപോന്നു. അവരിൽ ചേരവംശം മാത്രം ഇന്നും നിലനില്ക്കുന്നു. നമ്മുടെ തിരുവിതാംകൂർ രാജകുടുംബം ചേരവംശത്തിൽ പെട്ടതാണു്.

ഈ രാജവംശത്തിന്റെ പുരാതനചരിത്രത്തെ സംബന്ധിച്ചുള്ള ചില കാര്യങ്ങളാണു് ഈ പാഠത്തിൽ പറയുന്നതു്.

അന്നു നെടുംചേരൽ ആതൻ എന്ന ഒരു രാജാവു ചേരരാജ്യം ഭരിച്ചിരുന്നു. അദ്ദേഹത്തിനു രണ്ടു പുത്രന്മാർ ഉണ്ടായി. അവരിൽ ജ്യേഷ്ഠനായിരുന്നു ചെങ്കുട്ടുവൻ. അനുജൻ ഇളങ്കോവടികളും. ആ സഹോദ

ന്മാർ തമ്മിൽ അതിരററ സ്നേഹം ഉണ്ടായിരുന്നു. ജ്യേഷ്ഠൻ ആയുധവിദ്യകളിലും അനുജൻ ലളിതകലകളിലും സാമൎത്ഥ്യം സമ്പാദിച്ചു.

അങ്ങനെ അവർ വളൎന്നുവരവേ ഒരിക്കൽ ഒരു ജ്യോത്സ്യൻ കൊട്ടാരത്തിൽ ചെന്നു. രാജകുമാരന്മാരെ കണ്ടു് ജ്യോത്സ്യൻ അവരുടെ ഭാവിയെപ്പററി ഇങ്ങനെ പറഞ്ഞു: "ഇളയ കുമാരനിലാണു് രാജലക്ഷണങ്ങൾ പൂൎണ്ണമായി കാണുന്നതു്. ഈ കുമാരനായിരിക്കും ഭാവിയിൽ നാടുവാഴുന്നതു്."

അതുകേട്ടു ചേരൽ ആതൻ അമ്പരന്നു. ചെങ്കുട്ടുവനും വല്ലായ്മ തോന്നി. ഇളങ്കോവടികൾക്കുമാത്രം ഭാവഭേദം ഉണ്ടായില്ല. അദ്ദേഹം അച്ഛനെ നോക്കി ഇങ്ങനെ അറിയിച്ചു. എന്റെ ഭാവി നിശ്ചയിക്കാനു എനിക്കും അവകാശമുണ്ടല്ലോ. അച്ഛന്റെ പിൻവാഴ്ച ജ്യേഷ്ഠനുതന്നെയായിരിക്കും. ഞാൻ സന്ന്യസിക്കാൻ നിശ്ചയിക്കുന്നു. ഇനി എന്റെ വാസം അടുത്തുള്ള തൃക്കണാമതിലകത്തു ജൈനസന്ന്യാസിമാരോടൊത്തു ആയിരിക്കും.

ചേരൽ ആതനും ചെങ്കുട്ടുവനും ആ ശപഥം സമ്മതമായില്ല. എങ്കിലും ഇളങ്കോവടി സത്യം പാലിക്കാൻതന്നെ ഉറച്ചു. അദ്ദേഹം സന്ന്യാസം സ്വീകരിച്ചു.

ചെങ്കുട്ടുവനു് ഇരുപതു വയസ്സായപ്പോൾ ആതൻ മരിച്ചു. ചെങ്കുട്ടുവൻ രാജാവായി. പട്ടമഹിഷിയായ വേൺമാളോടു ഒത്തു് അദ്ദേഹം രാജ്യം വാണു. അവൎക്കു കുട്ടുവൻ കോത എന്ന ഒരു പുത്രൻ ഉണ്ടായി.

ചെങ്കുട്ടവന്റെ ഭരണം ചേരരാജ്യത്തിന്റെ മഹിമ വർദ്ധിപ്പിച്ചു. അദ്ദേഹം ചോളന്മാരേയും പാണ്ഡ്യന്മാരേയും പടയിൽ തോല്പിച്ചു. കൊങ്കർ, കരുനാടർ ഇടങ്ങിയവരേയും കീഴടക്കി. കടൽക്കള്ളന്മാരെ അമർച്ച ചെയ്തു. കടൽപിറകോട്ടിയ കുട്ടവൻ എന്ന ബിരുദം നേടി. ഒടുവിൽ അദ്ദേഹം വടക്കേഇൻഡ്യതന്നെ മുഴുവൻ കീഴടക്കി. അതിനു ഇടയാക്കിയ കഥകൾ രസകരമാണു. കൊടുങ്ങല്ലൂർ ക്ഷേത്രം പ്രതിഷ്ഠിക്കുന്നതിനു കാരണമാക്കിയ സംഭവവും അതിനോടു ചേർന്നതാണ്. ആ കഥ മനസ്സിലാക്കാം.

[ഭാഗം രണ്ട്]

ചോളരാജ്യത്തു കടൽത്തീരത്തു കാവേരിപ്പൂമ്പട്ടണം എന്ന് ഒരു വലിയ തുറമുഖം അക്കാലത്തുണ്ടായിരുന്നു. കാവേരിനദി കടലിൽ വീഴുന്നിടത്തു സ്ഥിതിചെയ്തിരുന്നതു കൊണ്ടാണ് ആ പട്ടണത്തിന് ആ പേരുണ്ടായതു്. അവിടത്തെ ഒരു വർത്തകന്റെ മകനായിരുന്നു കോവലൻ. കണ്ണകിയെന്ന സുശീലയായ ഒരു യുവതിയെ അയാൾ വിവാഹം കഴിച്ചു. അവരുടെ ജീവിതം സുഖപൂർണ്ണമായിരുന്നു. എന്നാൽ ആ ഭാഗ്യം നീണ്ടുനിന്നില്ല. അധികം നാൾ ചെല്ലുന്നതിനുമുമ്പു കോവലന്റെ സ്നേഹം മാധവി എന്ന വേറൊരു സ്ത്രീയിലേക്കു പകന്നു. അയാൾ കണ്ണകിയെ വിട്ടു മാധവിയോടുകൂടി താമസമായി ആവശ്യമുള്ളപ്പോൾ പണം വാങ്ങാൻ മാത്രമേ അയാൾ കണ്ണകിയെ ചെന്നു കണ്ടുള്ളു.

അങ്ങനെ കുറെ നാഠം കഴിഞ്ഞു. കോവലനു മാധവിയുടെ സ്നേഹത്തിൽ സംശയം തോന്നിത്തുടങ്ങി. അവളോടു വെറുപ്പുണ്ടായി. അയാഠം വീണ്ടും കണ്ണകിയുടെ അടുക്കൽ എത്തി. കണ്ണകി അയാളെ സ്നേഹത്തോടെ സ്വീകരിച്ചു. കണ്ണകിയുടെ സകല സ്വത്തുക്കളും കോവലനു കൊടുത്തു നശിച്ചിരുന്നു. ഒരു ചിലമ്പു മാത്രമേ ശേഷിച്ചിരുന്നുള്ളു. അതു വിററു കാലക്ഷേപത്തിനു വഴിയുണ്ടാക്കാമെന്ന് അവർ നിശ്ചയിച്ചു. ചോളരാജ്യം വിട്ടു പാണ്ഡ്യരാജ്യത്തിലേക്കു പോകാമെന്നും അവർ തീർച്ചപ്പെടുത്തി.

കോവലൻ ചിലമ്പു വില്ക്കാനായി കമ്പോളത്തിൽ കൊണ്ടുചെന്നു. പാണ്ഡ്യരാജാവിൻെറ കൊട്ടാരത്തിൽ ആ ചിലമ്പു വാങ്ങിക്കൊള്ളുമെന്നും അതിനു രാജസേവകനായ ഒരു പൊൻപണിക്കാരൻെറ സഹായം ആവശ്യമാണെന്നും അയാഠം മനസ്സിലാക്കി. എന്നിട്ടു തട്ടാനെ തിരക്കി കണ്ടുപിടിച്ചു. കോവലൻ ചിലമ്പു കൊണ്ടുചെന്നതു് പൊൻപണിക്കാരനു വലിയ ഒരു തക്കമായി തീർന്നു. അയാഠം കൊട്ടാരത്തിലെ വിലപിടിച്ച ഒരു ചിലമ്പു മോഷ്ടിച്ചു വിററിരുന്നു. കോവലൻെറ ചിലമ്പു കണ്ടപ്പോഠം അതു കൊണ്ടുപോയി കള്ളം തെളിഞ്ഞതായി പാണ്ഡ്യരാജാവിനെ ഉണത്തിക്കാൻ അയാഠം നിശ്ചയിച്ചു. അയാഠം പൊടിപ്പും തൊങ്ങലുംവച്ചു കള്ളം തെളിഞ്ഞ കഥ രാജാവിനെ ഉണത്തിച്ചു. രാജാവു് അതു അപ്പാടെ വിശ്വസിച്ചു. കോവലനെ കൊല്ലാൻ കല്പനയും പുറപ്പെടുവിച്ചു.

കണ്ണകി വിവരം അറിഞ്ഞു വധസ്ഥലത്തു ഓടിഎത്തി. കോവലൻ അപ്പോഠം മരിച്ചു കഴിഞ്ഞിരുന്നില്ല. കണ്ണകിയുടെ കണ്ണുനീരു് അവസാനമായി തുടയ്ക്കാൻ കോവലനു സാധിച്ചു. അടുത്ത ക്ഷണത്തിൽ അയാളുടെ ജീവൻ പോയി. കണ്ണകി നീറുന്ന ഉള്ളോടെ പാണ്ഡ്യരാജാവിന്റെ മുമ്പിൽ ഓടിയെത്തി. ഒരു തെററും ചെയ്യാതെയാണു് തന്റെ ഭർത്താവിനു് ഈ മഹാശിക്ഷ വന്നു ചേർന്നതു് എന്നു കണ്ണകി ആവലാതിപ്പെട്ടു. രാജാവിനു തെററു മനസ്സിലായി പശ്ചാത്താപം ഉണ്ടായി. അദ്ദേഹം പെട്ടെന്നു ബോധംകെട്ടു വീണു മരിച്ചു. അദ്ദേഹത്തെ ദഹിപ്പിച്ച ചിതയിൽ ചാടി അദ്ദേഹത്തിന്റെ രാജ്ഞിയും ദേഹം ത്യജിച്ചു.

മനസ്സമാധാനം തീരെ നഷ്ടപ്പെട്ടു കണ്ണകി ചേരരാജ്യത്തിലേക്കു തിരിച്ചു. മലകയറി നടന്നു പത്താം ദിവസം ചെങ്ങന്നൂരിനടുത്തു് ഒരു സ്ഥലത്തു ഒരു വേങ്ങമരത്തിന്റെ ചുവട്ടിൽവച്ചു് ആ സാധ്വി പരഗതി പ്രാപിച്ചു.

ആ മലയിൽ അതു കണ്ടുകൊണ്ടുനിന്ന വേടന്മാർ വിവരം ചെങ്കുട്ടവമഹാരാജാവിനെ അറിയിച്ചു. അതിനും പുറമെ, ചെങ്കുട്ടവനെ കാണ്മാൻ വന്നിരുന്ന ചാത്തനാർ എന്ന തമിഴ്കവി കോവലന്റെയും കണ്ണകിയുടെയും ചരിത്രം കുട്ടവനെ ധരിപ്പിച്ചു. ആ കഥ കേട്ടു രാജാവിനു കണ്ണകിയെപ്പററി വളരെ ബഹുമാനം തോന്നി. ആ പതിവ്രതയെ ഒരു ദേവിയായി പ്രതിഷ്ഠിക്കണം എന്നു് അദ്ദേഹം ഉറച്ചു. അതിനു തക്കവണ്ണം ഒരു

ക്ഷേത്രം പണിയിക്കണം എന്നും അദ്ദേഹം തീരുമാനിച്ചു. വിഗ്രഹം പണിയുന്നതിനു വേണ്ടുന്ന നല്ല കല്ലും ഹിമവൽ പർവ്വതത്തിന്റെ സമീപപ്രദേശത്തുനിന്നു കൊണ്ടുവരുവിച്ചു. അതിനു ചെങ്കുട്ടവൻതന്നെ സൈന്യസമേതം വടക്കേ ഇൻഡ്യയിലേക്കു യാത്രചെയ്തു. ഇടയ്ക്കു പല ശത്രുക്കളോടും നേരിടേണ്ടിവന്നു. ഉത്തരഭാരതത്തിലെ പല ആര്യരാജാക്കന്മാരേയും അദ്ദേഹം തോല്പിച്ചു. അവരെക്കൊണ്ടുതന്നെ പ്രതിമയ്ക്കു വേണ്ട ശില ഹിമാലയത്തിൽനിന്നു വെട്ടി എടുപ്പിച്ചുകൊണ്ടു പോരാനും ചെങ്കുട്ടവൻ സാധിച്ചു. നിശ്ചയിച്ചതുപോലെതന്നെ ഒടുവിൽ രാജാവു തിരുവഞ്ചിക്കുളത്തിനു സമീപം ക്ഷേത്രം പണിയിച്ച് കണ്ണകിയുടെ വിഗ്രഹം പ്രതിഷ്ഠിച്ചു. അതാണു കൊടുങ്ങല്ലൂർ ക്ഷേത്രം. ദേവീപ്രതിഷ്ഠയ്ക്കു സിംഹളദ്വീപിലെ ഗജബാഹു മുതലായ പ്രസിദ്ധന്മാരായ പല രാജാക്കന്മാരും സന്നിഹിതരായിരുന്നു.

അൻപത്തഞ്ചുകൊല്ലത്തോളം വിശിഷ്ടമായ രീതിയിൽ രാജ്യം ഭരിച്ചതിനുശേഷം ചെങ്കുട്ടവൻ കാലധർമ്മം പ്രാപിച്ചു. ഏകദേശം ആയിരത്തിഎഴുനൂററിഅൻപതു വർഷങ്ങൾക്കുമുമ്പാണ് ഈ കഥ നടന്നത്. ചെങ്കുട്ടവനെ ചേരവംശത്തിലെ അതിപ്രസിദ്ധനായ ഒരു മഹാരാജാവായി ലോകം ഇന്നും കൊണ്ടാടുന്നു.

പാഠം ൨

വിദ്യയുടെ മാഹാത്മ്യം

വിത്തമെന്തിന്നു മർത്ത്യർക്കു
വിദ്യ കൈയ്‌വശമാവുകിൽ
വെണ്ണയുണ്ടെങ്കിൽ നറുനെയ്
വേറിട്ടു കരുതേണമോ? ൧

വിദ്യവിട്ടു നരന്നാമോ
വിശ്വംഭരയിൽ വാഴുവാൻ
ആയുധം കയ്യിലില്ലാത്തോ-
നടരാടുന്നതെങ്ങനെ? ൨

അജ്ഞനായ് ജീവിതം പോക്കാ-
നാർക്കു ധാർഷ്ട്യമുദിച്ചിടും?
വാലും കൊമ്പുമെഴാതുള്ള
മഹിഷം തന്നെയപ്പുമാൻ. ൩

പുറംകണ്ണു തുറപ്പിപ്പൂ
പുലർവേളയിലംശുമാൻ
അകക്കണ്ണു തുറപ്പിക്കാ-
നാശാൻ ബാല്യത്തിലെത്തണം. ൪

അന്നമേകുന്നവൻ മോദ-
മപ്പോൾമാത്രമണച്ചിടും
ആജീവനാന്തമാനന്ദ-
മരുളും വിദ്യ നല്കുവോൻ. ൫

വിദ്യയുടെ മാഹാത്മ്യം.

TRAINING SCHOOL ... LOWER GRADE

കൊണ്ടുപോകില്ല ചോരന്മാർ
കൊടുക്കുംതോറുമേറിടും
മേന്മനൽകും മരിച്ചാലും
വിദ്യതന്നെ മഹാധനം. ൬

അമ്മയെപ്പോലെ വളർത്തിടു-
മച്ഛനെപ്പോലെ ഹിതം തരും
വേളിയെപ്പോലെ സുഖിപ്പിക്കും
വിദ്യ സർവാർത്ഥസാധകം. ൭

തൻവീട്ടിലജ്ഞനും പൂജ്യൻ
തൻനാട്ടിലരചാളുവോൻ
വിദ്യാസമ്പന്നനാരാധ്യൻ
വിശ്വത്തിങ്കലശേഷവും. ൮

ബാലൻതൻ വിദ്യയാലൊററ-
ബ്ഭവനത്തിന്നിരുട്ടുപോം
ബാലതൻ വിദ്യയാൽ വായ്ക്കും
പ്രകാശം പല വീട്ടിലും. ൯

വിദ്യതന്നെ പരം നേത്രം
ബുദ്ധി തന്നെ പരം ധനം
ദയ തന്നെ പരം പുണ്യം
ശമം തന്നെ പരം സുഖം. ൧൦

[ദീപാവലി. മഹാകവി ഉള്ളൂർ.]

പാഠം ൯

ജീവലോകം

ലോകത്തെ അചേതനം എന്നും സചേതനം എന്നും രണ്ടായി പിരിക്കാം. ചൈതന്യം ഇല്ലാത്തവയും ചൈതന്യം ഉള്ളവയും എന്നാണ് ഇതിന്റെ അർത്ഥം. കല്ലിനും മണ്ണിനും കാററിനും വെള്ളത്തിനും മററും ജീവൻ ഇല്ല. അവയെ അചേതനങ്ങൾ എന്നു വ്യവഹരിക്കുന്നു. മനുഷ്യനും ജന്തുക്കൾക്കും ജീവനുണ്ട്. ജനിച്ചു വളർന്നു നശിക്കുന്നവയാണു സചേതനവർഗ്ഗത്തിൽ പെട്ടവ. അചേതനങ്ങളും ഒരു കാലത്ത് ഉണ്ടായവതന്നെ. പക്ഷേ അവയ്ക്കു വളർച്ചയില്ല. അവ നശിക്കുന്നുമില്ല.

നാം ജീവിക്കുന്നു എന്നു നമുക്കറിയാം. എന്നാൽ ജീവൻ എന്താണ് എന്നു വ്യക്തമായി അറിയാൻ ആർക്കും സാധിച്ചിട്ടില്ല. എന്നു തന്നെയല്ല, ജീവനുള്ള പലതിനെയും പണ്ടൊരു കാലത്ത് അചേതനങ്ങൾ എന്നും കരുതിപ്പോന്നു. സസ്യവർഗ്ഗമാണ് ഇതിന് ഉദാഹരണം. ചെടികൾക്കും മരങ്ങൾക്കും ജീവൻ ഉണ്ടെന്നു ഭാരതീയർ പണ്ടേ മനസ്സിലാക്കിയിരുന്നു. എന്നാൽ അവയ്ക്കു ജീവനുണ്ടെന്നു തെളിയിച്ചതു് ഈയിടെ മാത്രമാണ്.

ജനിക്കയും വളരുകയും നശിക്കയും ആണല്ലോ സചേതനങ്ങളുടെ ലക്ഷണം. ഈ ലക്ഷണം ജന്തുക്കൾക്കെന്നപോലെ സസ്യങ്ങൾക്കും യോജിക്കുന്നു. വിത്തു മുളച്ചു ചെടിഉണ്ടാകുന്നു. ചെടി വളന്ന് അതിൽനിന്നു പി

ന്നെയും വിത്തുകളും ഉണ്ടാകുന്നു. പിന്നെ ചെടി നശിക്കുന്നു. ചെടികൾക്കു ജീവനുണ്ടെന്ന് ഈ ലക്ഷണങ്ങൾ തെളിയിക്കുമല്ലോ. ജീവിക്കുന്നതിനും വളരുന്നതിനും ജന്തുക്കൾക്ക് ആഹാരം കൂടിയേ തീരൂ. ഈ കാൎയ്യത്തിലും ചെടികൾക്കു വ്യത്യാസമില്ല. ചെടികൾ ആഹാരം കഴിക്കുന്നതു ജന്തുക്കളെപ്പോലെയല്ല. അതുകൊണ്ടു് അവയ്ക്കു് ആഹാരം വേണ്ടാ എന്നു നമുക്കു തോന്നും. വെള്ളം വളം ഇവ ഇല്ലെങ്കിൽ ചെടികൾക്കു ജീവിക്കാൻ കഴികയില്ല. ഉണങ്ങിവരളുന്ന തറയിൽ ചെടി പട്ടുപോകുന്നതു കാണാറുണ്ടല്ലോ. വളം ഇട്ടാൽ ചെടി തഴയ്ക്കും. വളം കുറഞ്ഞാൽ ചെടി അരണ്ടു വളരുന്നതും കാണാം. തറയിൽനിന്നു വേരിൽകൂടിയാണു ചെടി വളവും വെള്ളവും എടുക്കുന്നതു. ഇലയിൽകൂടി ശ്വാസോച്ഛ്വാസം ചെയ്യുന്നും ഉണ്ടു്.

സചേതനങ്ങൾക്ക് ഇനിയും പ്രധാനമായി വേറെ ഒരു ലക്ഷണവും ഉണ്ടു്. ജീവികൾ പെരുപെരുകുന്നു. കല്ലിനും മണ്ണിനും സന്തതി ഉണ്ടാകുന്നില്ല. ജീവികൾ ജനിക്കുന്നതു അതു വൎഗ്ഗത്തിൽപെട്ട മററു ജീവികളിൽനിന്നുമാണ്. അങ്ങനെ ജന്തുക്കളുടെ വൎഗ്ഗം സന്താനങ്ങളെക്കൊണ്ടാണു നിലനില്ക്കുന്നതു. ഈ നിയമം സസ്യങ്ങളുടെ കാൎയ്യത്തിലും ശരിതന്നെ. തെങ്ങിൽ തേങ്ങാ ഉണ്ടായി അതിൽ നിന്നാണു പിന്നെ തെങ്ങുണ്ടാകുന്നതു്. നെൽച്ചെടിയിൽ നെല്ലുവിളഞ്ഞു് അതിൽനിന്നും പിന്നെ നെല്ലു് ഉണ്ടാകുന്നു.

സസ്യങ്ങൾ സചേതനങ്ങളാണെന്ന് ഇങ്ങനെ തെളിയുന്നു. എന്നാൽ അവയ്ക്കു ജന്തുക്കളിൽനിന്നു പ്രധാ

നപ്പെട്ട വ്യത്യാസങ്ങളുണ്ട്. ജന്തുക്കൾക്കു സഞ്ചരിക്കാൻ ശക്തിയുണ്ട്. സസ്യങ്ങൾ ഒരിടത്തു ഉറച്ചു നില്ക്കുന്നതേയുള്ളു. (ഇല, തടി, വേരു്, ഇവയാണ് സസ്യങ്ങളുടെ പ്രധാന ഭാഗങ്ങൾ. തല, ഉടൽ, മററംഗങ്ങൾ എന്നാണു ജീവികളുടെ ശരീരഘടന.) അണുക്കൾ തൊട്ടു തിമിംഗലംവരെ അനേകായിരം തരത്തിൽ ജീവികൾ ഉണ്ടു്. അണുജീവികളെ വളരെ ശക്തിയുള്ള സൂക്ഷ്മദർശിനികൊണ്ടേ കാണാൻ കഴിയൂ. അത്തരം ജീവികളാണു പല രോഗങ്ങൾക്കും കാരണം എന്നു ഇയ്യിടെ കണ്ടുപിടിച്ചിട്ടുണ്ട്. കാണാൻ പാടില്ലാത്തവണ്ണം ചെറുതായ ഒരു അണുപ്രാണി നൂറു കാട്ടാനകളെക്കാൾ കൂടുതൽ ഭയങ്കരമായ ശല്യം ചെയ്യുന്നു. ഇങ്ങനെ പറയുമ്പോൾ അത്ഭുതം തോന്നുകയില്ലേ? എങ്കിലും ഇതു പരമാർത്ഥം മാത്രമാണ്.

കൃമികൾ, കീടങ്ങൾ, ഈച്ചകൾ, ഇഴയുന്ന ജന്തുക്കൾ, പക്ഷികൾ, മൃഗജാതികൾ എന്നിങ്ങനെയുള്ള ജന്തുവർഗ്ഗങ്ങൾ ജീവലോകത്തിന്റെ വൈചിത്ര്യത്തെ വെളിവാക്കുന്നു. കരയിലുള്ളതുപോലെ വെള്ളത്തിലും അനേകം ജീവികൾ ഉണ്ടല്ലോ? കാട്ടിൽ സഞ്ചരിക്കുന്ന ആനയെക്കാൾ എത്രയോ മടങ്ങു വലുതാണു സമുദ്രത്തിൽ ജീവിക്കുന്ന തിമിംഗലം.

പക്ഷികളും മൃഗങ്ങളും ജീവലോകത്തിൽ പ്രധാനപ്പെട്ട രണ്ടു വർഗ്ഗങ്ങളാണ്. പക്ഷികൾ എന്നാൽ പക്ഷം ഉള്ളവ, ചിറകുള്ളവ എന്നാണ് അർത്ഥം.

ഈച്ച, കൊതുക്, ശലഭം ഇവയ്ക്കും പക്ഷങ്ങൾ ഉണ്ട്. എന്നാൽ അവയെ പക്ഷികൾ എന്നു പറയാറില്ല. കുരിയാലുതൊട്ട് ഒട്ടകപ്പക്ഷിവരെ അനേകം തരത്തിൽ പക്ഷികൾ ഉണ്ട്. ഒട്ടകപ്പക്ഷിക്കും മററും ചിറകുകൾ ഉണ്ടെങ്കിലും പറക്കാൻ എളുപ്പമില്ല. അധികം പക്ഷികളും പറന്നു സഞ്ചരിക്കുന്നവയാണ്.

പറക്കാനുള്ള കഴിവു മൃഗങ്ങളിൽ നിന്ന് പക്ഷികളെ വേർതിരിക്കുന്നു. ശരീരം നോക്കിയാലും മൃഗങ്ങൾക്കും പക്ഷികൾക്കും തമ്മിൽ വ്യത്യാസം കാണാം. തൂവലു കൊണ്ടു പൊതിഞ്ഞതാണു പക്ഷിയുടെ ശരീരം. മൃഗത്തിൻെറ ശരീരത്തിൽ തൂവലില്ല. രോമങ്ങളേ ഉള്ളു. ചുണ്ട്, തല, ചിറക്, കാല്, തൂവലുകൊണ്ടുള്ള വാല് ഇങ്ങനെയാണു പക്ഷിയുടെ ശരീരഘടന. മൃഗത്തിനു പക്ഷിയെപ്പോലെ ചുണ്ടില്ല. അതിനു പകരം പല്ലുകൾ ഉണ്ട്. മൃഗത്തിനു നാലു കാലുകൾ ഉണ്ട്. കൈകൾ ആണു യഥാർത്ഥത്തിൽ അവയുടെ മുൻകാലുകൾ. കൈയ്കളുടെ സ്ഥാനത്താണു പക്ഷിക്കു ചിറകുള്ളത്. മൃഗത്തിൻെറ വാലിനും പക്ഷിയുടെ വാലിനും തമ്മിൽ വലുതായ വ്യത്യാസമുണ്ടല്ലോ.

സന്താനങ്ങളുടെ ജനനം സംബന്ധിച്ചും പക്ഷികൾക്കും മൃഗങ്ങൾക്കും തമ്മിൽവ്യത്യാസം ഉണ്ടു. പാമ്പ്, ഓന്തു മുതലായ ഇഴയുന്ന ജന്തുക്കളെപ്പോലെ പക്ഷികളും മുട്ടയിട്ടാണു കുഞ്ഞുങ്ങൾ ഉണ്ടാകുന്നതു്. മൃഗങ്ങൾ കുഞ്ഞുങ്ങളെ പ്രസവിക്കുന്നു.

പക്ഷികളിൽ അനേകം ഉപവിഭാഗങ്ങൾ ഉണ്ടു്. കോഴിയും താറാവും നമുക്കു വളരെ ഉപകാരമുള്ള പക്ഷികളാണല്ലോ. മനുഷ്യനോടു് ഇണങ്ങാത്ത പക്ഷികളാണ് അധികവും. കാക്ക, കുയിൽ, തത്ത, മയിൽ, കുരുവി, പരുന്തു്, കൊക്ക് മുതലായി പലതരം പക്ഷികൾ നമ്മുടെ നാട്ടിൽ ഉണ്ടു്. കഴുകൻ, കല്ലുറാഞ്ചി, മൂങ്ങ തുടങ്ങിയുള്ളവ അധികവും കാടുകളിലാണു ജീവിക്കുന്നതു്.

മൃഗങ്ങളിലും അനേകം ഇനങ്ങൾ ഉണ്ടു്. ഭൂമിയിൽ നാനാഭാഗങ്ങളിലും പ്രത്യേക ഇനങ്ങൾ ഉള്ള മൃഗങ്ങളെ കാണാം. മഞ്ഞു കട്ടപിടിച്ചുകിടക്കുന്ന ധ്രുവപ്രദേശങ്ങളിലുള്ള റയിൻഡിയർ എന്ന മാനും, ആസ്ത്രേലിയായിലെ കൺഗാറു എന്ന സഞ്ചിമൃഗവും അറേബ്യൻ മരുപ്രദേശങ്ങളിൽ ജീവിക്കുന്ന ഒട്ടകവും വിശേഷപ്പെട്ട മൃഗങ്ങളാണല്ലോ. കന്നുകാലികളും ആടും കുതിരയും ആണു മനുഷ്യർക്ക് ഏറ്റവും ഉപകാരം ചെയ്യുന്ന മൃഗങ്ങൾ. ആനയാണു കരയിലുള്ള മൃഗങ്ങളിൽ ഏറ്റവും വലുതും ശക്തിയുള്ളതും. എന്നാൽ ആനയേയും കൊന്നു തിന്നുന്ന മൃഗമാണു സിംഹം. അതിനെ മൃഗരാജാവു് എന്നു വ്യവഹരിക്കുന്നു. പൂച്ചയും പട്ടിയുമാണു മനുഷ്യനോടു ഏറ്റവും ഇണങ്ങിയ മൃഗങ്ങൾ. വെരുക്, കീരി, മുയൽ, മാൻ തുടങ്ങി പല മൃഗങ്ങളെയും മനുഷ്യൻ വളർത്തുന്നുണ്ടു. വെരുകിൻപുഴു നല്ല ഒരു സുഗന്ധദ്രവ്യമാണു്.

ഏററവും ഉൽകൃഷ്ടമായ ജീവിയാണു മനുഷ്യൻ. മനുഷ്യൻ മൃഗങ്ങളുടെ വർഗ്ഗത്തിൽതന്നെ ഉൾപ്പെടുന്നു. മനുഷ്യനോടു് ഏററവും അടുത്തു നില്ക്കുന്ന മൃഗമാണു കുരങ്ങു്. മൃഗങ്ങൾ സാധാരണ നാലുകാലിൽ സഞ്ചരിക്കുന്നു. മനുഷ്യനു രണ്ടുകാലിൽ നിവൎന്നു നില്ക്കയും നടക്കയും ചെയ്യാം. മനുഷ്യൻെറ കൈയ്കളും, വിരലുകളും സമൎത്ഥമായ പല പ്രവൃത്തികൾക്കും ഉതകുന്ന രൂപത്തിൽ ഉള്ളവയാണു്.

ആകൃതിയിലും പ്രകൃതിയിലും മനുഷ്യനു മററു ജീവികളിൽ നിന്നു വ്യത്യാസം ഉണ്ടു്. മനുഷ്യൻെറ തലച്ചോറു് അത്ഭുതശക്തിയുള്ള ബുദ്ധിയുടെ ഇരിപ്പിടമാണു. അവൻെറ ശരീരം വിസ്മയകരമായ പല പ്രവൃത്തികൾക്കും യോജിച്ച വിധത്തിൽ ഘടിപ്പിച്ചിട്ടുള്ള ഒരു യന്ത്രമാണു. ബുദ്ധിശക്തി ഇല്ലാതിരുന്നു എങ്കിൽ മനുഷ്യനും ഒരു മൃഗമായിത്തന്നെ കഴിയുമായിരുന്നു.. മനുഷ്യൻെറ ശരീരം മൃഗങ്ങളുടേതുപോലെ ആയിരുന്നു എങ്കിൽ ബുദ്ധി ഉണ്ടായാലും പ്രയോജനം സിദ്ധിക്കയില്ലായിരുന്നു. മനുഷ്യൻെറ ബുദ്ധി ഒരു കുതിരയ്ക്കുണ്ടെന്നു വിചാരിക്കുക. അതിനു് എങ്ങനെ എഴുതാൻകഴിയും? വിരൽ ഇല്ലല്ലോ? ഇങ്ങനെ വിശേഷപ്പെട്ട ബുദ്ധിയും വിശേഷപ്പെട്ട ശരീരവും നമുക്കു തന്നനുഗ്രഹിച്ചതു് ഈശ്വരനാണു്. ആ മഹാശക്തിയെ നമുക്കു വാഴ്ത്താം.

പാഠം ൧൦

അപവാദം

കേട്ടീലയോ കിഞ്ചന വൎത്തമാനം?
നാട്ടിൽ പൊറുപ്പാനെളുതല്ല മേലിൽ
വേട്ടയ്ക്കുപോയാനൊരു യാദവൻപോൽ
കൂട്ടം പിരിഞ്ഞിട്ടവനേകനായി. ൧

ഒരുത്തനപ്പോളവനോടു നേരി-
ട്ടടുത്തു കുത്തിക്കൊല ചെയ്തുപോലും
അവന്റെ കണ്ഠത്തിലണിഞ്ഞ രത്നം
കവൎന്നുകൊണ്ടാശു തിരിച്ചുപോലും. ൨

പ്രസേനനെക്കൊന്നവനാരുവാൻ പോൽ?
പ്രസേനനെക്കൊന്നവനീശ്വരൻ താൻ
അതോ നമുക്കും പരമാൎത്ഥമിപ്പോ-
ളതല്ല ചോദിച്ചതറിഞ്ഞിതോ താൻ? ൩

അറിഞ്ഞു ഞാനിന്നുപറഞ്ഞുകൂടാ
പറഞ്ഞുകൂടാത്തതിനെന്തു ബന്ധം
തനിക്കു താൻപോന്നവരൊന്നു ചെയ്താ-
ലതിന്നു ദോഷം പറയാവതുണ്ടോ? ൪

എനിക്കു കേൾപ്പിക്കരുതോ രഹസ്യം?
തനിക്കു കേൾപ്പിക്കരുതായ്കയില്ല.
ഇനി ക്രമാലന്യജനം ഗ്രഹിച്ചാ-
ലെനിക്കു കുററം വരുമെന്നു ദോഷം. ൫

തന്നാണെ ഞാനെന്നുടെ കണ്ണു രണ്ടാ-
ണന്യാദൃശന്മാർക്കറിയിക്കയില്ല.
എന്നാൽ കഥിക്കാമിതു കേട്ടതിപ്പോൾ
നന്ദാത്മജൻ ചെയ്തോരു കൈതവം പോൽ. ൬

ചോദിച്ചുപോൽ പണ്ടിതു കൊണ്ടൽവർണ്ണൻ
തദാ കൊടുത്തില്ലിതു യാദവൻതാൻ
കണ്ടാലിരക്കുന്ന ജനങ്ങളുണ്ടോ
കപ്പാൻ മടിക്കുന്നു തരം വരുമ്പോൾ. ൭

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം
കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ? ൮

രത്നം നശിക്കുന്നതിനല്ല ഖേദം
യത്നത്തിനാലായവനത്ഥമുണ്ടാം
സ്യമന്തകം കാരണമെത്ര കഷ്ടം
കുമാരനും കൂടെ മരിച്ചിതല്ലോ. ൯

ധനങ്ങളുള്ളോരിനി വേണ്ടതിപ്പോ-
ളെനിക്കു തോന്നുന്നതു ഞാനുരയ്ക്കാം
ഝട്തിക്കിൽ നിന്നാശു കടത്തിവയ്പാ-
നുദ്യോഗമദ്യൈവ തുടർന്നിടേണം. ൧൦

ഉച്ചൈസ്സു കുത്തിക്കവരുന്ന ദിക്കിൽ
വച്ചേയ്ക്കു നന്നോ ധനധാന്യമെല്ലാം.
ഇത്യാദി ദുർഭാഷണഘോഷമപ്പോ-
ളത്യന്തമുണ്ടായിതു പാരിലെല്ലാം ൧൧

മുമ്പേ ഗമിച്ചീടിന ഗോവുതന്റെ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം
ഒരുത്തനുണ്ടാക്കിന ദുഷ്പ്രവാദം
പരത്തുവാനാളുകളുണ്ടസംഖ്യം.

[കുഞ്ചൻനമ്പ്യാർ. ശ്രീകൃഷ്ണചരിതം മണിപ്രവാളം.]

പാഠം ൫൫

എറുമ്പു്

എത്രയോ ജന്തുക്കൾ നമ്മോടൊത്തു നമ്മുടെ വീടുകളിൽ ജീവിക്കുന്നുണ്ടു്. ആടുമാടുകളും പൂച്ചയും പട്ടിയും മററും അവയിൽ വലിയതരം ജീവികളാണു്. അവയെപ്പററിയല്ല ഇവിടെ പറയാൻ പോകുന്നതു്. പല്ലിയും പാററയും ചിലന്തിയും ഈച്ചയും കൊതുകും മൂട്ടയും നമുക്കു് ഇഷ്ടമില്ലാത്ത അതിഥികളായി നമ്മുടെ വീട്ടിൽ കഴിയുന്നു. അവയെക്കാളും നിർഭയമായി വീടുകളിൽ പെരുമാറുന്ന വെറും അല്പപ്രാണികളായ ചില ധിക്കാരികളും ഉണ്ടു. ചിതലും എറുമ്പും ആണു് അവ. കാണാൻ കടുകുമണിയെക്കാൾ ചെറിയ ജീവികൾ എത്ര ഉണ്ടാലും നിറയാത്ത വയററാളികൾ. ഒരു വയ്ക്കോൽ ഇരു മുഴക്കെ ഒരു പുററു ചിതലുകൾ ഏതാനും ദിവസം കൊണ്ടു തിന്നൊടുക്കും. പത്തു കാള ഒരു മാസംകൊണ്ടു തിന്നുന്ന വയ്ക്കോൽ ഒരു പററം ചിതൽ പത്തു ദിവസം കൊണ്ടു തിന്നുകളയും. മരവും തടിയും തുണിയും പുസ്ത

കവും എല്ലാം ചിതലിന്റെ വെറും തിറ്റിപ്പണ്ടങ്ങൾ. എന്നാൽ അവ നമ്മുടെ ആഹാരസാധനങ്ങളെ അത്ര ആക്രമിക്കാറില്ല. ആ ശല്യം ചെയ്യാനുള്ള ചുമതല ചിതൽ എറുമ്പിന്ന വിട്ടുകൊടുത്തിരിക്കയാണ്. അകത്തമ്മപോലെ ഇരിക്കുന്ന വെള്ള എറുമ്പുകളാണല്ലോ ചിതലുകൾ. അവ പുറത്തുനിന്ന കൊള്ള ചെയ്യാറില്ല. എന്നാൽ എറുമ്പുകൾ പട്ടാപ്പകൽ കയ്യേററം ചെയ്യുന്ന കൊട്ടുംകൊള്ളക്കാരാണ്. നെയ്യും ശക്കരയും പഞ്ചസാരയും പാലും പഴവും അരിയും ചോറും എന്തും തുരന്നു കണ്ടുപിടിച്ച്, തനിച്ചും കൂട്ടുചേർന്നും തട്ടിക്കൊണ്ടു കടന്നുകളയുകയാണ് അവററയുടെ തൊഴിൽ. അമ്പോ! ഇങ്ങനെ അതിരററ ഒരു കയ്യേററം ഉണ്ടോ? മററു ചില അല്പപ്രാണികളെയും അവ കണ്ടാൽ വിട്ടയക്കാറില്ല. ഒരു പുഴുവോ എരയോ എറുമ്പുകളുടെ കണ്ണിൽ പെട്ടു എന്നിരിക്കട്ടെ. കുറെ എറുമ്പുകൾ അതിന്റെ തലയ്ക്കു പിടികൂടും. അനേകം എറുമ്പുകൾ അതിന്റെ ശരീരത്തിൽ നീളെ കടിച്ചുതൂക്കിയെടുത്തുകൊണ്ടു യാത്ര തുടങ്ങും. ചെന്നായ്ക്കളുടെ കൂട്ടം സാധുമൃഗത്തെ വളഞ്ഞു പിടികൂടുമല്ലോ. അതിലും ഭയങ്കരമാണ് എറുമ്പുകൾ പുഴുവിനെ പിടികൂടുന്നത്.

നമ്മുടെ നാട്ടിൽ എത്രയോ തരം എറുമ്പുകൾ ഉണ്ട്. ചെറിയ നെയ്യെറുമ്പു തൊട്ടു പെരുന്തലയനെറുമ്പുവരെ പലതരം എറുമ്പുകൾ നമുക്ക് പരിചയമുണ്ട്. നെയ്യെറുമ്പും ശോണനും (ചോനൻ) ശവംതിന്നിയെറുമ്പും കട്ടെറുമ്പും വീടുകളിൽ സാധാരണമാണ്. കട്ടെറുമ്പു കറുത്തതും മററുള്ളവ അധികവും തവിട്ടുനിറത്തിലുള്ളവയും ആണ്. ശവംതിന്നിയെറുമ്പു ജീരകത്തെക്കാളും

ചെറിയ പ്രാണി എങ്കിലും അതിൻെറ ഒരു കടി ഏറ്റാൽ വളരെ വ്യസനമിക്കും. ശോണനെപ്പോലെ മധുരപദാർത്ഥങ്ങളിൽ കൊതിയുള്ള പ്രാണി ഇല്ല. ശർക്കരയും പഞ്ചസാരയും തേനും പാലും മററും കിട്ടാൻ വേണ്ടി ജീവൻ കളയാനും അവയ്ക്കു മടിയില്ല. വീട്ടിൽ വലിയ ശല്യത്തിനു വരാത്ത ഒരിനമാണു് വിറു് (നീറു്). കടിച്ചുചാവുന്ന ഒരു പ്രാണിയെന്നു് അതിനെപ്പററി ഒരു ചൊല്ലുണ്ടു്. അതിൻെറ സങ്കേതത്തിൽ ചെന്നാൽ അതു കൂട്ടത്തോടെ നമ്മെ ആക്രമിക്കും. എതിരാളിയെ അവയ്ക്കു തീരെ ഭയമില്ല. അവ കടിച്ചാൽ തുടച്ചെറിഞ്ഞുകളയാം എന്നു വിചാരിക്കേണ്ട. കടിച്ച കടി ചത്താലും വിടുകയില്ല എന്നാണു് അവയുടെ നിഷ്ഠ. മരങ്ങളിലാണു് അവയുടെ വാസം. ഇലകൾ കൂട്ടിച്ചേർത്തു കുട്ടകപോലുള്ള കൂടു് ഉണ്ടാക്കാൻ അവയുടെ വിരുതു് ഒന്നു വേറെ തന്നെ.

കട്ടെറുമ്പും വിശിറും മററും ആണല്ലോ നമ്മുടെ നാട്ടിലെ എറുമ്പുകളിൽ പ്രമാണികൾ. അവയ്ക്കും നമ്മെ ശല്യപ്പെടുത്താനുള്ള ശക്തി വളരെ കുറവാണെന്നുതന്നെ പറയണം. ആഫ്രിക്കയിലെ ചില എറുമ്പുകളുടെ കഥ മനസ്സിലാക്കിയാൽ ഈ കാര്യം സ്പഷ്ടമാകും. അവയുടെ സ്വഭാവം കൊണ്ടു അവയെ വേട്ടയെറുമ്പുകൾ എന്നു വിളിക്കുന്നു. സംഘംചേർന്നുള്ള അവയുടെ ആക്രമണയാത്ര സകല ജന്തുക്കൾക്കും ഭയം ഉണ്ടാക്കും. അവയുടെ വരവുകണ്ടാൽ വലിയ വന്യജന്തുക്കൾ പോലും പ്രാണഭയം കൊണ്ടു ഓടി ഒളിക്കും. ഈ എറുമ്പിൻപട ആക്രമിച്ച പന്നിക്കൂട്ടത്തെയും ആനകളെത്തന്നെയും കൊന്നുതിന്നുകളയും.

വേട്ടയെറുമ്പുകളുടെ ആക്രമണം ഉണ്ടെന്നറിഞ്ഞാൽ ഗ്രാമങ്ങളിലുള്ള ജനങ്ങൾ ഒന്നാകെ ഓടി രക്ഷപ്പെടും. മററു ഗതി ഇല്ലെന്നു കണ്ടാൽ അവയിൽനിന്നു രക്ഷനേടാൻ ആളുകൾ ജലാശയങ്ങളെ അഭയം പ്രാപിക്കും. എറുമ്പുകൾ വെള്ളത്തിൽ ഇറങ്ങുകയില്ല എന്നാണു സങ്കല്പം.

വെള്ളത്തിൽ ഇറങ്ങിച്ചെന്ന് ആക്രമിക്കാൻ വേട്ടയെറുമ്പിൻ മിടുക്കില്ല. എന്നാൽ വെള്ളത്തിലും മുങ്ങിച്ചാകാതെ കിടക്കാൻ വേട്ടയെറുമ്പുകൾക്കു കഴിയും. വെള്ളപ്പൊക്കംകൊണ്ടു മാളങ്ങൾ നശിക്കുമ്പോൾ അനേകം എറുമ്പുകൾ ഒന്നു ചേർന്നു പന്തുപോലെ വെള്ളത്തിൽ പൊങ്ങിക്കിടക്കും. കുട്ടിയെറുമ്പുകളും പെണ്ണെറുമ്പുകളും അകമേയും ആണെറുമ്പുകൾ പുറമേയും ആയിട്ടാണു ഉരുണ്ടു കൂടുന്നത്. വെള്ളം വററുന്നതുവരെ അവ അങ്ങനെ കിടന്നു രക്ഷപ്പെടും.

ഗ്രാമങ്ങൾക്കടുത്തു വേട്ടയെറുമ്പുകൾ പെരുകിയാൽ അവയെ നശിപ്പിക്കാൻ ഗ്രാമവാസികൾ ഒരു ഉപായം പ്രയോഗിക്കാറുണ്ടു. പാറയുടെ ചെറിയ വിടവോ മറേറാ ആയിരിക്കും എറുമ്പുകളുടെ മാളം. ഉണങ്ങിയ പനയോലയും പുല്ലും മാളത്തിന്റെ വായ്ക്കൽ ഇട്ടു തീ കത്തിക്കും. എന്നാൽ അതുകൊണ്ടു വലിയ പ്രയോജനം ഉണ്ടാകാറില്ല. അധികം എറുമ്പുകളും എങ്ങനെയെങ്കിലും വെളിയിൽ കടന്നു കൂടും.

അവ പലപ്പോഴും വൃക്ഷങ്ങളിൽ കയറി, ഒന്നിന്മേൽ മറെറാന്നു എന്ന ക്രമത്തിനു കടിച്ചു പററി മാലപോലെ തൂങ്ങിക്കിടക്കും. ഇങ്ങനെ അനേകായിരം എറുമ്പു

എറമ്പു് — ഇലകളിന്മേൽ

ഇലകൾ തൂങ്ങിക്കിടക്കുന്ന വൃക്ഷങ്ങൾ ആഫ്രിക്കൻ വനപ്രദേശങ്ങളിൽ കാണാവുന്നതാണു്. തിരത്തുള്ള വൃക്ഷ

ങ്ങളിൽ ഇങ്ങനെ മാലയായിത്തൂങ്ങി ഈ എറുമ്പുകൾ നദികൾ കടക്കാറുമുണ്ടു.

എറുമ്പുകളുടെ ജീവിതം സൂക്ഷിച്ചു പഠിച്ചാൽ രസമുള്ള പല കാര്യങ്ങളും ഗ്രഹിക്കാൻ കഴിയും. ഒരിനം എറുമ്പുകൾ അലസതം സുഖാസക്തരും ആണ്. അവ മററു എറുമ്പുകളെ പിടിച്ച് അടിമകളാക്കി വേല ചെയ്യിക്കുന്നു. അടിമയെറുമ്പുകളാണ് ആഹാരം തേടി കൊണ്ടുവന്നു കൊടുക്കുന്നത്. അടിമകളുടെ സഹായം കൂടാതെ ഈ പിപീലികപ്രഭുക്കൾക്ക് തന്നത്താനെ ഒന്നും ചെയ്യാൻ കഴിവില്ല. അടിമയെറുമ്പുകളെപ്പോലെ പടയാളിയെറുമ്പുകളും ഉണ്ടു; അവയാണു യുദ്ധത്തിൽ ഏർപ്പെട്ടു ശത്രുക്കളെ എതിരിടുന്നതു.

എറുമ്പുകൾക്ക് വ്യവസായങ്ങളും ഉണ്ടെന്നു പറഞ്ഞാൽ അത്ഭുതമായി തോന്നാം. പാലിനു നാം പശുക്കളെ വളർത്തുന്നതുപോലെ എറുമ്പുകൾ ഒരു തരം തേൻ കുടിക്കാനായി ചില അല്പപ്രാണികളെ വളത്താറുണ്ട്. ചില ചെടികളുടെ ഇലകളിൽ കൂട്ടമായി ഇത്തരം ജീവികൾ പററിയിരിക്കുന്നതു കാണാം. അവ ഒരു തരം മധുരദ്രവ്യം പുറപ്പെടുവിക്കും. അത് എറുമ്പിന് അമൃതമാണു. ഇത്തരം പ്രാണികളെ എറുമ്പു സൂക്ഷിച്ചു പരിചരണം ചെയ്യുന്നതു കാണേണ്ടതു തന്നെ

ക്ഷാമകാലത്തേക്ക് ആഹാരം കരുതിവയ്ക്കുന്നത് എറുമ്പുകൾക്കുള്ള പ്രത്യേക സ്വഭാവമാണു. പലതരം ധാന്യങ്ങൾ മാളങ്ങളിൽ സംഭരിക്കും. ഇങ്ങനെ ചില മാളങ്ങളിൽ വളരെയധികം ധാന്യം ശേഖരിച്ചിരിക്കുന്നതായി കാണാം.

തേനീച്ചകളെപ്പോലെ തേനെറുമ്പുകളും ഉണ്ടെന്നു വസ്തുത സാധാരണ അറിവുള്ളതല്ല. അമേരിക്കയിൽ മെക്സിക്കോ രാജ്യത്താണ് തേനെറുമ്പുകൾ അധികമായി ജീവിക്കുന്നത്. ഉദരത്തിലാണ് അവ തേൻ സംഭരിക്കുന്നത്. തേൻ കുടിച്ചു വീർത്ത അതിന്റെ ഉദരം ചെറിയ ഒരു നെല്ലിക്കായ് പോലെ ഇരിക്കും. അതിൽ നിന്ന് മററു എറുമ്പുകൾ ആവശ്യംപോലെ മധുപാനം ചെയ്യാറുണ്ട്. മെക്സിക്കോകാർ ഇത്തരം എറുമ്പുകളെപ്പിടിച്ചു പിഴിഞ്ഞു തേൻ എടുക്കുന്നു.

അല്പപ്രാണികളെങ്കിലും എറുമ്പുകൾ അല്ഭുതപ്രാണികളാണെന്നു മനസ്സിലാക്കണം. അവയുടെ ഒത്തൊരുമയിൽ ഉത്സാഹശീലവും സംഘടനയും കണ്ടു പഠിക്കേണ്ടതാണ്.

പാഠം ൧൨

രണ്ടു് അപ്പം

അമ്മ രണ്ടപ്പം കൊടുത്തു—കൈയ്യി
ലമ്മിണിക്കുട്ടനു തിന്നാൻ ൨

ചെങ്കതിരോൻ മറയാറായ്—വാനിൽ
കുങ്കുമപ്പൊട്ടൊഴിയാറായ് ൪

ഒന്നവൻ തിന്നു, കളിക്കാൻ—വേറി
ട്ടൊന്നുമായ് ച്ചെന്നു നിരത്തിൽ ൬

കേറിത്തുളച്ചുടൻപാഞ്ഞു—കാതിൽ
ക്രൂരമ്പുപോലൊരു ശബ്ദം ൮

കണ്ണും കരളുമുള്ളോരെ—അയ്യോ!
പുണ്യം പുലന്ന മാളോരെ ൧൦

പൊന്നജമാന്മാരെ, കാണ്മിൻ—കനി-
ഞ്ഞെന്നെ, പ്പിറവികളുടൻ ൧൨

പട്ടിണികൊണ്ടു പൊരിഞ്ഞേ—പിച്ച-
ച്ചട്ടിയിൽ കാശൊന്നുമില്ലേ! ൧൪

വല്ലതുമിട്ടേച്ചുപോണേ!—തുള്ളി-
ക്കല്ലരിക്കഞ്ഞിനീർ മോന്താൻ ൧൬

അയ്യംവിളിയതുകേട്ടു—പൈതൽ
നെയ്യപ്പം ചട്ടിയിലിട്ടു ൧൮

തപ്പിയെടുത്തതു തിന്നു—പാവ-
മപ്പൊഴേ കുഞ്ഞിനെ വാഴ്ത്തി ൨൦

“തമ്പുരാനേ തരും ദൈവം—കൂലി-
യൻപിലിതി”യെന്നു ചൊല്ലി ൨൨

മാറത്തടിച്ചുകരവു—ദൂരെ
വേറിട്ടൊരന്ധനമപ്പോൾ ൨൪

ഓടിനൊരോട്ടമായ്പ്പാഞ്ഞു—കുട്ടൻ
വീടണഞ്ഞമ്മയെത്തേടി ൨൬

റാവിക്കുട്ടനും കുഞ്ഞനും

വേരിയെതിർമൊഴിയാൻ തൻ — പട്ടു
സാരപ്പൊൻതുമ്പത്തു തൂങ്ങി

„അമ്മേ, യൊരപ്പമൊരപ്പം — കൂടി
ച്ചെമ്മേ തരൂ” എന്നിരന്നു

„പോരയോ രണ്ടെണ്ണമുണ്ണി? — തിന്നാ-
തേറുകിൽ മാന്ദ്യമുണ്ടാകും

„ഒന്നു കളഞ്ഞു നടാടെ, — ബാക്കി
ഒന്നേ ഞാൻ തിന്നുള്ളു തായേ

„ഒന്നു നീ തിന്നതു കണ്ടു — ഞാൻ
മറെറാന്നു കൊണ്ടെന്തൊന്നു ചെയ്തു?”

എന്നതിന്നുത്തരമോതി — വത്സൻ
തിന്നതല്ലെന്നമ്മ കണ്ടു

„ആയതെങ്ങാണ്ടോ തുലഞ്ഞു — വീണു
വായവഴിക്കെൻ വയററിൽ

പട്ടിണികൊണ്ടു വലഞ്ഞു — പള്ള
ചുട്ടു കുരുടനൊരുത്തൻ

വാപിട്ടുകേണു ഞാൻ മറേറ — യപ്പം
പാവമവന്നു കൊടുത്തു

ഞാൻ തിന്നൊരപ്പമതത്രേ — തായേ
മാന്ദ്യമതിലുമുണ്ടാമോ?

… … … … …

കോൾമയിർകൊണ്ടുപോയ് പൂമെ — യ്യമ്മ-
യ്യോമനതൻമൊഴി കേൾക്കെ

വണ്ടണിവേണിയാൾ വാക്കൊ — ന്നാടൻ
തൊണ്ടയിടറിക്കൊണ്ടോതി

"എൻമകനേ നീ ജയിച്ചു — നിൻെറ
ജന്മം കൃതാൎത്ഥമായ് തീൎന്നു

ഒന്നിനു മൂന്നു ഞാൻ നല്കാ — മപ്പ-
മെന്നുണ്ണിക്കിങ്ങനെ തിന്മാൻ!

ചിക്കെന്നെൻകൺമണി വാങ്ങി — യവ-
യക്കരുടക്കു് കൊടുക്കു

ഉമ്മയോരോന്നു വിലയാ — ണെന്നി
യമ്മക്കു മുൻകൂട്ടി നൾകു

ഈവണ്ണമോതി മകനേ — യവൾ
മൂവരു മെന്മേൽ മുകർന്നു

മൂന്നപ്പം കയ്യിൽകൊടുത്തു — ദൈവം
മൂന്നു പുമൎത്ഥവുംപോലെ

ആയതവക്കവൻ നല്കി — തൻെറ-
വായും വയറും നിറച്ചു

സ്വൎഗ്ഗമാകുന്നില്ലേ ചൊൽവിൻ — ക്ഷോണി
യിക്കുണകുളള കിടാങ്ങൾ?

[മഹാകവി ഉള്ളൂർ]

പാഠം ൧൩

കഥകളി

വിനോദത്തിനും വിജ്ഞാനത്തിനും ഉതകുന്ന പല കലകളും കേരളത്തിൽ ഉണ്ടല്ലോ. എല്ലാംകൊണ്ടും അവയിൽ ഒന്നാംസ്ഥാനം അർഹിക്കുന്നതു കഥകളിയാണ്. ഇതിന് ആട്ടം എന്നും പേരുണ്ട്. വിദേശങ്ങളിലുള്ളവരുടെ ശ്രദ്ധയേക്കൂടി അടുത്തകാലത്തു് ആകർഷിക്കാൻ കഥകളിക്കു കഴിഞ്ഞിട്ടുണ്ട്. കഥകളിയിൽ ഉപയോഗിച്ചുവന്ന ഗാനരീതി കേരളീയ സംഗീതത്തിന്റെ നല്ല മാതൃകയാണ്. കഥകളിക്കുവേണ്ടി ഓരോ കാലത്തു പണ്ഡിതന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ മലയാളത്തിന്റെ പുഷ്ടിക്കു വളരെ സഹായിച്ചിട്ടുണ്ട്. ഈ കലയിലുള്ള നൃത്തങ്ങൾക്കും കലാശങ്ങൾക്കും പണ്ടു നമ്മുടെ നാട്ടിൽ നിലവിരുന്ന ആയുധക്കളി, കല്യാണക്കളി മുതലായവയോടു ദൃഢമായ ബന്ധമുണ്ട്. കഥകളിയിലെ അഭിനയം വളരെ മെച്ചമേറിയതാണ്.

കഥകളി മലയാളികളുടെ വിശേഷപ്പെട്ട ഒരുതരം നാടകമാണെന്നു പറയാം. എന്നാൽ കഥകളിയിൽ നടന്മാർ സംസാരിക്കയില്ല. കൈമുദ്രകൾകൊണ്ടും മുഖസ്തോഭങ്ങൾകൊണ്ടുമാണ് ഓരോ നടനും അഭിനയിക്കുന്നതു്. സംഭാഷണത്തെ പാടേ ഉപേക്ഷിച്ചും അഭിനയ

ത്തിനു വളരെ പ്രാധാന്യം നൽകിയും ഉള്ള കഥക ളിയെ ചില അരസികന്മാർ ഊമയാട്ടം എന്ന് ആക്ഷേ പിക്കാറുണ്ടു. എന്നാൽ കൈയമുദ്രകൾ അറിയാവുന്ന വൎക്കു കഥകളിപോലെ രസിക്കുന്ന മററാരു അഭിനയ സമ്പ്രദായവും ഇല്ല.

കഥകളിയിലെ കഥകൾ പുരാണങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയാണ്. അവയിലെ പാത്രങ്ങൾ പുരാണ പ്രസിദ്ധിയുള്ള ദേവന്മാരും, അസുരന്മാരും, രാജാക്ക ന്മാരും മററുമാണ്. കഥാപാത്രങ്ങളുടെ സ്വഭാവം അനു സരിച്ചു വേഷവൈചിത്ര്യം വരുത്തുന്നതിലും കഥകളി ക്കാർ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടു്. മിനുക്ക, പച്ച, കത്തി, താടി, കരി എന്നിങ്ങനെ അഞ്ചു തരമാണു കഥകളിയിലെ വേഷങ്ങൾ. മിനുക്ക് എന്നതു മനയോലകൊണ്ടു മുഖം മിനുക്കുന്നതുമാത്രമാണ്. സ്ത്രീകൾ, മുനിമാർ മുതലായ വരുടെ വേഷം മിനുക്കാണ്. മുഖത്തു പച്ചനിറം തേയ്ക്കു ന്നതിനെ പച്ച എന്നു പറയുന്നു. ശ്രീരാമൻ, ശ്രീകൃഷ്ണൻ, നളൻ തുടങ്ങിയ ഉത്തമന്മാരായ നായകന്മാരുടെ വേഷ ത്തിനാണു പച്ച അണിയുന്നതു്. പച്ചയിൽതന്നെ കണ്ണുകളുടെ മുകളിലും താഴെയും കത്തിയുടെ ആകൃതിയിൽ ചുവപ്പുനിറവും മൂക്കിന്റെ അററത്തു വെളുത്ത ഉണ്ടയും (ചുട്ടിപൂവു) ചേർന്നുള്ള വേഷമാണു കത്തി. ഘന ത്തിലും വീതിയിലും ചെവിയോളം എത്തുന്ന കൃത്രിമത്താടി വച്ചുകെട്ടുന്നതാണു താടിവേഷം. ബാലി, ഹനുമാൻ മുതലായവരുടെ വേഷം താടിയിൽ ഉൾപ്പെടുന്നു. മുഖത്തു

കഥകളി

കറുപ്പു അണിയുന്ന വേഷമാണു. കരി കാട്ടാളനും, ശൂർപ്പ ണഖയും മററും ഈ ഇനത്തിൽ പെടുന്നു. വേഷങ്ങ ളുടെ സ്വഭാവം അനുസരിച്ചു കിരീടമോ മുടിയോ അണി യുന്നു. പച്ച, കത്തി, ചുവന്നതാടി ഇവയ്ക്കു കിരീട മാണ് സാധാരണ ഉപയോഗിക്കുന്നതു്. കൃഷ്ണൻ, ഹനു മാൻ തുടങ്ങിയ വേഷങ്ങൾ കിരീടത്തിന്റെ സ്ഥാനത്തിൽ അണിയുന്ന ശിരോഭൂഷണത്തിനു മുടി എന്നാണു പേരു്.

കഥകളി പ്രയോഗിക്കുന്നതു് രാത്രിയിലായതുകൊണ്ടു് അരങ്ങത്തു വലിയ ഒരു നിലവിളക്കു കൊളുത്താറുണ്ടു്. നാടകത്തിലെ കർട്ടനു പകരം കഥകളിയിൽ തിരശ്ശീല യാണ് ഉപയോഗിക്കുന്നതു. കഥകളിക്കു പൊതുവെ ഉള്ള ചില ചടങ്ങുകളാണ് കേളികൊട്ടു, തോടയം, പുറപ്പാട്, മേളപ്പദം എന്നിവ. കഥകളി ഉണ്ടെന്നറി യിക്കാനായി സന്ധ്യയ്ക്കു മദ്ദളം, ചേങ്ങില, കൈമണി എന്നിവയോടുകൂടി ചെണ്ട കൊട്ടുന്നതിനാണു കേളി കൊട്ടു എന്നു പറയുന്നതു്. കഥകളിയുടെ ആരംഭത്തിൽ തിരശ്ശീലയ്ക്കു് അകത്തു നിന്നു് ഈശ്വരസ്തുതിപരമായ പാട്ടിന്റെ താളത്തിനൊപ്പിച്ചു ചില ചുമടുകൾ വച്ചു് അമർന്നു കളിക്കുന്നതത്രേ തോടയം. തോടയം കഴി ഞ്ഞാൽ പുറപ്പാടിനുള്ള വട്ടമായി. കഥയിലെ പ്രധാന പുരുഷപാത്രം സ്ത്രീ പാത്രത്തോടുകൂടി ശംഖുവളി, ആല വട്ടം, മേല്ക്കട്ടി എന്നിങ്ങനെയുള്ള ആഡംബരങ്ങളും ചേർന്നു രംഗത്തിൽ പ്രവേശിച്ചു നൃത്തം ചെയ്യുന്നതാണു പുറപ്പാട്. പുറപ്പാടുകഴിഞ്ഞാണു മേളപ്പദം. ഇതു

ക്ക ഈശ്വരസ്തോത്രമാണ്. ഗീതഗോവിന്ദം എന്ന ഗാനകൃതിയിലെ "മഞ്ജുതര കുഞ്ജതല കേളിസദനേ" എന്നു തുടങ്ങുന്ന പാട്ടാണു മേല്പ്പദത്തിനു ചൊല്ലുന്നത്. അതിനാൽ ഇതിനു മഞ്ജുതര എന്നും പറയാറുണ്ടു.

കൊട്ടാരക്കരത്തമ്പുരാന്റെ രാമായണം കഥകളിയാണു ആദ്യമായി ഉണ്ടായ ആട്ടക്കഥ. കോട്ടയത്തു തമ്പുരാൻ, കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവ്, ഉണ്ണായിവാര്യർ, അശ്വതിതിരുനാൾ ഇളയതമ്പുരാൻ, ഇരയിമ്മൻതമ്പി, വിദ്വാൻ കോയിത്തമ്പുരാൻ മുതലായി പല കവികളും പില കാലത്തു ഈ പ്രസ്ഥാനത്തെ പരിപോഷിപ്പിച്ചിട്ടുണ്ടു്.

പാഠം ൰൧

ഭീമഭഗദത്തയുദ്ധം

വാടി! മുഖം ദുര്യോധന സൈന്യവ്യൂ-
ഹമോടിയതുകണ്ടു വീരൻ ഭഗദത്തൻ
പത്തു സഹസ്രം ഗജത്തിൻ ബലമുള്ള
മത്തഗജത്തിൻ കഴുത്തിൽ കരേറിനാൻ. ൧

അത്ര ബലമുള്ള വൃത്രാരിജാഗ്രജൻ
പത്തുനൂറാർത്തു പാഞ്ഞെത്തിയടുത്തുടൻ
കുത്തുന്ന കുംഭിയുമൊത്തുന്ന ഭീമനു-
മെത്തിയെതിർത്തു പോരെത്രയുമത്ഭുതം. ൯

ഹസ്തിതന്നസ്ഥികൾ കുത്തിഞെരിക്കയും
മസ്തകം കൈയത്തലം കൊണ്ടു ഭേദിക്കയും
ചക്രം തിരികയും വക്രിച്ചുവാങ്ങിയു-
മഗ്രേ വരുന്നേരമുഗ്രമടിക്കയും. ൧൦

തുമ്പിക്കൈയ്ക്കുന്നിലകപ്പെട്ടനേരത്തു
തുമ്പി പറക്കുംപ്രകാരം കുഴിക്കയും
കമ്പം വരുമാറു ഭൂമിയിൽ വീഴുകയും
കൊമ്പു താഴ്ത്തുമ്പോളുരുണ്ടുകളികയും ൧൧

മദ്ധ്യേ നടയിടപുക്കുദരസ്ഥലേ
കുത്തിയും പിന്നിൽ പുറപ്പെട്ടു മണ്ടിയും
പൃഥ്വീശനാം ഭഗദത്തനെയ്തീടുന്ന
ശസ്ത്രങ്ങൾ പേടിച്ചകന്നുകൂടായ്കയും ൧൨

ഒത്തബലമുള്ള ഭീമനുമാനയും
ബദ്ധകോപത്തോടു യുദ്ധം തുടർന്നപ്പോൾ
പൃഥ്വി കുലുങ്ങി നടുങ്ങി ജഗത്ത്രയ-
മബ്ധികളേഴുമലറിക്കലുങ്ങുന്നു. ൧൩

യോഗിപ്രതിയോഗി രണ്ടുജനങ്ങളും
നാകികളും മററു കാണികളായോരും

ചിത്രം! വിചിത്രം! വിചിത്രം! വിചിത്രമീ-
തത്ഭുതമത്ഭുതമത്ഭുതമത്ഭുതം. ൩൭

ഇത്ഥം പുകഴ്ത്തുന്ന ശബ്ദവും വാരണൻ
മത്തനായേററമലറുന്ന ശബ്ദവും
ആരവാരങ്ങളും കോലാഹലങ്ങളും
പോരാളിവീരർ നിലവിളിഘോഷവും ൩൮

ഘോരഘോരം കേട്ടു ദുർന്നിമിത്തങ്ങളും
പാരമായുണ്ടു ഭയംപൂണ്ടു ഫൽഗുനൻ
പാരാതെ പോക വടക്കുദിശായെന്നു
വാരിജലോചനൻ തന്നോടു ചൊല്ലിനാൻ. ൩൯

തേരും തിരിച്ചുടിച്ചിടിനാൻ മാധവൻ
നേരേ തുടന്നങ്ങുടത്താരിരുവരും
കാററിനെക്കാൾ വേഗമോടു തേരോടിച്ചു
കാററിന്മകനും ഭഗദത്തനാനയും ൪൦

ഉററമായ് പ്പോരിനായേററ പടനിലം
ത്തേററമുഴറേറാടു ചെല്ലുന്നതുകണ്ടു
ഏററു ഭഗദത്തവീരനും പാർത്ഥനും
കാററിന്മകനോടു കേവലമാനയും. ൪൧

ഉണ്ടായ സംഗരം കണ്ടു മഹാജനം
കൊണ്ടാടി നില്ക്കുന്ന നേരം ഭഗദത്തൻ
മാധവൻ തന്നെയും വാസവി തന്നെയും
ഖാദവരുംവണ്ണമെയ്തു പിളർന്നിതു. ൪൨

കോപിച്ചു പാൎത്ഥനും ബാണം പ്രയോഗിച്ചു
ചാപം മുറിച്ചതു കണ്ടു ഭഗദത്തൻ
തെററന്നു മററുള്ളോരാരുമറിയാതെ
മറെറാരുവില്ലുമെടുത്തടുത്തീടിനാൻ ൧൮

അന്നേരമാനയും ഭീമനെക്കൈയ്ക്കൊണ്ടു
നന്നായെടുത്തു മേൽപ്പോട്ടെറിഞ്ഞിട്ടടൻ
വീഴുന്ന നേരത്തു വാരണം കുത്തിയും
ഭീഷണൻ ഭീമനരുണ്ടുകളകയും. ൧൯

പിന്നെയും പിന്നെയും തങ്ങളിലിങ്ങനെ
ഖിന്നതയോടു പൊരുതോരനന്തരം
കുത്തുകൊള്ളാഞ്ഞു കോപിച്ചു മദകരി-
യെത്തിപ്പിടിച്ചുമേൽപ്പോട്ടെറിഞ്ഞീടിനാൻ. ൨൰

കൊമ്പുതന്മേൽ വന്നു വീഴുവാനായിട്ടു
കൊമ്പുമുയൎത്തി നിന്നാനതുകണ്ടിട്ടു
സംഭ്രമത്തോടൊരു ബാണം പ്രയോഗിച്ചു-
അമ്പർകോൻ തന്നുടെ നന്ദനനൎജ്ജുനൻ. ൨൧

വാരണവീരൻ തലയററു വാലററു
വീരൻ ഭഗദത്തൻതന്റെ തലയററു
നാലാമതാനതൻ വാലുമരിഞ്ഞിട്ടു
കോലാഹലത്തോടു പോയിതു ബാണവും ൨൨

നീലമലപോലെ വൻകരി വീണതു
ചാലവേ ചാരേ ഭഗദത്ത വീരനും
ഭീമനതിന്മീതേ വന്നു വീണീടിനാൻ
പൂമഴ പെയ്താരമരന്മാരന്നേരം. ൧൫

[ഭാരതം—ദ്രോണപർവം]

പാഠം ൰൫.

ശ്വാസോച്ഛ്വാസം

മൂക്കിൽക്കൂടെ ശ്വാസം ഉള്ളിലേക്കു വലിക്കുകയും പുറത്തേക്കു വിടുകയും ചെയ്യുന്നതിനാണു ശ്വാസോച്ഛ്വാസം എന്നു പറയുന്നത്. നാം സാധാരണ ശ്വസിക്കുന്ന വായുവിൽ പൊടിയും രോഗാണുക്കളും മറ്റും കലർന്നിരിക്കും. വായു മൂക്കിൽക്കൂടി കടന്നുപോകുമ്പോൾ മൂക്കിനകത്തുള്ള രോമങ്ങൾ അവയെ തടഞ്ഞു നിറുത്താൻ ഉപകരിക്കുന്നു. ഉള്ളിലേക്കു കടക്കുന്ന വായു വളരെ തണുത്തിരുന്നാൽ ശ്വാസനാളത്തിനും ശ്വാസകോശങ്ങൾക്കും ഹാനി ഉണ്ടാക്കും. വായു നാസാരന്ധ്രങ്ങളിൽക്കൂടി കടന്നുപോകുമ്പോൾ ശരീരത്തിനു ഹിതമായ ചൂട് അതിന് ഉണ്ടാകുന്നു. ആരോഗ്യത്തിനു ദോഷകരമായ അംശം അധികം കലർന്നിട്ടുള്ള വായു ദുർഗ്ഗന്ധമുള്ളതായിരിക്കും. അപ്പോൾ അതു ഉള്ളിലേക്ക് കടക്കാതെ ശ്വാസം തടയേണ്ടതാണ്. മൂക്കിൽക്കൂടി ശ്വസിക്കു-

ഞ്ഞാൽ ഇതു രണ്ടും സാധിക്കുന്നതുമല്ല. പല കുട്ടികളും വായിൽക്കൂടി ശ്വസിക്കാറുണ്ടു്. വായ്കൊണ്ടു ശ്വസിക്കുമ്പോൾ പൊടിയും രോഗാണുക്കളും തടവുകൂടാതെ അകത്തേക്കു കടക്കുന്നു. അതു ശ്വാസകോശങ്ങൾ നിറയ്ക്കാവുന്നതിനും മററും ഇടയാക്കും. അതു മാത്രമല്ല, അന്തരത്തിലുള്ളവരുടെ മുഖം ക്രമേണ വികൃതമാകയും ആരോഗ്യം നശിക്കുകയും ചെയ്യും. ഇങ്ങനെ പതിവായി ശ്വസിക്കുന്നവരുടെ നാസാരന്ധ്രങ്ങൾ ഇടുങ്ങി മുൻപല്ലു പൊങ്ങി, മേൽചുണ്ടു് ഉയർന്നു്, നെഞ്ചു ഇടുങ്ങിക്കാണാവുന്നതാണ്.

ചിലപ്പോൾ ശ്വാസനാളത്തിന്റെ വശങ്ങളിൽ മാംസം വളർന്നു മൂക്കിൽക്കൂടി ശ്വാസം വിടുന്നതിനു തടസ്സം നേരിടുന്നതുകൊണ്ടും വായിൽക്കൂടി ശ്വസിക്കാറുണ്ടു. ഈ മാംസം വിദഗ്ദ്ധന്മാരെക്കൊണ്ടു എടുപ്പിച്ചുകളയേണ്ടതാകുന്നു.

ദീർഘമായി ശ്വസിക്കുന്നതു് ആരോഗ്യത്തിനു് അത്യാവശ്യമാണ്. സാധാരണയായി നാം ശ്വസിക്കുന്ന വായു ശ്വാസകോശങ്ങൾ നിറയുന്നതിനു മതിയാകുന്നില്ല. അതുകൊണ്ടു് അവയ്ക്കുള്ളിലുള്ള വായുവിന്റെ ഏതാനും അംശം അവിടെത്തന്നെ കിടക്കുകയും പുതിയ വായുവിനോടു അതു കലരുകയും ചെയ്യുന്നു. വെള്ളം കുടിക്കാൻ വയ്ക്കാറുള്ള പാത്രം ദിവസംപ്രതി കഴുകി വൃത്തിയാക്കുന്നു നിങ്ങൾ കണ്ടിരിക്കുമല്ലോ. അപ്രകാരം ചെയ്യാഞ്ഞാൽ തലേദിവസത്തെ വെള്ളം പുതുതായി ഒഴിക്കുന്ന വെള്ളവുമായി കലർന്നു മുഴുവനും ദുഷിക്കും. ഇതുപോലെ

യാണു ദീൎഘമായി ശ്വാസിക്കാഞ്ഞാൽ ശ്വാസകോശങ്ങളിലുള്ള വായു ദൂഷിക്കുന്നതു്.

ദീൎഘമായി ശ്വാസിക്കുന്നതിനു നിവൃത്തിയുള്ള കഴിവുള്ളിടത്തോളം വായുവിനെ അല്പാല്പമായി ഉള്ളിലേക്കു വലിച്ചു പിന്നീടു് സാവധാനമായി നിശ്വസിക്കണം. ഇതു ദിവസേന കുറെ സമയങ്ങളിൽ അനുഷ്ഠിക്കുന്നതു് ആവശ്യമാണെങ്കിലും എല്ലായ്പോഴും അങ്ങനെ ചെയ്യാൻ പാടില്ലാത്തതാകുന്നു. നെഞ്ചും വയറും ഇറുകത്തക്കവണ്ണം വസ്ത്രങ്ങൾ ധരിക്കരുതു്. വായു ശ്വാസകോശങ്ങളിൽ പ്രവേശിക്കുമ്പോൾ വാരിയെല്ലുകൾ അനങ്ങുന്നതുകൊണ്ടു തക്കവണ്ണമേ വസ്ത്രങ്ങൾ ധരിക്കാവൂ.

ശ്വസിക്കുന്ന വായു ഉള്ളിൽ പ്രവേശിക്കുമ്പോൾ അതിലുള്ള ശുദ്ധാംശം രക്തത്തിൽ കലരുന്നു. രക്തത്തിൽനിന്നു് എപ്പോഴും പുറപ്പെട്ടുകൊണ്ടിരിക്കുന്ന അശുദ്ധവായുവാണു് നാം ഉച്ഛ്വസിക്കുമ്പോൾ പുറത്തേക്കു കളയുന്നതു. ഇതു പരീക്ഷിക്കണമെങ്കിൽ ചുണ്ണാമ്പു കലക്കി തെളിച്ച വെള്ളം ഒരു പാത്രത്തിലെടുത്തു് അതിൽ കുറെ നേരം ഊതിനോക്കുക. ആദ്യം കണ്ണുനീർപോലെ തെളിഞ്ഞിരുന്ന വെള്ളം ക്രമേണ പാലിന്റെ നിറത്തിൽ കലങ്ങിവരുന്നതു കാണാം. വേറൊരുപാത്രത്തിൽ ആദ്യത്തേതുപോലെ തെളിഞ്ഞവെള്ളം എടുത്തു് അതിൽ ഇലകൊണ്ടോ മറ്റോ കാറ്റടിപ്പിച്ചാൽ യാതൊരു നിറഭേദവും കാണുകയുമില്ല. നിശ്വസിക്കുന്ന വായുവിൽ ദൂഷിച്ച അംശം അധികമായതുകൊണ്ടു് അടച്ചമുറികളിൽ വളരെ

ആളുകൾ അധികം നേരം കൂടിയിരിക്കുന്നതു്, ആരോഗ്യത്തിന്നു ഹാനികരമാകുന്നു.

കിടക്കമുറികളിൽ ശുദ്ധവായു ധാരാളം സഞ്ചരിക്കത്തക്കവണ്ണം പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. ജന്നലുകളില്ലാത്ത മുറികളിൽ കിടന്നുറങ്ങുന്നതു തന്നത്താനെ അല്പാല്പമായി വിഷം ഭക്ഷിച്ച് ആരോഗ്യം നശിപ്പിക്കുന്നതിന്നു തുല്യമാകുന്നു. ഇരിക്കാനും കിടക്കാനും ഉള്ള മുറികളിൽ ശുദ്ധവായു എപ്പോഴും കടന്നുപൊയ്ക്കൊണ്ടിരിക്കത്തക്കവണ്ണം വാതിലുകളും ജന്നലുകളും തുറന്നിടണം. നാം ഉച്ഛ്വസിക്കുന്ന ദുഷിച്ചവായു നീങ്ങി ശുദ്ധവായു ശ്വസിക്കാൻ നമുക്ക് എപ്പോഴും കിട്ടണമെങ്കിൽ ഈ കരുതൽ ഒഴിച്ചുകൂടാവുന്നതല്ല.

നിർദോഷം പേടിച്ചു വേണ്ടതിലേറെ വസ്ത്രങ്ങൾകൊണ്ടു മൂടിപ്പുതച്ചു കിടക്കുന്നതും, കാററു കടക്കാത്ത വിധത്തിൽ ജന്നലുകൾ അടച്ചുപൂട്ടുന്നതും പലതരം രോഗങ്ങൾ ബാധിക്കുന്നതിന്നു കാരണമായേക്കും.

നാട്ടിൻപുറങ്ങളിൽ താമസിക്കുന്നവൎക്കു ധാരാളം ശുദ്ധവായു ശ്വസിക്കാൻ സൗകര്യമുണ്ടു്. ഇതുനിമിത്തം നഗരവാസികളെക്കാൾ നാട്ടിൻപുറത്തുകാൎക്കു് സാമാന്യമായി കൂടുതൽ ആരോഗ്യം ഉണ്ടായിരിക്കും. കൂട്ടംചേൎന്നിരുന്നു പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികൾ വൈകുന്നേരം നല്ല കാററടിക്കുന്ന തുറന്നപ്രദേശങ്ങളിൽ കളിക്കുന്നതു് ആരോഗ്യത്തിന് ആവശ്യമാണ്. പതിവായി കുറെ നേരം നെടുതായി ശ്വസിക്കത്തക്കവണ്ണമുള്ള വ്യായാമങ്ങൾ അഭ്യസിക്കേണ്ടതുമുണ്ടു.

വ്യായാമം ചെയ്യുമ്പോഴും ശ്രമം അധികംവേണ്ട പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുമ്പോഴും പതിവിലധികം വേഗത്തിലാണ് നാം ശ്വാസോച്ഛ്വാസം ചെയ്യുന്നത്. ഇതിനു കാരണം ശരീരത്തിൽനിന്നു ദുഷിച്ചവായു അധികമായി പുറത്തേക്കു പോകുന്നതും അതിനു പകരം ശുദ്ധവായു കൂടുതലായി ശ്വസിക്കേണ്ടിവരുന്നതും ആണു. വായു ശുദ്ധാംശം കുറഞ്ഞിരിക്കുമ്പോഴും വേഗത്തിൽ ശ്വസിക്കേണ്ടിവരുന്നു.

ഒരു മിനിട്ടിൽ പതിനേഴുതവണ ശ്വാസോച്ഛ്വാസം ചെയ്യുന്നതാണു ക്രമം. ശ്വാസോച്ഛ്വാസങ്ങൾക്കിടയിൽ സ്വൽപനേരത്തെ വിരാമം ഉണ്ടു. മാംസപേശികൾക്കു വിശ്രമം നൽകുന്ന ഈ വിരാമം ആരോഗ്യത്തിനു അത്യാവശ്യമാണ്.

പാഠം ൧൩

അരയന്നവും കൊക്കുകളും

പണ്ടൊരുകാലത്തൊരരയന്നത്തിനു
ചെണ്ടപിണഞ്ഞതു കേൾക്കുവിനുഴുതള്ളു-
കൊണ്ടഥ ചെളിബള്ള ചള്ളചളയായൊരു
കണ്ടത്തിന്റെ വരമ്പത്തനവധി
കൊററികൾ ഞണ്ടും ഞവിണിയുമീവക
പററിയണഞ്ഞഥ കൊത്തിവിഴുങ്ങി
കൊററുകഴിച്ചുമരുന്നുളവവിടെ-
ത്തെറെറന്നഴകൊട്ടു ചെന്നാനൊരുനാൾ.

ചിത്രാകൃതിയാം കളഹംസേന്ദ്രൻ
തത്രാഗതനായപ്പോഠം കൊററികഠം
ചിത്തരസത്തൊടു തത്തിയടുത്തുട-
നിത്തരമവനൊടു ചോദ്യംചെയ്താർ: ൮൮

"കയ്യും കാലും കണ്ണും മുഖവും
തീയതുപോലെ ചുവന്നഴകുള്ളോരു
നീയാരിപ്പോളെവിടുന്നാണര-
ചെയ്യണ"മെന്നതു കേട്ടരയന്നം: ൮൯

"ഞാനൊരു ഹംസമതാണു വരുന്നതു
മാനസമതിൽനിന്നെ"ന്നരചെയ്തു.
ഉത്തമകന്നെന്തുള്ളതുമവിടെ-
ത്താനരചെയ്കെന്നായി ബകങ്ങഠം. ൯൦

"പൊൻതാമരകളുമമൃതൊളിജലവും
ചന്തമൊടുണ്ടെന്ന"ന്നം ചൊന്നാൻ
"എന്തഥ പിന്നെ വിശേഷിച്ചുള്ളതു
ഹന്ത കഥിക്കെ"ന്നായി ബകങ്ങഠം. ൯൧

"നല്ലൊരുകാന്തികലർന്നൊരു വിദ്രുമ-
വല്ലീതതിയും പരിമളമിളകിന
കൽഹാരാദിസുമങ്ങളുമുണ്ടെ"-
ന്നുല്ലാസേന പറഞ്ഞിതു ഹംസം. ൯൨

അതുകേട്ടിട്ടും തൃപ്തിവരാഞ്ഞഥ
ഗതികെട്ടീടിന കൊററിൻകൂട്ടം
അതികഷ്ടമഹോ കളഹംസത്തിനൊ-
ടിതി പെട്ടെന്നൊരു ചോദ്യം ചെയ്തു. ൯൩

അട്ടകളില്ലേ? ഞണ്ടില്ലേ? തേ-
രട്ടകളില്ലേ? ഞാഞ്ഞൂലില്ലേ?
കിട്ടില്ലിവകയെന്നതിനുത്തര-
മൊട്ടും കൂസാതന്നം ചൊന്നാൻ. ൩൬

ഇത്തരമന്നം ചൊന്നതു കേട്ടവെ-
രുത്തൊരു പരിഹാസത്തോടു കൊററികൾ
ഒത്തൊരുമിച്ചൊരു ഹീ ഹീ രവമതു
സത്വരമവിടെ മുഴക്കിയുരത്താർ. ൪൦

"എന്തിനു കൊള്ളാം നിന്നെ നീ സുഖ-
മെന്തറിയുന്നതു വന്നൊരു വഴിയേ
ഹന്ത! തിരിച്ചു നടക്കുക; നിന്നുടെ
പന്തം കണ്ടാൽ ചതുരം തന്നെ." ൪൪

കൂട്ടത്തോടവരിങ്ങനെ കലശല
കൂട്ടിക്കഠിനം കളഹംസത്തെ
ആട്ടിപ്പായിച്ചീടിനൊരക്കഥ
കേട്ടിട്ടില്ലാത്താളുകളുണ്ടോ? ൪൮

നിസ്സ്വന്മാരൊടു കൂടുകിലിങ്ങനെ
വന്നിടുമമലർ മിടുക്കന്മാർക്കും
എന്നതുകൊണ്ടതിനാരും തുനിയരു-
തെന്നുമനർത്ഥമതെന്നതിനർത്ഥം. ൫൨

[പാഞ്ചാലീസ്വയംവരം തുള്ളൽ] [വെൺമണിമഹൻ നമ്പൂരിപ്പാട്.

പാഠം ൧൯

എസ്കിമോകൾ

താമസിക്കുന്ന സ്ഥലത്തിന്റെ സ്വഭാവം അനുസരിച്ചാണു മനുഷ്യരുടെ ജീവിതരീതി. ഭൂമിയുടെ എല്ലാ ഭാഗത്തും പ്രകൃതി ഒരുപോലെ അല്ല. നമ്മുടെ രാജ്യത്തു നല്ലചൂടും ധാരാളം മഴയും ഉണ്ട്. ഇതുപോലെ അല്ല മണൽക്കാടുകളിലെ സ്ഥിതി. അവിടെ സഹിക്കാൻപാടില്ലാത്ത ചൂടാണു. മഴയും തീരെ ഇല്ല. ധ്രുവപ്രദേശങ്ങളിലെ സ്ഥിതി ഇതിൽനിന്നൊക്കെ വളരെ വ്യത്യാസപ്പെട്ടതാണ്. ഭൂമിയുടെ ഏററവും തെക്കും വടക്കുംഉള്ള ഭാഗങ്ങൾ ആണു് ധ്രുവങ്ങൾ.

അവിടെ എല്ലാകാലത്തും ദുസ്സഹമായ തണുപ്പുതന്നെ. ആ ശൈത്യംകൊണ്ടു വെള്ളം ഉറഞ്ഞു മഞ്ഞുകട്ടിയാകും. മഞ്ഞുകട്ടികൊണ്ടു ധ്രുവപ്രദേശങ്ങൾ മുഴുവൻ മൂടികിടക്കുന്നു. ഒരു ആണ്ടിന്റെ പകുതിയും നീണ്ടഒരു രാത്രിയാണു്. ശേഷംകാലത്ത് ഉഷഃപ്രഭപോലെ വെളിച്ചം കാട്ടും. അതു അവർക്കു നീണ്ട പകലാണ്. അക്കാലത്തുപോലും തണുപ്പിനു വലിയ കുറവുണ്ടാകുന്നും ഇല്ല. ആ സ്ഥലങ്ങളിൽ നമ്മെപ്പോലെ ഉള്ളവർക്കു ചെല്ലുവാനോ പ്രയാസം; ചെന്നെത്തിയാലും കഴിച്ചുകൂട്ടാൻ അതിലും വിഷമമാണ്. എന്നാൽ അവിടങ്ങളിലും മനുഷ്യർ ജീവിക്കുന്നു. അവരിൽ പ്രധാനപ്പെട്ടവരാണു് എസ്കിമോകൾ. അവരുടെ ജീവിതരീതിക്കു വളരെ വ്യത്യാസമുണ്ടു്.

ജനസംഖ്യ അനുസരിച്ചുനോക്കിയാൽ വളരെ ചെറിയ ഒരു വർഗ്ഗമാണ് എസ്കിമോകരം. ആ വർഗ്ഗത്തിൽ ആകപ്പാടെ അൻപതിനായിരത്തിൽ കൂടുതൽ ആളുകരം ഇല്ല. എങ്കിലും മനുഷ്യരുടെ വർഗ്ഗങ്ങളിൽ അവർക്കു മുഖ്യമായ ഒരു സ്ഥാനമുണ്ട്. വാസസ്ഥാനം തന്നെ അവരുടെ പ്രത്യേകതയ്ക്കു പ്രധാനകാരണമാണ്. എസ്കിമോ എന്ന പേരും സാർത്ഥകമാണ്. 'പച്ചത്തിന്നി', എന്നാണ് ആ പേരിന്റ് അർത്ഥം.

ഈ വർഗ്ഗക്കാർ ആദികാലങ്ങളിൽ താമസിച്ചിരുന്നതു വടക്കേ അമെരിക്കയിൽ സുപ്പീരിയർ തടാകത്തിനു വടക്കു ഭാഗത്തായിരുന്നു. ക്രമേണ അവർ വടക്കോട്ടുമാറി താമസിച്ചുതുടങ്ങി. അമെരിക്കയുടെ വടക്കുപടിഞ്ഞാറേ അററമായ അലാസ്കായിലും വടക്കുകിഴക്കുകിടക്കുന്ന ഗ്രീൻലാൻഡ് എന്ന ദ്വീപിലും വ്യാപിച്ചു. പിന്നീട് ചുററുമുള്ള പല ദ്വീപുകളിലും റഷ്യയിലും താമസം ഉറപ്പിച്ചു. വളരെക്കാലത്തിനു മുൻപുതന്നെ ഗ്രീൻലാൻഡിലെ എസ്കിമോകരംക്കു യൂറോപ്യന്മാരുമായി പരിചയം ഉണ്ടായി. ഇന്നു പല സ്ഥലങ്ങളിലും ഉള്ള എസ്കിമോകരം യൂറോപ്യൻ ദേശക്കാരുമായി വളരെ അടുത്തു പെരുമാറുന്നു. അതിനാൽ അവരുടെ പഴയരീതികരംക്കു മാററങ്ങരം ഉണ്ടായിട്ടുണ്ട്.

പരിഷ്കാരം സിദ്ധിച്ചിട്ടില്ലാത്ത എസ്കിമോകളുടെ ജീവിതരീതിയെപ്പററിയാണ് വിശേഷിച്ചറിയേണ്ടതു. അവർക്കു കൃഷിയോ കൈത്തൊഴിലോ ഇല്ല. ജന്തുക്കളെ

എസ്ക്കിമോക്കൾ

കൊണ്ടാണു അവര ജീവിക്കുന്നതു. മീൻ, നീർനായ്, നീർക്കുതിര ഇവയാണ് അവരുടെ പ്രധാനമായ ആഹാരം. അവയെ പിടിക്കാൻ സൗകര്യമുള്ള കടൽ തീരങ്ങളിലാണ് അവർ അധികമായിത്താമസിക്കുന്നതു്. ഉൾനാട്ടുകളിൽ താമസിക്കുന്ന എസ്കിമോകൾ റയിൻഡിയർ എന്ന ഒരുതരം മാനിനെക്കൊണ്ടാണ് ജീവിതം കഴിക്കുന്നതു്.

അവർ താമസിക്കുന്ന ആ പ്രദേശങ്ങളിൽ കടലിന്റെ മുകൾപ്പരപ്പ് മഞ്ഞുകട്ടികൊണ്ടു മൂടിയാണു കിടക്കുന്നതു. മഞ്ഞുപരപ്പിൽ ചിലെടത്തു ചെറിയ വിടവുകൾ കാണാം. അവയിൽക്കൂടി കടലിലെ ജന്തുക്കൾ വെളിക്കുവരും. എസ്കിമോകൾ ഒരുതരം കുന്തവുമായി അവയെ വേട്ടയാടാൻ കാത്തിരിക്കും. പൊന്തിവരുന്ന ജീവികളെ കുത്തിക്കൊരുത്തു് അവർ പിടിച്ചെടുക്കും. ഇങ്ങനെ വേട്ടയാടുന്നതിനു് അവൎക്കു നല്ല വശമുണ്ടു്. ചിലസ്ഥലങ്ങളിൽ ഉള്ള എസ്കിമോകൾ ചെറിയ തിമിംഗലങ്ങളേയും പിടിക്കുന്നു. മൃഗങ്ങളെ വേട്ടയാടുന്നതു് അമ്പും വില്ലും ഉപയോഗിച്ചാണ്.

റയിൻഡീയർ മുതലായവയുടെ തോലാണ് അവർ വസ്ത്രത്തിന് ഉപയോഗിക്കുന്നതു്. വേനൽക്കാലത്തെ ഉപയോഗത്തിനു തോലുകൊണ്ടുതന്നെ കൂടാരങ്ങളും മാളങ്ങളും അവർ ഉണ്ടാക്കുന്നു. വേട്ടയാടിപ്പിടിക്കുന്ന ജന്തുക്കളുടെ നെയ്യുകൊണ്ടാണ് അവർ വിളക്കുകത്തിക്കുന്നതും മററും. മഞ്ഞുപരപ്പിന്റെ പുറത്തുക്കൂടി വലിച്ചിഴച്ചുകൊണ്ടുപോകുന്ന ഒരുതരം വാഹനവും അവൎക്കുണ്ടു്.

സ്ലെഡ്ജ് (തെന്നുവണ്ടി) എന്നാണ് അതിന്റെ പേര്. ചെന്നായുടെ വർഗ്ഗത്തിൽപെട്ട ഒരുതരം വെള്ളപ്പട്ടികളാണു ആ വണ്ടിവലിക്കുന്നത്. റെയിൻഡീയർ മൃഗത്തെകെട്ടിയും ഈ വണ്ടി വലിപ്പിക്കുന്നുണ്ട്. റെയിൻഡീയറിനെക്കൊണ്ടു മററു പല ഉപകാരങ്ങളും അവർക്കു സിദ്ധിക്കുന്നു. അതിന്റെ പാലും മാംസവും തോലുംകൊണ്ടുള്ള പ്രയോജനം ഇത്രയെന്നു പറയാവതല്ല.

എസ്കിമോകൾ മഞ്ഞുകട്ടികൾകൊണ്ടു ഉണ്ടാക്കുന്ന വീടുകളിലാണു താമസിക്കുന്നതെന്നു പറയാറുണ്ട്. അതു മുഴുവൻ പരമാർത്ഥമല്ല. അത്തരം വീടുകൾ കണ്ടിട്ടുതന്നെയില്ലാത്ത എസ്കിമോകളും ഉണ്ട്. എങ്കിലും ഏതാനും സ്ഥലങ്ങളിൽ ശീതകാലത്തു മഞ്ഞുക്കട്ടകൾകൊണ്ടു വീടുണ്ടാക്കുന്നതു സാധാരണയാണ്. നാലിഞ്ചോളം കട്ടിയുള്ള മഞ്ഞുപാളികളാണു അതിന് ഉപയോഗിക്കുന്നത്. അവയുടെ ഉള്ളിൽ തീകത്തിച്ചു നല്ല ചൂടുണ്ടാക്കും. അതിനാൽ അവയിലെ താമസം വളരെ സുഖമാണ്. അധികം എസ്കിമോകളും താമസിക്കുന്നതു മണ്ണുകൊണ്ടുണ്ടാക്കുന്ന വീടുകളിലാണ്. കൽപലകകൾകൊണ്ടോ വലിയ മൃഗങ്ങളുടെ എല്ലുകൊണ്ടോ ആണ് ഇത്തരം വീടുകൾക്കു മേൽക്കൂര തീർക്കുന്നത്. തോലുടുപ്പുകൾ ധരിച്ചുകൊണ്ട് ശൈത്യത്തിന്റെ വലിയ ബാധ ഏൽക്കാതെ അവർക്കു വെളിക്കും സഞ്ചരിക്കാം.

ഗ്രാമങ്ങളായി ചേർന്നാണ് അവർ താമസിക്കുന്നത്. രാജാവോ അധികാരം വഹിക്കുന്ന മററു ആളുകളോ അവരുടെ ഇടയിൽ ഇല്ല. നാപത്ത് എന്നു പറയാൻ അധികം

ഒന്നും അവക്ക് ഇല്ല. അവരവർ നിർമ്മിക്കുന്ന സാധനങ്ങൾ അവരവരുടെ വകതന്നെ. എന്നാൽ പ്രകൃതിയിൽ നിന്നു കിട്ടുന്ന വസ്തുക്കൾ പൊതുവേ ഉള്ളതാണ്. വേട്ടയാടാനും മററും അവർ ഒത്തൊരുമിച്ചു പ്രവത്തിക്കുന്നു. പലരുംചേന്നു പിടിക്കുന്ന മൃഗത്തെ അവർ വീതിച്ചെടുക്കും. ഒരു ആൾ ഉണ്ടാക്കുന്ന വീട് അയാളുടെ വകആണ്. എന്നാൽ ഒരു വീടുവച്ച ആൾ അതു ഉപേക്ഷിച്ചിട്ടുപോയാൽ ആക്കും അതിൽകയറി താമസിക്കാം. സ്ഥലവും ആഹാരപദാർത്ഥങ്ങളും ആവശ്യത്തിൽ എത്രയോ കൂടുതൽ ഉള്ള അവിടെ അവശ്യമായി എന്തിനാണു മത്സരിക്കുന്നതു്?

അവർക്കു മതം ഇല്ല. ഈശ്വരനെപ്പററിയോ ദേവതകളെപ്പററിയോ പൊതുവേ അവർക്കു ബോധമില്ല. കാണുന്ന സകലതിനും ആത്മാവു് ഉണ്ടെന്നാണ് അവരുടെ വിശ്വാസം പ്രകൃതിയിൽ നടക്കുന്നതു് എല്ലാം ഏതോ ഭൂതങ്ങളുടെ ശക്തികൊണ്ടാണെന്നു് അവർ വിശ്വസിക്കുന്നു. മന്ത്രവാദങ്ങളും മററുംകൊണ്ടു് ഈ ഭൂതങ്ങളെ അമത്താം എന്നും ആണ് അവരുടെ വിശ്വാസം.

നാട്ടുനടപ്പാണ് അവരുടെ ആചാരങ്ങൾക്കു പ്രമാണം. അതിനു വിരുദ്ധമായി പെരുമാറാൻ ആരും ഒരുങ്ങാറില്ല. പോലീസും പട്ടാളവും ഇല്ലെങ്കിലും അവരുടെ ഇടയിൽ വളരെ മര്യാദയും സമാധാനവും ഉണ്ടു്. ഒരു ആൾ മററുള്ളവക്കു് ഉപദ്രവം ചെയ്യുന്നു എന്നിരിക്കട്ടെ. അതിനെപ്പററി പലരും രഹസ്യമായി ആലോചനകൾ തുടങ്ങും. ആ ആലോചനകൾ കുറെ നാളേക്കു

നിൽക്കും. ഒടുവിൽ അയാളെ കൊണ്ടേ ഉപദ്രവം തീരൂ എന്നു നിശ്ചയിച്ചാൽ അയാളുടെ ഏററവും അടുത്ത ബന്ധുതന്നെ വധം നടത്തും. പിന്നീടു കുടിപ്പക ഉണ്ടാകാതെ ഇരിക്കാനാണ് അടുത്ത ബന്ധുവിനെ കൊണ്ടുതന്നെ കൊല്ലിക്കുന്നതു. കാരണംകൂടാതെ ഒരാളിനെ കൊന്നാൽ അയാളുടെ ബന്ധുക്കൾ കൊന്ന ആളിനോടും കൂട്ടുകാരോടും മരിക്കുന്നതുവരെ യുദ്ധം ചെയ്യുന്നതാണ്.

എസ്കിമോകളുടെ ഭാഷ പഠിക്കാൻ വളരെ പ്രയാസമുള്ളതാണ്. അലാസ്കായിലും ഗ്രീൻലാൻഡിലും സൈബീരിയായിലും താമസിക്കുന്ന എസ്കിമോകൾ ഒരേഭാഷ തന്നെ സംസാരിക്കുന്നു. വിദേശികൾക്ക് ആ ഭാഷ പഠിക്കാൻ വളരെ പ്രയാസമാണ്. യൂറോപ്യൻഭാഷകളിലെ വാക്കുകളും എസ്കിമോ വാക്കുകളും ചേർന്ന ഒരു വികൃതഭാഷയിലാണ് യൂറോപ്യന്മാർ അവരോടു സംസാരിക്കുന്നതു്.

ഇന്നു് എല്ലാ ദേശങ്ങളിലെയും എസ്കിമോകളുടെ രീതി ഒരുപോലെയല്ല. പല സ്ഥലങ്ങളിലും ഉള്ള എസ്കിമോകൾ എഴുത്തോ പുസ്തകമോ കണ്ടിട്ടില്ല. എന്നാൽ ഗ്രീൻലാൻഡിൽ ചില ഭാഗത്തു എസ്കിമോകൾ അവരുടെ ഭാഷയിൽതന്നെ പ്രസിദ്ധീകരണം നടത്തിവരുന്നു. ചില സ്ഥലത്തുള്ളവർ തോക്കുകൾ ഉപയോഗിക്കുന്നു. മററുചില സ്ഥലങ്ങളിൽ ഇന്നും പഴയ വില്ലും അമ്പുംതന്നെ. കൂലിവേലകൊണ്ടു കാലക്ഷേപം ചെയ്യുന്നവരും വേട്ടയാടിയോ മീൻപിടിച്ചോ മാത്രം

കഴിച്ചുകൂട്ടുന്നവരും അവരിൽ ഉണ്ടു. ചിലക്കു നീർനായ്ക്കളുടെ മാംസം മാത്രമാണു് ആഹാരം. മററുചില എസ്കിമോകൾ നീർനായുടെ മാംസം ഭക്ഷിക്കയില്ല. റെയിൻഡീയർ എന്ന മാനിനെക്കൊണ്ടുമാത്രം ജീവിക്കുന്ന അനേകം എസ്കിമോകൾ ഉണ്ടു. എന്നാൽ ചില ദേശങ്ങളിലെ എസ്കിമോകൾ ആ മൃഗത്തെ കണ്ടിട്ടുപോലും ഉള്ളവരല്ല.

പരിഷ്കാരത്തിന്റെ വലിയ പടിയിൽ അകപ്പെട്ടിട്ടില്ലെങ്കിലും എസ്കിമോകളുടെ ജീവിതം സുഖപൂർണ്ണമാണു. ഏററവും ആരോഗ്യവും സന്തുഷ്ടിയും ഉള്ള വർഗ്ഗമാണു് അവർ. ഇത്ര കൂടുതൽ ചിരിക്കുന്ന ആളുകൾ വേറെയില്ല. അവർക്കു സ്വന്തം നാടിനെപ്പററി വലിയ അഭിമാനമാണു്. മാംസമാത്രമായ ആഹാരവും തോലുകൊണ്ടും രോമംകൊണ്ടും ഉള്ള വസ്ത്രങ്ങളും അവക്കു വളരെ ഇഷ്ടമാണു്. മററുള്ളവക്കു് എസ്കിമോകളുടെ നാടിനെപ്പററി അനുകമ്പയാണു തോന്നുന്നതു. എസ്കിമോകൾക്കാകട്ടെ സ്വന്തം നാടുവിടാൻ തീരെ ഇഷ്ടമില്ല. ജന്മദേശം അവക്കു സ്വർഗ്ഗത്തെക്കാൾ പ്രിയതരമാണു്.

പാഠം ൧൮

അക്ഷയപാത്രം

കാട്ടിലിരിക്കും ധർമ്മാത്മജന്റെ
പാട്ടിലിരിക്കും ബ്രാഹ്മണർ ചൊല്ലി ൨
കേട്ടു വിശേഷം ദുര്യോധനനും
കൂട്ടക്കാരും കുരുസഭതന്നിൽ ൪

മന്ത്രികളും യജമാനന്മാരും
യന്ത്രികളാകിയ കർണ്ണൻ ശകുനിയും ൬
"അന്തണവരന്മാരേ! കാട്ടിലിരിക്കും
കുന്തീസുതരുടെ വാർത്തകൾ പറവിൻ. ൮
നാട്ടിലവർക്കു പുനഃസ്ഥിതിയെക്കാൾ
കാട്ടിൽപ്പെരുകിയ പരമാനന്ദം ൧൦
കാററിൻമകനുടെ കായമതിപ്പോൾ
കാററും മഴയും മറവുവലഞ്ഞു. ൧൨
കൊററിനു വകയില്ലാഞ്ഞിട്ടങ്ങൊരു
കൊററിപ്പക്ഷികണക്കെ മെലിഞ്ഞു." ൧൪
"കൊററിനു വകയില്ലെന്നോ ശിവ! ശിവ!
മാററികൾ നിങ്ങൾക്കെന്തറിയാവൂ! ൧൬
ഊററക്കാർക്കൊരിടത്തും ചെന്നാൽ
ഊനം വരുമാറില്ലെന്നറിവിൻ ൧൮
ഫലമൂലാദികൾ വളരെത്തിന്നാം
മലയിലതല്ലാതെന്തൊന്നുള്ളൂ. ൨൦
ഫലമില്ലാത്ത വിവാദംകൊണ്ടിഹ
കലഹിക്കുന്നതുമെന്തിനു വെറുതേ! ൨൨
കറിനാലും കൂടാതൊരുഭക്ഷണ-
മറിയുന്നില്ല വനങ്ങളിലെങ്ങും." ൨൪
"കറിവക പാണ്ഡവരെന്തുള്ളതു കാട്ടിൽ?
വിറകിനുമാത്രം മുട്ടില്ലവിടെ. ൨൬
അരിയും മോരും പാത്രവുമീവക-
യൊരുവസ്തുക്കളുമവിടെക്കിട്ടാ. ൨൮

TRAINING SCHOOL KOTTAYAM LOWER GRADE

ക്രൂരപറഞ്ഞാൽ ഖേദം വരുമോ
ചോറുണ്ണുന്നവരുണ്ടോ കാട്ടിൽ? ൩൫
ചോറുതരും യജമാനന്മാരിൽ
ക്രൂരുണ്ടായതു കാറമതല്ലേ.” ൩൬

“കാര്യം പറയാമറിയണമെങ്കിൽ
സൂര്യനവർക്കൊരു പാത്രം നല്കി ൩൭
എന്തൊരുവസ്തു നിരൂപിച്ചെന്നാൽ
അന്തരമില്ലതിലുണ്ടാമപ്പോൾ. ൩൮
അരിയുംവേണ്ടാ വിറകുംവേണ്ടാ
കറിവയ്പാനായൊന്നുംവേണ്ടാ. ൩൯
ഉപ്പുംവേണ്ടാ മുളകുംവേണ്ടാ
വെപ്പാനുള്ളവരാരുംവേണ്ടാ. ൪൦
നിരുപിക്കുമ്പോൾ ചോറുംകറിയും
പരിചൊടു പാത്രംതന്നിൽ കാണാം. ൪൧
ഇലയും മോരും തൈരും പഴവും
ചെലവഴിയാതങ്ങവിടെ കാണാം. ൪൨

... ...

സമ്പത്തിങ്കലുമാപത്തിങ്കലു-
മമ്പത്തെട്ടുസഹസ്രം ബ്രാഹ്മണ- ൪൩
രെപ്പൊഴുമവരൊടുകൂടി നടക്കുമ-
തില്പരമെന്തൊരു ഭാഗ്യംവേണ്ടു?” ൪൪

പാഠം പന്ത്രണ്ട്

രോഗനിവാരണം

യാതൊരു രോഗവും പിടിപെടാതെ സുഖമായി ജീവിക്കാനാണല്ലോ എല്ലാവരും ആഗ്രഹിക്കുന്നതു്. രോഗം പിടിപെട്ടാൽ അനുഭവിക്കേണ്ട കഷ്ടനഷ്ടങ്ങൾ ചില്ലറയല്ല. എന്തുവേദന! എത്ര പണച്ചെലവു! ആൾക്കെല്ലാം ബുദ്ധിമുട്ടു! അതിനാൽ രോഗം പിടിപെടാതിരിക്കാനുള്ള ഉപായം മനസ്സിലാക്കി അതനുസരിച്ചു ജീവിക്കേണ്ടതാണല്ലോ.

കുട്ടികൾക്കു സാധാരണ പിടിപെടാറുള്ള രോഗങ്ങളാണു് ചൊറിയും ചിരങ്ങും. അവ എളുപ്പത്തിൽ പകരുന്ന സുഖക്കേടുകളുമാണു. ചൊറി പിടിപെട്ടിട്ടുള്ള കുട്ടികളെ തൊട്ടാൽ ആ രോഗം പകരാൻ ഇടയാകും. ശുചിത്വം ഇല്ലാതിരുന്നാലും ഈ രോഗം ഉണ്ടാകും. അതിനാൽ ദിവസവും കുളിക്കുകയും കുളിക്കുന്ന സമയത്തു് ഈഞ്ചയോ, സോപ്പോ ഉപയോഗിച്ചു ദേഹത്തെ വൃത്തിയാക്കിക്കൊള്ളുകയും വേണം.

പല്ലിൽ അഴുക്കുപററിയിരുന്നാൽ പല രോഗങ്ങൾക്കു കാരണമാകും. അതിനാൽ പല്ലുതേയ്ക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ദിവസവും രാവിലെ പല്ലുതേച്ചു് വൃത്തിയാക്കുന്നതുകൂടാതെ ഭക്ഷണം കഴിച്ചാലുടൻ വായ് നല്ലപോലെ കഴുകി വൃത്തിയാക്കുകയും ചെയ്യേണ്ടതാണു്.

രോഗങ്ങൾ അധികവും അണുപ്രാണികളുടെ പ്രവൃത്തിമൂലം ഉണ്ടാകുന്നവയാണ്. ആ അണുപ്രാണികളെ കണ്ണുകൊണ്ടു കാണാൻ കഴികയില്ല. ശ്വസിക്കുന്ന വായുവിലും കുടിക്കുന്ന പാനീയങ്ങളിലും, കഴിക്കുന്ന ഭക്ഷണങ്ങളിലും അവ ഉണ്ടായിരിക്കും. രോഗാണുക്കൾ ഉള്ള വായു ശ്വസിച്ചിട്ടാണ് ജലദോഷം, മസൂരി, ക്ഷയം എന്നീരോഗങ്ങൾ പിടിപെടുന്നതു്.

രോഗാണുക്കൾ കലർന്ന വെള്ളം കുടിക്കുമ്പോൾ ആ അണുക്കൾ ദേഹത്തിൽ പകർന്നു വിഷൂചിക, വിഷമജ്വരം മുതലായ സുഖക്കേടുകൾ ഉണ്ടാകും.

കടകളിലും ചന്തകളിലും വില്ക്കാൻ വച്ചിരിക്കുന്ന ഭക്ഷണസാധനങ്ങളിൽ ഈച്ചകൾ ചെന്നുപററുന്നു. അവ രോഗബീജങ്ങളെ വഹിച്ചുകൊണ്ടായിരിക്കും അങ്ങനെ ഇരിക്കുന്നതു. ആ ഭക്ഷണസാധനങ്ങൾ വാങ്ങി കഴിച്ചാൽ അതിൽനിന്നു രോഗബീജങ്ങൾ ശരീരത്തിൽ സംക്രമിച്ചു പല സുഖക്കേടുകളും ഉണ്ടാകുന്നു. അതിനാൽ അത്തരത്തിലുള്ള ആഹാരപദാൎത്ഥങ്ങൾ കഴിക്കുന്നതു നന്നല്ല.

മസൂരി, വിഷൂചിക, സന്നിപാതജ്വരം, പ്ലേഗു മുതലായവ വളരെ എളുപ്പത്തിൽ പകരുന്ന രോഗങ്ങളാണ്. മസൂരി പിടിപെടാതിരിക്കാൻ ഗോമസൂരി പ്രയോഗം നടത്തുന്നതു കൊള്ളാം. മററു രോഗങ്ങൾക്കും ഇതുപോലെ മരുന്നു കുത്തിവയ്ക്കുന്നതു ഇപ്പോൾ സാധാരണമാണ്.

ഒരു സങ്കല്പരാജ്യത്തു രോഗം പിടിപെടുന്നവൎക്കു തടവുശിക്ഷ നൽകിവന്നതായി ഒരു ഗ്രന്ഥകാരൻ പ്രസ്താവിച്ചിട്ടുണ്ടു്. ഇതു കേട്ടാൽ കഥയെന്നു തോന്നാം. എങ്കിലും ആലോചിച്ചാൽ രോഗികളും കുററക്കാരാണെന്നു മനസ്സിലാകും. എന്തെന്നാൽ ശരിയായി ശ്രദ്ധിച്ചാൽ മിക്ക സുഖക്കേടുകളും പിടിപെടാതെ കഴിക്കാം. ശ്രദ്ധിക്കാത്തതു കുററമല്ലേ? ആ കുററത്തിനു ശിക്ഷ അനുഭവിക്കേണ്ടതു ന്യായവുമല്ലേ?

വ്യവസായശാലകളിൽ വേലചെയ്യുന്ന ആളുകളുടെ രക്ഷയ്ക്കായി ഗവൺമെൻറിൽനിന്നു പല നിയമങ്ങൾ ഏൎപ്പെടുത്തിയിട്ടുണ്ടു. വ്യവസായശാലയിലെ പണിക്കാർക്കു വേലചെയ്യുമ്പോൾ വല്ല ആപത്തും നേരിട്ടാൽ അതുകൊണ്ടു് ആവശ്യമായിവരുന്ന ചെലവു് വ്യവസായശാലയുടെ ഉടമസ്ഥൻ വഹിച്ചുകൊള്ളണമെന്ന ചട്ടം ഉണ്ടു്. അതുകൊണ്ടു് മുതലാളിമാർ ആപത്തുകളെ തടയാനുള്ള ഉപായങ്ങളും പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടു്.

റൊട്ടി ഉണ്ടാക്കുന്ന ശാലകളിൽ വേല ചെയ്യുന്നവൎക്കു ത്വക്‌രോഗം സാധാരണയാണു്. റൊട്ടി ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഗോതമ്പുമാവിനു ഈൎപ്പമുണ്ടെങ്കിൽ അതു ദോഷകരമാണെന്നു കണ്ടുപിടിച്ചു. അതിനുശേഷം മാവിൽ ഈൎപ്പം കൂടാതെയിരിക്കാൻ ശ്രദ്ധിച്ചു. അതുകൊണ്ടു് തൊഴിലാളികളുടെയിടയിൽ ഈ രോഗത്തിനു് എത്രയോ കുറവു വന്നിട്ടുണ്ടു. പഞ്ഞി വ്യവസായശാലകളിൽ പഞ്ഞിക്കെട്ടുകൾ പൊളിക്കു

മ്പോൾ വായുവിൽ വളരെ പൊടി കലരുന്നു. ആ വായു ശ്വസിച്ചാൽ രോഗങ്ങൾ പിടിപെടും. അതിനാൽ ഇപ്പോൾ യന്ത്രങ്ങളുടെ സഹായംകൊണ്ടാണ് പഞ്ഞി ക്കെട്ടുകൾ പൊളിക്കുന്നത്.

വാതവും, ക്ഷയവും വളരെ ഭയപ്പെടേണ്ട രോഗ ങ്ങളാണ്. ആരംഭത്തിൽതന്നെ പ്രതിവിധികൾ ചെയ്യാ മെങ്കിൽ ഈ സുഖക്കേടുകളിൽനിന്നു രക്ഷ നേടാം. വാതരോഗത്തിന്റെ ലക്ഷണം കണ്ടാൽ വരണ്ട വായു വുള്ള പ്രദേശങ്ങളിൽ താമസിക്കരുതു. ഈറപ്പുമുള്ള വസ്ത്ര ങ്ങളോ, നനഞ്ഞ പാദരക്ഷയോ ധരിക്കരുത്. ഈറപ്പുമുള്ള തറയിൽ സഞ്ചരിക്കരുത്. വാതരോഗത്തെ ആരംഭ ത്തിൽതന്നെ ചികിത്സിച്ചു ഭേദമാക്കിയില്ലെങ്കിൽ ഒരു ഹൃദ്രോഗത്തിനു കാരണമാകും.

ജലദോഷവും ചുമയും ദിവസംതോറും വൈകു ന്നേരം പനിയും ആണ് ക്ഷയരോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ. ക്ഷയരോഗമുള്ള പശുവിന്റെ പാലിൽ നിന്നാണ് ഈ സുഖക്കേടു വ്യാപിച്ചുവന്നതു. ഈയി ടെയായി പാൽവില്പനയിൽ ഗവണ്മെന്റ് വളരെ ശ്രദ്ധ പതിപ്പിക്കുന്നതുകൊണ്ടു ഈ സുഖക്കേടിനു വളരെ കുറവുണ്ടു. ജനങ്ങൾ ആരോഗ്യരക്ഷാനിയമങ്ങൾ അനു സരിച്ചു ജീവിതം നയിക്കുമെങ്കിൽ ഈ സുഖക്കേടിന് ഇനിയും എത്രയോ കുറവു് വരുത്താവുന്നതാണ്.

മലമ്പനി, മന്തു് എന്നീ രോഗങ്ങൾ പരത്തുന്നതു് ഓരോതരം കൊതുകുകളാണ്. അവയുടെ ശല്യം തടയു

ന്നതിന്നു കരുതൽ ചെയ്യേണ്ടതാണ്. കൊതുകിനെ കൊന്നൊടുക്കാൻ ഇപ്പോൾ ചില ഉപായങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടു. അതിന്റെ മുട്ടകളെത്തന്നെ സംഹരിച്ചുകളയുന്നതാണു ആ മാൎഗ്ഗം. പെൺകൊതുക് വെള്ളത്തിലാണ് മുട്ടയിടുന്നതു്. അതുകൊണ്ടു വീടിന്നു ചുററും വെള്ളം കെട്ടിനിൽക്കാതെ ശ്രദ്ധിച്ചാൽ കൊതുക പെരുകാതെ തടയാവുന്നതാണ്. നമ്മുടെ ഭവനങ്ങൾക്കു ചുററും വെള്ളം കെട്ടിനിൽക്കുന്ന കുണ്ടോ കുഴിയോ ഉണ്ടെങ്കിൽ അവയെ നികത്തിക്കളയണം. അതിന്നു സൗകൎയ്യമില്ലെങ്കിൽ വെള്ളത്തിന്നു മീതെ പാടകെട്ടുന്ന ഏതെങ്കിലും എണ്ണ ഒഴിക്കണം. വലിയ പട്ടണങ്ങളിൽ ഇങ്ങനെ കൊതുകിന്റെ ശല്യം തടയാൻ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ പതിവായി എണ്ണ ഒഴിക്കുന്നുണ്ടു. രാത്രികാലത്തു കിടക്കുന്ന കട്ടിൽ മൂടി-കൊതുകുവലയിട്ടുകൊള്ളുന്നതും നല്ലതാണ്. ശരീരത്തിൽ രക്തം ദുഷിച്ചാൽ പല രോഗങ്ങളും ഉണ്ടാകുന്നതാണ്. അതിനാൽ രക്തം ശുദ്ധമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. രക്തത്തെ ദുഷിപ്പിക്കുന്ന ഒരു തരം കൃമികൾ ഉണ്ട്. അവ ദേഹത്തിൽ കടികൊണ്ടാൽ മനസ്സിന്റെ ഉന്മേഷം നശിക്കയും ദേഹം ദുൎബ്ബലമാകയും ചെയ്യും. അവയ്ക്കു കൊക്കപ്പുഴുക്കൾ എന്നാണു പേർ. അവയ്ക്കു് ഒരംഗുലം പോലും നീളമില്ല. അവയുടെ തല ചൂണ്ടപോലെ വളഞ്ഞിരിക്കും. അവ കുടലിന്നകത്തു കൊളുത്തിക്കിടന്നു് രക്തം ഉറുഞ്ചിക്കുടിക്കുന്നു. അവ ആരോഗ്യത്തെ നശിപ്പിക്കുന്ന ഒരുതരം വിഷത്തെ വമിക്കയും ചെയ്യുന്നു. കൊക്കപ്പുഴുക്കൾ ചെ

കുമ്പോൾ രോഗിയുടെ രക്തം ക്ഷയിച്ച് ദേഹമാസകലം പിത്തം വ്യാപിക്കുന്നു.

കൊക്കപ്പുഴ കുടലിനകത്തു മുട്ടയിടുന്നു. മുട്ടകൾ രോഗിയുടെ മലത്തിൽകൂടി പുറത്തേക്കു പോകുന്നു. ആ മുട്ടകൾ വിരിഞ്ഞു ചെറിയ കൃമികൾ ഉണ്ടാകുന്നു. കൃമികൾ കിടക്കുന്ന സ്ഥലത്തുകൂടി ചെരിപ്പിടാതെ സഞ്ചരിക്കുന്നവരുടെ കാൽവിരലിന്റെ ഇടയിലുള്ള തൊലി പൊട്ടിച്ച് അവ ശരീരത്തിൽ പ്രവേശിക്കുന്നു. ചുററി ത്തിരിഞ്ഞു ഒടുവിൽ അവ കുടലിൽ ചെന്നുചേരുന്നു.

രോഗനിവാരണത്തിനു പല നിയമങ്ങളും അനുസരിക്കണം. ശുദ്ധവായു ശ്വസിക്കണം. ശുദ്ധജലമേ കുടിക്കാവൂ. വൃത്തിയുള്ളതും പോഷകവസ്തുക്കൾ ഉള്ളതുമായ ഭക്ഷണം കഴിക്കണം. താമസിക്കുന്ന സ്ഥലത്തിനടുത്തു വെള്ളം കെട്ടിനിൽക്കാതെ സൂക്ഷിക്കണം. ദേഹത്തെ ശുചിയാക്കി വച്ചുകൊള്ളുകയും പതിവായി വ്യായാമം ചെയ്യുകയും വേണം. ആവശ്യം നേരിടുമ്പോൾ ഗോമസൂരിപ്രയോഗം സാത്മ്യപ്രയോഗം എന്നിവ നടത്തുന്നതിലും ശ്രദ്ധിക്കണം. വെളിസ്ഥലങ്ങളിൽ നടക്കുമ്പോൾ കാലിൽ ചെരിപ്പോ മെതിയടിയോ ഇട്ടുകൊള്ളുന്നതിനും കരുതൽ ഉണ്ടായിരിക്കണം.

പാഠം ൨൦

ദ്രവ്യമില്ലാഞ്ഞാൽ തരംകെട്ടും നിൎണ്ണയം

അഷ്ടിയില്ലായ്കകൊണ്ടെന്റെ ശരീരവും
പുഷ്ടിയില്ലാതെയായെന്തു ചെയ്യാവതും

വൃഷ്ടിയില്ലാഞ്ഞാൽ നദികളും വറ്റിടും
ഇഷ്ടിയില്ലാഞ്ഞാൽ ദ്വിജന്മാരിളപ്പെടും.

തുഷ്ടിയില്ലാഞ്ഞാൽ മനുഷ്യൻ മഹാജളൻ
കൃഷ്ടിയില്ലാഞ്ഞാൽ വിളവും കുറഞ്ഞുപോം

യഷ്ടിയില്ലാഞ്ഞാൽ നടക്കുമോ വൃദ്ധരും
സൃഷ്ടിയില്ലാഞ്ഞാൽ പ്രജകളുണ്ടാകുമോ.

പട്ടിയില്ലാഞ്ഞാൽ ഗൃഹത്തിന്നുറപ്പില്ല
ചെട്ടിയില്ലാഞ്ഞാൽ മുഴക്കുമോ വാണിഭം

കുട്ടിയില്ലാഞ്ഞാൽ പശുക്കൾ കറക്കുമോ
ചട്ടിയില്ലാഞ്ഞാൽ ദരിദ്രൻ പചിക്കുമോ

അൎത്ഥമുണ്ടെങ്കിൽ സമസ്തജന്തുക്കൾ സ-
മൎത്ഥരായീടുമതില്ലാത്ത പൂരുഷൻ

വ്യൎത്ഥം ശരീരം വഹിക്കുന്നു സൎവ്വം നി-
രൎത്ഥമാജീവന്റെ ജീവസന്ധാരണം.

ദ്രവ്യമുണ്ടെങ്കിലേ ബന്ധുക്കളുണ്ടാവൂ
ദ്രവ്യമില്ലാത്തവനാരുമില്ലാ ഗതി. ൧൯
ദിവ്യനെന്നാകിലും ഭവ്യനെന്നാകിലും
ദ്രവ്യമില്ലാഞ്ഞാൽ തരം കെട്ടും നിർണ്ണയം ൨൦

[കുഞ്ചൻനമ്പ്യാർ. പഞ്ചതന്ത്രം.]

പാഠം ൨൯

കുഞ്ചൻനമ്പ്യാർ

കഥകളിപോലെ പ്രധാനപ്പെട്ട ഒരു വിനോദകലയാണു തുള്ളൽ. തുള്ളൽപ്പാട്ടുകൾക്കു നമ്മുടെ സാഹിത്യത്തിലുള്ള സ്ഥാനം ആട്ടക്കഥകളിലും മികച്ചതാണ്. ഈ കലയ്ക്കു് ഈ സ്ഥാനം സമ്പാദിച്ചുകൊടുത്തിട്ടുള്ളതു് കുഞ്ചൻനമ്പ്യാരായിരുന്നു.

നമ്പ്യാരുടെ ജനനസ്ഥലം മലബാറിൽ തിരുവില്വാമലയ്ക്കു സമീപമുള്ള കിള്ളിക്കുറിശ്ശിമംഗലമാകുന്നു. കൊല്ലവർഷം ൮൮൦-ാമാണ്ടിടയ്ക്കാണ് അദ്ദേഹം ജനിച്ചതെന്നു ചിലർ പറയുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരെപ്പററി സൂക്ഷ്മമായ അറിവൊന്നും ലഭിച്ചിട്ടില്ല. അച്ഛൻ ഒരു ബ്രാഹ്മണനായിരുന്നുവെന്നും അതല്ല ഒരു നമ്പ്യാർതന്നെയായിരുന്നു എന്നും പറയുന്നുണ്ടു.

മലയാളത്തിൽ സാമാന്യവിദ്യാഭ്യാസവും സംസ്കൃതത്തിൽ ഉപരിവിദ്യാഭ്യാസവും ചെയ്യുക അന്നു കേരളീയരുടെ ഇടയിൽ നടപ്പായിരുന്നു. നമ്പ്യാർ സംസ്കൃതം

നല്ലവണ്ണം അഭ്യസിച്ചിരുന്നു എന്നു് അദ്ദേഹത്തിന്റെ കൃതികളിൽനിന്നു ഊഹിക്കാം.

നമ്പ്യാരുടെ ആദ്യഗുരു ആരായിരുന്നു എന്നു് അറിഞ്ഞുകൂടാ. കോട്ടയം താലൂക്കിൽ കിടങ്ങൂർക്കാരനായ ഒരു ബ്രാഹ്മണനു കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിൽ ശാന്തിയുണ്ടായിരുന്നു. ഈ ബ്രാഹ്മണൻ മുഖാന്തരം കൗമാരവയസ്സിൽതന്നെ നമ്പ്യാർ കിടങ്ങൂരിൽചെന്നു താമസിക്കാൻ ഇടയായി. കിടങ്ങൂരിനു സമീപമുള്ള കുടമാളൂർ ദേശത്തായിരുന്നു ചെമ്പകശ്ശേരി രാജാവിന്റെ കുലഭവനം. അവിടെവച്ചു നമ്പ്യാർ ചെമ്പകശ്ശേരിരാജാവിനെ കണ്ടു പരിചയപ്പെടുകയും, അദ്ദേഹത്തിന്റെ ആശ്രിതനായി ആലപ്പുഴെ ചെന്നു താമസിക്കുകയും ചെയ്തു. അവിടെ വച്ചു തകഴിയിൽ നന്തിക്കാട്ട് ഉണ്ണിരവിക്കുറുപ്പും, ദ്രോണമ്പള്ളി എന്നു് ഇല്ലപ്പേരുള്ള ഒരു ബ്രാഹ്മണനും നമ്പ്യാരുടെ ഗുരുക്കന്മാരായിത്തീർന്നു. തന്റെ പല കവിതകളിലും നമ്പ്യാർ ഈ ഗുരുക്കന്മാരെ വന്ദിച്ചിട്ടുണ്ടു്.

നമ്പ്യാരുടെ ചെറുപ്പത്തിൽ തിരുവിതാംകൂർ ഇന്നത്തേതിലും വളരെ ചെറിയ ഒരു രാജ്യമായിരുന്നു. കൊല്ലം തൊട്ടു വടക്കോട്ടു കൊച്ചിവരെയുള്ള പ്രദേശം ദേശിങ്ങനാട്ട്, കായംകുളം, ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ എന്നിങ്ങനെ പല ചെറിയ രാജ്യങ്ങളായിരുന്നു. ൯൦൪-ൽ തിരുവിതാംകൂർ രാജ്യഭാരം കയ്യേററ മാർത്താണ്ഡവർമ്മ മഹാരാജാവാണ് ഈ ചെറിയ രാജ്യങ്ങളെ എല്ലാം പട വെട്ടിപ്പിടിച്ചു തിരുവിതാംകൂറിനോടു

ചേർത്തു്. ഇപ്പോഴത്തെ അമ്പലപ്പുഴത്താലൂക്കിന്റെ മിക്ക ഭാഗങ്ങളും കുടമാളൂർ തുടങ്ങിയുള്ള പ്രദേശവും ഉൾപ്പെട്ട ചെമ്പകശ്ശേരിരാജ്യം അന്നു ദേവനാരായണൻ എന്നു സ്ഥാനപ്പേരുള്ള ഒരു ബ്രാഹ്മണരാജാവു ഭരിച്ചിരുന്നു. ൻവൻ-ൻമുമ്പ് ആ രാജ്യം തിരുവിതാംകൂറിനോടു ചേർത്തു.

കുഞ്ചൻനമ്പ്യാർ അമ്പലപ്പുഴെ താമസിച്ചിരുന്ന കാലത്തു് അദ്ദേഹം തുള്ളൽപ്പാട്ടുകൾ ഉണ്ടാക്കിത്തുടങ്ങി. തുള്ളലിന്റെ ഉല്പത്തിയെക്കുറിച്ച് ഒരു ഐതിഹ്യമുണ്ടു.

ഉത്സവസ്ഥലങ്ങളിലും മററും കഥാപ്രസംഗം ചെയ്യുന്നവരായി ചാക്യാന്മാർ എന്നൊരു വകക്കാരുണ്ടു്. അവരുടെ കഥാപ്രസംഗത്തിനു കൂത്തു് എന്നാണു പേരു്. ചാക്യാർ ശ്ലോകം ചൊല്ലുമ്പോൾ നമ്പ്യാർ മിഴാവുകൊട്ടുക പതിവാണു്. ഒരിക്കൽ അമ്പലപ്പുഴ ക്ഷേത്രത്തിൽ നടന്ന ചാക്യാർകൂത്തിനു കുഞ്ചൻനമ്പ്യാർ മിഴാവു കൊട്ടിക്കൊണ്ടിരുന്നു. നമ്പ്യാർ ഇടയ്ക്കു് ഉറങ്ങിപ്പോയി. ചാക്യാർ ശ്ലോകം ചൊല്ലിയപ്പോൾ കൊട്ടാൻ ആരും ഉണ്ടായില്ല. ഫലിതക്കാരനായ ചാക്യാർ വിട്ടില്ല. പ്രസംഗത്തിന്റെ മദ്ധ്യത്തിൽ സന്ദർഭമുണ്ടാക്കി നമ്പ്യാരെ കളിയാക്കി. ചാക്യാർ കൂത്തു പറയുന്നതിനിടയ്ക്കു് ആരെ എങ്ങനെ ആക്ഷേപിച്ചാലും മറുപടി പറയാൻ പാടില്ലെന്നാണു വയ്പ്. അതിനാൽ ചാക്യാരുടെ പരിഹാസം നമ്പ്യാർ സഹിച്ചുകൊണ്ടിരുന്നു. അതിനു പ്രതികാരമായി ചാക്യാരെ അബദ്ധനാക്കണമെന്നു നമ്പ്യാരും നിശ്ചയിച്ചു.

അന്നു രാത്രികൊണ്ടു് നമ്പ്യാർ കല്യാണസൗഗന്ധികം കഥ തുള്ളൽപ്പാട്ടായി എഴുതിത്തീർത്തു. പിറേറദിവസം ചാക്യാർ കൂത്തു പറയാൻ ആരംഭിച്ചപ്പോൾ അടുത്തു ഒരു സ്ഥലത്തുനിന്നു് ഒരു കോലാഹലം കേൾക്കാറായി. പുതിയ വേഷത്തോടും പുതിയ താളമേളങ്ങളോടും കൂടി നമ്പ്യാർ പാട്ടുപാടി തുള്ളൽ തുടങ്ങി. കൂത്തു കേട്ടിരുന്നവർ നമ്പ്യാരുടെ അടുക്കലേക്കു് ഓടി. തുള്ളൽ അതുവരെ ആരും കണ്ടിട്ടില്ലാത്ത വിദ്യ; തുള്ളൽക്കാരൻ കുഞ്ചൻനമ്പ്യാർ. കഥയോ സരസമായ കല്യാണസൗഗന്ധികം. തുള്ളൽപ്പാട്ടിൻെറ കവിതാഗുണങ്ങൾ പറയാനുമില്ല. കൂത്തുകേൾക്കാൻ ആരുമില്ലാതെ ചാക്യാർ വിഷണ്ണനായിനിന്നു. തലേനാൾ നമ്പ്യാരെ കളിയാക്കിയതിൻെറ ഫലം ചാക്യാർ കണക്കിനു അനുഭവിച്ചു.

അമ്പലപ്പുഴരാജ്യം തിരുവിതാംകൂറിനോടു ചേർന്ന ശേഷം നമ്പ്യാർ മാർത്താണ്ഡവർമ്മ മഹാരാജാവിനെ ആശ്രയിച്ചു തിരുവനന്തപുരത്തു താമസിച്ചു. മഹാരാജാവു നാടുനീങ്ങിയ ശേഷവും കുറേക്കാലത്തേക്കുകൂടി നമ്പ്യാർ തിരുവനന്തപുരത്തു താമസിച്ചിരുന്നു. ധ്രുവചരിതം, കൃഷ്ണലീല മുതലായവയാണു് അക്കാലത്തു നിർമ്മിച്ച പ്രധാന കൃതികൾ. ൯൪൦-നടയ്ക്കു നമ്പ്യാർ വീണ്ടും അമ്പലപ്പുഴയ്ക്കു മാറിത്താമസമായി. കുറേ കാലം കഴിഞ്ഞു് അവിടെ വച്ചു കാലധർമ്മം പ്രാപിക്കുകയും ചെയ്തു. പേപ്പട്ടി കടിച്ചു മരിച്ചു എന്നാണു പറഞ്ഞുവരുന്നതു.

കുഞ്ചൻനമ്പ്യാരുടെ കവിതയുടെ ഗുണങ്ങൾ അളവററതാണു. ഹാസ്യരസത്തിൽ നമ്പ്യാരെ ജയിക്കുന്ന

കവികൾ ചുരുക്കമാണ്. തന്റെ ദേശത്തിന്റേയും താൻ ജീവിച്ചിരുന്ന കാലത്തിന്റേയും സ്ഥിതികൾ അദ്ദേഹത്തിന്റെ കൃതികളിൽ ഭംഗിയായി പ്രതിബിംബിച്ചിട്ടുണ്ട്. ദേവലോകവും അസുരലോകവും അദ്ദേഹത്തിനു മലയാളരാജ്യമാണ്. ദേവന്മാരും അസുരന്മാരും അദ്ദേഹത്തിനു മലയാളികളും തന്നെ. കുണ്ഡിനപുരിയിലെ വിശേഷം പറയാൻ തുടങ്ങിയാൽ അവിടെയും ഉണ്ട് അച്ചിമാരും അവരുടെ അടുക്കളെക്കലഹങ്ങളും. ദേവസൈന്യവും അസുരസൈന്യവും അദ്ദേഹത്തിനു നായർസൈന്യം തന്നെ. ജനങ്ങളുടെ വിലക്ഷണാചാരങ്ങളെയും നടപടികളെയും നമ്പ്യാർ തന്റെ കവിതകളിൽ സരസമായി പരിഹസിച്ചിട്ടുണ്ട്. വിദ്വേഷബുദ്ധ്യാലേശമില്ലാതെയുള്ള അദ്ദേഹത്തിന്റെ പരിഹാസങ്ങളിൽ ആർക്കും അസുഖം തോന്നിയിരുന്നില്ലെന്നു തുള്ളൽപ്പാട്ടുകൾക്കും തുള്ളലിനും അദ്ദേഹത്തിന്റെ കാലത്തുതന്നെ ഉണ്ടായ പ്രചാരത്തിൽനിന്ന് ഊഹിക്കാവുന്നതാണ. "ലന്തപറങ്കിയുമിങ്കിരിയേസ്സും" നമ്പ്യാരുടെ കാലത്തിനുമുമ്പുതന്നെ ഇവിടെ കച്ചവടമുറപ്പിച്ചുകഴിഞ്ഞിരുന്നു. അവരെയെല്ലാം അദ്ദേഹം തുള്ളൽപ്പാട്ടിൽ ചിത്രീകരിക്കുന്നുമുണ്ട്.

നമ്പ്യാരുടെ ബാല്യകവിതകൾ ശീലാവതി, പത്തുവൃത്തം മുതലായവയാകുന്നു. ശ്രീകൃഷ്ണചരിതം മണിപ്രവാളം, പഞ്ചതന്ത്രം, നളചരിതം കിളിപ്പാട്ട, പതിനാലുവൃത്തം എന്നിങ്ങനെ വേറെ പല കൃതികളും ഉണ്ടു

ചില ആട്ടക്കഥകളും അദ്ദേഹം ഉണ്ടാക്കിയിട്ടുണ്ട്. അദ്ദേഹത്തിൻെറ പ്രധാനകൃതികൾ തുള്ളൽപ്പാട്ടുകൾ തന്നെ. അവ അൻപതിൽപരം ഉണ്ട്. അവ മലയാളഭാഷയ്ക്കു വലുതായ ഒരു സമ്പത്താണ്.

പാഠം ൨൨

ലങ്കാദഹനം

എങ്കിൽവേണ്ടാ, വധിക്കേണ്ട രാമൻെറ
കിങ്കരനാമിവനുടെ വാലിന്മേൽ
ശങ്കകൂടാതെ വഹ്നി കൊളുത്തുവിൻ
ശിങ്കിയാടിപ്പിൻ ലങ്കാപുരം തന്നിൽ. ൮

വാനരങ്ങൾക്കു വാലിനു കിഞ്ചന
ഹാനിവന്നാലതിൽപ്പരം മറെറാരു
ദൈന്യമില്ലെന്നു കേട്ടിരിപ്പു ഞാനും
ന്യൂനമിന്നിതു നല്ലൊരു കൗശലം. ൯

കുണ്ഠഭാവമൊഴിഞ്ഞു തദാ ദശ-
കണ്ഠനിങ്ങനെ കല്പിച്ച നേരത്തു
മുണ്ടു പട്ടു പുടവകളെന്നിവ
കൊണ്ടുവന്നുതുടങ്ങി പലവിധം. ൧൦

രണ്ടുഭാഗത്തുംനിന്നു വസനങ്ങൾ
കൊണ്ടു രാക്ഷസർ ചുററിത്തുടങ്ങിനാർ
നീണ്ടുരുണ്ടു തടിച്ചോരു പുച്ഛത്തെ
വേണ്ടുവോളവും നീട്ടിനാൻ മാരുതി. ൧൧

കൊണ്ടുവന്നതശേഷവും ചുററിട്ടും
രണ്ടുകോലിട വാലുണ്ടഥ ശിഷ്ടം
ചുററിച്ചുററിക്കരങ്ങൾ തളൎന്നവർ
ചുററുംനിന്നു മിഴിച്ചുതുടങ്ങിനാർ ൨൭

വാലിന്നേതുമവസാനം കാണാഞ്ഞു
തൈലം കൊണ്ടഭിഷേകിച്ചു നനച്ചുടൻ
പാവകനെ കൊളുത്തി പതുക്കവേ
സാവധാനമിരുന്നു ഹനുമാനും ൨൮

കൈലാസാദ്രി സമാനമാം ദേഹത്തെ
നാലിലൊന്നു ചുരുക്കി മഹാബലൻ
പാശബന്ധനമോചനം വന്നപ്പോൾ
കേശവദ്യുതൻ കുതിച്ചങ്ങു ചാടിനാൻ. ൨൯

വഹ്നി നന്നായ് വളൎന്നു ചമഞ്ഞിതു
വന്നിതന്നേരം നല്ല കൊട്ടകാററും
തീയു കത്തിപ്പിടിച്ചു ചിലരുടെ
മെയ്യശേഷം ദഹിച്ചങ്ങെഴുന്നേല്പാൻ ൩൦

വയ്യാതായി വലഞ്ഞു കരഞ്ഞവർ
കയ്യും കാലും പിടച്ചു മരിക്കുന്നു.
മുട്ടുകുത്തി നടക്കും ശിശുക്കളെ–
ക്കെട്ടിപ്പേറിയെടുത്തുടൻ നാരിമാർ. ൩൧

കൂട്ടമിട്ടടങ്ങേററവും വേദന-
പ്പെട്ടു പറഞ്ഞു കരഞ്ഞു നടക്കുന്നു.
പാതകിയാകും നമ്മുടെ തമ്പുരാൻ
സീതയെക്കൊണ്ടുപോരിക കാരണം ൪൦

ഖേദമേവം നമുക്കു ഭവിക്കുവാൻ
ഹേതമിപ്പോളവനേതുമില്ലല്ലോ.
ഇങ്ങനെയവർ തമ്മിൽ കഥിക്കയു-
മങ്ങുമിങ്ങുമുഴന്നു നടക്കയും, ൪൪

സങ്കടം സഹിയാഞ്ഞു ചില ജനം
തൻകരംകൊണ്ടു മാറത്തടിക്കയും
കങ്കണഗണം പൊട്ടിത്തെറിക്കയും
ശങ്കര ശിവയെന്നു ജപിക്കയും. ൪൮

എഴുപത്തായ യോജന വിസ്താര-
മെഴുന്നീടുന്ന ലങ്കാപുരമെല്ലാം
ഉടനൊന്നര നാഴികകൊണ്ടവൻ
പൊടിഭസ്മമതാക്കി മഹാബലൻ. ൫൨

പാഠം ൨൩

പ്രയത്നം

ജന്തുക്കൾ പ്രകൃതിക്ക് അടിമപ്പെട്ടു ജീവിക്കുന്നു. അവയ്ക്കു് ആഹാരവും പാർപ്പിടവും എല്ലാം പ്രകൃതി തന്നെ കൊടുക്കും. അതൊന്നും കിട്ടാതെ വന്നാൽ ജന്തുക്കളുടെ കാര്യം വിഷമമാകും. മനുഷ്യൻ ഈ വിധത്തിൽ പ്രകൃതിക്ക് അടിമപ്പെടുന്നില്ല. നേരെമറിച്ച്, അവൻ പ്രകൃതിയെ നിയന്ത്രിക്കുന്നു. പ്രകൃതിയെ വശപ്പെടുത്താൻ മനുഷ്യനു സാധിക്കുന്നതു ബുദ്ധികൊണ്ടും പ്രയത്നംകൊണ്ടും ആണ്

വിശപ്പും ദാഹവും എല്ലാം ജന്തുക്കൾക്കും മനുഷ്യർക്കും തുല്യമാണു അവയുടെ ശമനത്തിനു പ്രകൃതി കനിഞ്ഞു നല്കുന്ന പദാർത്ഥങ്ങൾകൊണ്ടു് ജന്തുക്കൾ തൃപ്തിപ്പെടുന്നു. പ്രകൃതിയുടെ കാരുണ്യത്തെ മാത്രം ആശ്രയിച്ചല്ല മനുഷ്യൻ കഴിയുന്നതു്. താനേ വിളഞ്ഞു കിട്ടുന്ന കായ്കനികളും മറ്റുംകൊണ്ടു മനുഷ്യർക്കു ആവശ്യത്തിനു മുഴുക്കുകയും ഇല്ല. അതിനാൽ ആഹാരത്തിനും മറ്റും ആവശ്യമുള്ളതെല്ലാം പ്രകൃതിയിൽനിന്നു ഉണ്ടാക്കിയെടുക്കാൻ മനുഷ്യൻ അഭ്യസിച്ചു. പ്രയത്നംകൊണ്ടു് അവൻ പ്രകൃതിയെ കൂടുതൽ പ്രസാദിപ്പിച്ചു. താനേ വളരുന്ന മാവിൽനിന്നും പിലാവിൽനിന്നും ജന്തുക്കൾക്കു പഴങ്ങൾ കിട്ടും. ധാരാളം മാവും പിലാവും മറ്റും നട്ടു വളർത്തി മനുഷ്യൻ വേണ്ടുവോളം പഴം ഉണ്ടാക്കുന്നു.

അതിനുവേണ്ട വേല ചെയ്യാൻ ശീലിച്ചതു മനുഷ്യന്റെ പ്രധാനമായ ഒരു നേട്ടമാണ്. ഇന്നു ലോകത്തു് ഇരുനൂറുകോടിയിൽ കൂടുതൽ മനുഷ്യർ ഉണ്ടു്. ഇവർക്കു് ആഹാരത്തിനുള്ള വക മുഴുവൻ വേലചെയ്തു വിളയിക്കുന്നതാണ്. വേല ചെയ്യാതിരുന്നാൽ ഈ ആളുകൾ എല്ലാം പട്ടിണികിടന്നു മരിക്കേണ്ടിവരും.

ആഹാരത്തിനു വേണ്ട വക കിട്ടിയാൽ ജന്തുക്കൾക്കു ജീവിതം സുഖമായി എന്നു പറയാം. മനുഷ്യനോ? അവനു വീടുവേണം. വസ്ത്രം വേണം. പലതരത്തിലുള്ള ആയുധങ്ങളും ഉപകരണങ്ങളും വേണം. രാത്രിയിൽ വെളിച്ചത്തിനു വിളക്കു വേണം. സഞ്ചരിക്കാൻ വാഹനങ്ങൾ വേണം. ഇങ്ങനെ അനേകം ആവശ്യങ്ങൾ മനുഷ്യനു പ്രത്യേകമായിട്ടു് ഉണ്ടു്. അവ എല്ലാം നിറവേററാൻ പ്രയത്നിച്ചേ മതിയാവൂ.

ആഹാരം കഴിഞ്ഞാൽ മനുഷ്യന്റെ ഏററവും വലിയ ആവശ്യം വീടാണ്. മഴയും വെയിലും കാററും മഞ്ഞും സഹിക്കാൻ മനുഷ്യനു പ്രയാസമുണ്ടു്. അവയിൽ നിന്നു രക്ഷനേടാനാണ് വീടു്. ആദികാലങ്ങളിൽ മനുഷ്യൻ അലഞ്ഞു നടന്നു കഴിച്ചിരുന്നു.

ഒരിടത്തു് ഉറച്ചുതാമസിക്കാൻ തുടങ്ങിയപ്പോൾ സ്ഥിരമായ പാർപ്പിടത്തിന്റെ ആവശ്യം നേരിട്ടു. തടിയും പനയോലപോലുള്ള വലിയ ഇലകളും മററും ശേഖരിച്ചു് അവർ വീടു് ഉണ്ടാക്കി. അങ്ങനെ തുടങ്ങിയ ഗൃഹനിർമ്മിതി ഇന്നു് എത്ര പരിഷ്കാരം പ്രാപിച്ചിരി

TRAINING SCHOOL



ഗൃഹനിർമ്മിതി

ക്കുന്നു. നൂറിൽക്കൂടുതൽ നിലകളുള്ള മാളികകൾ ഇന്നുണ്ടു. അതു പ്രയത്നത്തിന്റെ ഫലമാണല്ലോ. ഇന്നു് ആൾപ്പാർപ്പുള്ള സ്ഥലങ്ങൾ എല്ലാം വീടുകൾ കൊണ്ടു നിറഞ്ഞതല്ലേ കാണുന്നതു്? എത്ര ആളുകൾ എന്തു മാത്രം പ്രയത്നം ചെയ്തിട്ടാണു് അവയെല്ലാം ഉണ്ടാക്കിയിട്ടുള്ളതു്?

ഗൃഹനിർമ്മാണത്തെപ്പററി പറയുമ്പോൾ അതിനോടുചേർന്നു, മനുഷ്യൻ ചെയ്ത പല പ്രയത്നങ്ങളും ഓർമ്മ വരും. കാടായിക്കിടന്ന സ്ഥലങ്ങൾ വെട്ടിത്തെളിച്ചാണല്ലോ നാടാക്കിയതു്. നടക്കാൻ വഴിയും കൃഷിചെയ്യാൻ സ്ഥലങ്ങളും ഒരുക്കാൻ എത്രത്തോളം അദ്ധ്വാനം മനുഷ്യൻ ചെയ്തിരിക്കും. നാം ഇന്നു സുഖമായി നല്ല റോഡുകളിൽക്കൂടി സഞ്ചരിക്കുന്നു. നല്ല വാഹനങ്ങളിൽ കയറി വേഗത്തിൽ യാത്രചെയ്യുന്നു. ഈ റോഡുകൾ ഉണ്ടാക്കാൻ എത്രപേർ എത്രകാലം പണിപ്പെട്ടിട്ടുണ്ടെന്നു നാം ആലോചിക്കാറുണ്ടോ? നദികൾ കടന്നുപോകാൻ പാലങ്ങൾ കെട്ടിയിട്ടുണ്ടു്. റോഡിൽ തണലിനു വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടു്. ഈ നന്മകൾ എല്ലാം നമുക്കു കിട്ടുന്നതു് എത്രയോ ആളുകൾ ചെയ്ത വേലയുടെ ഫലമായിട്ടാണു്.

നമുക്കു് ആഹാരത്തിനെന്നപോലെ വസ്ത്രത്തിനു പഞ്ഞിയും ഉണ്ടാകണം. അതു കൃഷിചെയ്തുവേണം കിട്ടാൻ. എത്ര വിസ്തൃതമായ സ്ഥലത്തു കൃഷി നടത്തിയാൽ ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഉണ്ടാക്കി എടുക്കാം? കൃഷികൊണ്ടു മാത്രം ആയോ? കൃഷിചെയ്തു



ചർക്ക

ഉണ്ടാക്കുന്ന സാധനങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ കൊണ്ടുചെന്നെത്തിക്കണം. വയലിൽ വിളയുന്ന നെല്ലു വീട്ടിൽ കൊണ്ടുവരണമല്ലോ. ഒരു നാട്ടിൽ ഉണ്ടാകുന്ന

പല പദാൎത്ഥങ്ങളും മററുദേശങ്ങളിൽ കൊണ്ടുപോകേണ്ട തായുണ്ടു. ഇനിയും വേറൊരു തരത്തിലും പ്രയത്നം ആവശ്യമാണു. കൃഷിചെയ്തു ഉണ്ടാക്കുന്ന സാധനങ്ങൾ ഉപയോഗിക്കാൻ അവയ്ക്കു വളരെ മാററങ്ങൾ ചെയ്കയും വേണം. നെല്ലു നെല്ലായിട്ടു നമുക്കു ഉണ്ണാൻ സാദ്ധ്യമ ല്ലല്ലോ. അതു അരിയാകണം, പിന്നെ ചോറാക്കുകയും വേണം. അതേ പ്രകാരത്തിൽ, വസ്ത്രത്തിനു പരുത്തി കൃഷിചെയ്തു പഞ്ഞി ഉണ്ടാക്കിയാൽ പോരാ. പഞ്ഞി കൃഷി സ്ഥലത്തുനിന്നും തൊഴിൽ നടത്തുന്ന സ്ഥലത്തു കൊണ്ടുപോകണം. അതു നൂല്ത്തു നൂലാക്കണം. നൂലു നെയ്തുവേണം മുണ്ടു് ഉണ്ടാക്കാൻ. ഈ ഓരോ കാൎയ്യ ത്തിനും പ്രയത്നം ആവശ്യമാണു്.

വീടു ഉണ്ടാക്കാനും കൃഷി നടത്താനും തൊഴിൽ ചെയ്യാനും എല്ലാം അനേകം തരത്തിൽ ഉള്ള ആയുധ ങ്ങൾ വേണം. വീട്ടിൽ പല ഉപകരണങ്ങളും സാമാ നങ്ങളും പാത്രങ്ങളും ആവശ്യമുണ്ടു. പലതരം പ്രയത്നം കൊണ്ടാണു അവയെല്ലാം നിൎമ്മിക്കുന്നതു. ആയുധ ങ്ങൾക്കു പ്രധാനമായി ഇരുമ്പാണല്ലോ ഉപയോഗിക്കു ന്നതു. ഇരുമ്പു കുഴിച്ചെടുക്കാൻ വളരെ അദ്ധ്വാനം വേണം. പിന്നെ അതു ശുദ്ധിചെയ്യാനും ആയുധങ്ങളു ണ്ടാക്കാനും വളരെ പണിപ്പെടണം. അതുപോലെതന്നെ യാണു പാത്രങ്ങൾക്കു വേണ്ട ചെമ്പും ഓടും ഉണ്ടാക്കു ന്നതും. കറിക്കു അരിയാനുള്ള കത്തി മുതലായ എല്ലാം ഉപകരണങ്ങളും കൊല്ലൻ ഉണ്ടാക്കുന്നു. വീടും മരസാമാന ങ്ങളും ആശാരി ഉണ്ടാക്കിത്തരുന്നു. മററു തൊഴിലുകാർ

പാത്രങ്ങൾ തൊട്ടുള്ളവ ഉണ്ടാക്കുന്നു. ഇങ്ങനെ എത്രയെത്ര ആളുകളുടെ പ്രയത്നംകൊണ്ടാണ നമുക്ക ഗൃഹ ജീവിതം സുഖമാകുന്നത്?

ഉണ്ടും ഉറങ്ങിയും മാത്രം തൃപ്തിപ്പെടുന്നവനല്ലല്ലോ മനുഷ്യൻ. അവന്റെ ആവശ്യങ്ങൾ അസംഖ്യമാണ്. ശരീരസുഖത്തെക്കാളും മനസ്സിന്റെ സുഖമാണ് അവൻ കാംക്ഷിക്കുന്നത്. അറിവാണ് അവന്റെ ഏററവും വലിയ സമ്പത്ത്. അതിനാൽ മനസ്സിനു സുഖം നല്കുന്നതും അറിവു വർദ്ധിപ്പിക്കുന്നതുമായ കാര്യങ്ങളിലും വലിയ പ്രയത്നം വേണ്ടിവരുന്നു. നമുക്ക എത്രയോ ഗ്രന്ഥങ്ങൾ കിട്ടിയിട്ടുണ്ട്. നല്ല കഥകളും കവിതകളും നാടകങ്ങളും നമുക്കുണ്ടു. അവ നമ്മുടെ വലിയ ധനമാണു. ഓരോരുത്തർ എത്ര പ്രയാസപ്പെട്ടു് ഉണ്ടാക്കിയതാണു അവ എന്നു ആലോചിക്കുക. സാഹിത്യവും ഇതുപോലെ തന്നെ. സംഗീതവും ചിത്രമെഴുത്തു തുടങ്ങിയ മററു അനേകം കലകളും കൂടാതെയുള്ള ജീവിതത്തെപ്പററി സങ്കല്പിക്കുക. ഇവയില്ലെങ്കിൽ ഉത്സാഹത്തിനും വിനോദത്തിനും മനോഗുണത്തിനും ഉള്ള വകകൾ എല്ലാം നഷ്ടമാകും. അതിനാൽ ആ വിദ്യകൾക്ക വേണ്ടി പ്രയത്നിക്കുന്നവരും ലോകോപകാരികളാണ്.

നമ്മുടെ വലിയ നേട്ടങ്ങളിൽ പലതും വലിയ കണ്ടുപിടിത്തങ്ങളുടെ ഫലമാണു. ഭൂമിയുടെ മറഞ്ഞു കിടക്കുന്ന പല ഭാഗങ്ങളും ഓരോരുത്തര വളരെ പ്രയാസപ്പെട്ടു സഞ്ചരിച്ചു ചെന്നു കണ്ടു പിടിച്ചിട്ടുണ്ട്. എന്തെല്ലാം ക്ലേശങ്ങൾ സഹിച്ചിട്ടാണ് കൊളംബസ്സ്

തുടങ്ങിയുള്ള മഹാന്മാർ ഓരോ സ്ഥലങ്ങൾ കണ്ടുപിടിച്ചു. അമെരിക്കയും ആസ്ത്രേലിയയും ആഫ്രിക്കയും ധ്രുവപ്രദേശങ്ങളും ഇങ്ങനെയാണ് നമുക്ക് അറിവായിട്ടുള്ളതു്.

മറെറാരുതരം കണ്ടുപിടുത്തവുമുണ്ടു്. യന്ത്രങ്ങൾ കൊണ്ടാണ് ഇന്നു പല കാര്യങ്ങളും നിർവഹിക്കുന്നതു. ഈ യന്ത്രങ്ങൾ കണ്ടുപിടിക്കാനും അവ ഉണ്ടാക്കാനും അനേകം ആളുകൾ വളരെക്കാലം വേല ചെയ്തിട്ടുണ്ടു്. റെയിൽവണ്ടികളും ആവിക്കപ്പലുകളും ഇപ്പോൾ സാധാരണമാണ്. വിമാനം ഉണ്ടു്. തുണിനെയ്യാൻ യന്ത്രങ്ങളുണ്ടു്. ഇന്ന് ഏതു പ്രവൃത്തിക്കും യന്ത്രം സുലഭമാണ്. ഇവയെല്ലാം ഓരോരുത്തരുടെ പ്രയത്നം കൊണ്ടാണല്ലോ നമുക്കു കിട്ടിയിട്ടുള്ളതു.

പ്രയത്നത്തിൻെറ മഹത്വമാണല്ലോ ഇതിലെല്ലാം തെളിഞ്ഞു കാണുന്നതു്. മടിയനു ജീവിക്കാൻ അവകാശം ഇല്ല. അവന് ഉണ്ണാനും ഉടുക്കാനും കിടക്കാനും നടക്കാനും വേണ്ടതു് എല്ലാം മററുള്ളവരാണ് ഉണ്ടാക്കുന്നതു. തന്നത്താൻ ജോലി ഒന്നും ചെയ്യാതെ ആ സൗകര്യങ്ങൾ അനുഭവിക്കുന്നവർ വഞ്ചനയല്ലേ ചെയ്യുന്നതു്? അതിനാൽ നാം എപ്പോഴും ഉത്സാഹത്തോടെ പ്രയത്നം ചെയ്യേണ്ടതാണ്. ഏതുവേലയും ബഹുമാനമുള്ളതാണ്. ഏതു പ്രയത്നംകൊണ്ടും ഉപകാരവും ഉണ്ടു. പ്രവർത്തിക്കാതെ സമയം കളയുന്നതു മാത്രമാണ് തെററ്.

TRAINING SCHOOL
LOWER GRADE
...YAM

പാഠം ൨൪

ക്രീസസ്

(ക്രീസസിന്റെ കൊട്ടാരം. ക്രീസസ് സിംഹാസനത്തിൽ ഇരിക്കുന്നു. ചുററും ഭൃത്യന്മാർ തിങ്ങി നിൽക്കുന്നു. സോളമൻ എന്ന ഒരു ജ്ഞാനി പ്രവേശിക്കുന്നു.)

ഒരു സേവകൻ:— ഇദ്ദേഹത്തെപ്പററിയാണു തിരുമനസ്സു് ഉണർത്തിച്ചതു്. വലിയ ഒരു ജ്ഞാനിയാണു് ഇദ്ദേഹം. ഗ്രീസ് ആണു ഇദ്ദേഹത്തിന്റെ ദേശം. സോളമൻ എന്നാണു് പേരു. ഗ്രീക്കുകാർ ഇദ്ദേഹത്തെ ബഹുമാനത്തോടെ കൊണ്ടാടുന്നു.

ക്രീസസ:— ഇദ്ദേഹത്തെ കണ്ടതിൽ നമുക്കു സന്തോഷമുണ്ടു്. നമ്മുടെ നാട്ടിൽ വന്നതുകൊണ്ടു നമുക്കും ഇദ്ദേഹത്തെ കാണ്മാൻ സൗകര്യമായി. എന്താണു ഇവിടെ വരാൻ സംഗതി?

സോ:— മഹാരാജാവേ! എനിക്കു് ഒന്നിനോടും മമത ഇല്ല. അതിനാൽ ഇന്നെടത്തു താമസിക്കണമെന്നു് ആഗ്രഹവുമില്ല. പലെടത്തും സഞ്ചരിച്ചു കഴിയുകയാണു്. അങ്ങനെ ഇവിടെയും വന്നു എന്നേ ഉള്ളു.

ക്രീ:— കൊള്ളാം. അങ്ങു പല രാജ്യങ്ങളും കണ്ട ആളാണല്ലോ? എന്റെ രാജ്യത്തെപ്പററി എന്താണു് മതിപ്പു്? എന്റെ സൗഭാഗ്യത്തെപ്പററിയും നിങ്ങളുടെ അഭിപ്രായം എന്താണു്?

സോ:—നിങ്ങളുടെ രാജ്യത്തു വിശേഷം ഒന്നും ഞാൻ കാണുന്നില്ല. ഇതും മററു രാജ്യങ്ങളെപ്പോലെ തന്നെ.

ക്രീ:—എൻെറ മരണംകൊണ്ടു് ഇവിടെ വന്നിട്ടുള്ള ഐശ്വര്യം നിങ്ങൾ കണ്ടില്ലേ? എൻെറ ധനവും പ്രതാപവും എന്തെന്നും അറിയുന്നില്ലേ?

സോ:—അതൊന്നും ഞാൻ അന്വേഷിച്ചില്ല. ഇമ്മാതിരി സമ്പത്തു് എല്ലാ രാജാക്കന്മാൎക്കും ഉണ്ടു്.

ക്രീ:—എൻെറ പരാക്രമങ്ങളും വിജയങ്ങളും നിങ്ങൾ അറിഞ്ഞിരിക്കുമെന്നു ഞാൻ വിചാരിച്ചു എന്നാൽ അതൊന്നും നിങ്ങളുടെ കാതിൽ പെട്ടില്ല. അതിനാൽ ഞാൻ തന്നെ പറഞ്ഞുകേൾപ്പിക്കാം. ആത്മപ്രശംസയാണെന്നു കരുതേണ്ട.

സോ:— കേൾക്കട്ടെ, ആത്മപ്രശംസയായാലെന്തു്? അതു് അവിടത്തേക്കു മാത്രമുള്ള അപരാധമല്ലല്ലോ.

ക്രീ:—ഞാൻ കണ്ണുവച്ച രാജ്യങ്ങൾ എല്ലാം എനിക്കു കൈവശമായി. എതിരിട്ട രാജാക്കന്മാരെയെല്ലാം ഞാൻ തലകുനിപ്പിച്ചു. എൻെറ ശത്രുക്കളെല്ലാം കാകനും കഴുകനും ഇരയായി. എൻെറ ജയഭേരി അനേകം രാജ്യങ്ങളിൽ മാറെറാലിക്കൊള്ളുന്നു. വെന്നിക്കൊടി നാനാദേശങ്ങളിലും പാറിപറക്കുന്നു. നിങ്ങൾ ഒഴിച്ചു് എല്ലാവരും എൻെറ സ്തുതി ഗാനങ്ങളും പാടുന്നുണ്ടു.

സോ:—അവിടന്നു ഇത്രയും അക്രമം ചെയ്തിട്ടുണ്ടെന്നും ഞാൻ അറിഞ്ഞിരുന്നില്ല. അവിടത്തെ വിജയം

കൊണ്ടു് ആർക്കെങ്കിലും ഗുണം ഉണ്ടായിട്ടുണ്ടോ? അതു കേൾക്കാനായിരുന്നു എന്റെ ആഗ്രഹം.

ക്രി:— ആർക്കെങ്കിലും ഗുണമെന്നോ? എന്റെ അനുഗ്രഹം കൊണ്ടല്ലേ ഞാൻ ജയിച്ചവർ പുലരുന്നതു്?

സോ:— അങ്ങനെ അവർ പറയുമ്പോൾ ഞാൻ അതു വിശ്വസിക്കാം.

ക്രി:— ഇനിയും, എന്റെ സമ്പത്തുകൾ ഞാൻ നിങ്ങൾക്കു് കാട്ടിത്തരാം. എന്റെ ഭണ്ഡാരത്തിൽ കുമിച്ചിരിക്കുന്ന സ്വർണ്ണവും രത്നങ്ങളും കണ്ടാൽ നിങ്ങളുടെ കണ്ണു മഞ്ചിപ്പോകും. മുത്തും പവിഴവും മരതകവും എന്നു വേണ്ട, നവരത്നങ്ങളെല്ലാം തന്നെ ലക്ഷക്കണക്കിനു ഞാൻ ശേഖരിച്ചിട്ടുണ്ടു്. എന്റെ സിംഹാസനവും കിരീടവും കാണുന്നില്ലേ? അവയിൽ പതിച്ചിട്ടുള്ള രത്നങ്ങളുടെ പളപളപ്പു നോക്കുക.

സോ:— ഭൂമിയിൽ എവിടെയും കല്ലുകൾ നിരന്നു കിടക്കുന്നു. കുറേ നിറമുള്ള കല്ലുകൾ അവിടന്നു പറക്കിയെടുത്തു.

ക്രി:— ലോകകാര്യങ്ങൾ അറിഞ്ഞുകൂടാത്ത സാധു. അലഞ്ഞുനടക്കുന്ന ഒരാൾക്കു് ഈ സുഖങ്ങളും ഐശ്വര്യങ്ങളും എങ്ങനെ മനസ്സിലാകും? നിങ്ങളെപ്പോലെ ഉള്ളവരെയാണല്ലോ ലോകം ജ്ഞാനി എന്നു വിളിക്കുന്നതു്.

സോ:— ഈ ഐശ്വര്യത്തിലും സുഖത്തിലും അവിടത്തേക്കു് അളവററ തൃപ്തി തന്നെയാണല്ലോ

എന്നാൽ ഇതെല്ലാം മിന്നൽപോലെ മറഞ്ഞു പോകും. ഐശ്വൎയ്യവും സുഖവും എപ്പോഴാണു മറയുന്നതെന്നു് ആൎക്കും അറിഞ്ഞുകൂടാ. മരിക്കുന്നതുവരെ ഭാഗ്യം അനുഭവിക്കുന്നവരാണു ഭാഗ്യവാന്മാർ. അതുകൊണ്ടു് മരണം കഴിഞ്ഞേ ഭാഗ്യത്തെപ്പററി നിശ്ചയിക്കേണ്ടു.

ക്രീ:—ആകട്ടെ; എന്റെ ഭാഗ്യം നിങ്ങൾക്കുള്ളതുപോലെ അല്ല. അതു ഞാൻ വിചാരിക്കുന്നതുപോലെ നില്ക്കും.

സോ:—ഞാൻ പറഞ്ഞ സത്യം അവിടത്തേക്കു കാലം കൊണ്ടു ബോദ്ധ്യമാകും. ഞാൻ പോകട്ടെ.

(സോലമൻ പോകുന്നു)

രംഗം ൨

(കൊട്ടാരത്തിന്റെ മുൻവശം. വലിയ ഒരു ചിതയിൽ അഗ്നി ജ്വലിക്കുന്നു. രണ്ടു ഭടന്മാർ പ്രവേശിക്കുന്നു.)

ഒരു ഭടൻ:—ചിത നല്ലവണ്ണം കത്തട്ടെ. പേൎഷ്യാ സാമ്രാജ്യ ചക്രവൎത്തിയുടെ വിജയം ക്രീസസിനെ ചുട്ടെരിക്കുമ്പോൾ പൂൎത്തിയാകും. നമ്മുടെ ചക്രവൎത്തി വിജയിക്കട്ടെ!

മറെറാരു ഭടൻ:—എന്താണു വിജയം? ക്രീസസിനെ ഇത്ര എളുപ്പം തോല്പിക്കാമെന്നു നമ്മൾ വിചാരിച്ചില്ല. അദ്ദേഹത്തിന്റെ പട്ടാളക്കാരെ നാം തുണ്ടുതുണ്ടം നുറുക്കിയല്ലോ. ഈ പട്ടണത്തിൽ ഇനി ഒററ വീടില്ല. വീരവാദം പറഞ്ഞ ആളുകൾ ഇപ്പോൾ എവിടെ?

ക്രീസസിനെ 'ചിതയിൽ ഇടാൻ, ഭടന്മാർ അദ്ദേഹത്തിന്റെ കൈക്കാൽ വരിഞ്ഞു കെട്ടുന്നു.

ക. ഭ:—യുദ്ധത്തിൽ ക്രീസസിനെ പിടിക്കാൻ എനിക്കാണു് ഭാഗ്യം കിട്ടിയതു്. അതിനു സൈറസ് തിരുമേനി എനിക്കു നല്ല സമ്മാനം തന്നു. യുദ്ധത്തിൽ പിടിച്ചപ്പോൾ ആളറിയാതെ ഞാൻ ക്രീസസിനെ കുത്തി കൊന്നു പോകുമായിരുന്നു. ആരോ പറഞ്ഞുതന്നു, ഇതു ക്രീസസാണ്, കൊല്ലരുതെന്നു.

ഛ. ഭ:—എങ്കിലും കഷ്ടമാണ്. നമ്മുടെ ചക്രവർത്തി ആഘോഷത്തിലുൾപ്പെട്ടിരുന്നതുകൊണ്ടു് ക്രീസസിനെ കണ്ടില്ല. കണ്ടെങ്കിൽ അദ്ദേഹത്തെ വെറുതേ വിടാൻ കല്പനയാകുമായിരുന്നു.

ക. ഭ:—ക്രീസസുമാത്രം എന്തിനു രക്ഷപ്പെടുന്നു? അദ്ദേഹത്തിൻെറ രാജ്യം മുഴുവൻ തുലഞ്ഞില്ലേ? (ഒരു വശത്തേക്കു നോക്കിക്കൊണ്ടു) അതാ കൊണ്ടുവരുന്നു ക്രീസസിനെ. അഞ്ചുനിമിഷത്തിനകം കഥകഴിയും. (ഒരു ഭടൻ ക്രീസസിനെ വലിച്ചുവലിച്ചു കൊണ്ടു വരുന്നു. ക്രീസസിനെ ചിതയിൽ ഇടാൻ ഭടന്മാർ ചെന്നു് അദ്ദേഹത്തിൻെറ കൈയ്യും കാലും വരിഞ്ഞുകെട്ടുന്നു. ക്രീസസ് തേങ്ങിതേങ്ങി 'സോളമൻ സോളമൻ' എന്നു് ഉച്ചരിക്കുന്നു. ക്രീസസിനെ ദഹിപ്പിക്കുന്നതു കാണാൻ അപ്പോൾ അവിടെ സൈറസ്സു ചക്രവർത്തി വന്നെത്തി. അദ്ദേഹം ക്രീസസിനോടു് ഇങ്ങനെ ചോദിക്കുന്നു.)

സൈറസ്:—അല്ലയോ ക്രീസസ്, നിങ്ങൾ 'സോളമൻ, സോളമൻ' എന്നു് എന്തിനാണു് പറയുന്നതു്?

അയാൾ നിങ്ങളുടെ ബന്ധുവോ? അയാൾ നിങ്ങളെ രക്ഷിക്കുമെന്നു് ആശയുണ്ടോ?

ക്രീ:—അല്ലയോ മഹാനുഭാവനായ ചക്രവർത്തി! അവിടത്തേക്കുമാത്രമേ എന്നെ ഇപ്പോൾ രക്ഷിക്കാൻ കഴിയൂ. എന്നാൽ ഈ കഥകളെപ്പററി സോളമൻ എന്നോടു മുമ്പു പറഞ്ഞിട്ടുണ്ടു്. ഞാൻ മുമ്പു ഭാഗ്യത്തിൽ മദിച്ചിരുന്നു. ഭാഗ്യം മിന്നൽപോലെ മറയും എന്നു സോളമൻ എന്നോടു പറഞ്ഞു. അന്നു ഞാൻ അതു വകവച്ചില്ല.

സൈ:—ആരാണു സോളമൻ? അദ്ദേഹം എന്താണു പറഞ്ഞതു്?

ക്രീ:—അദ്ദേഹം ഒരു ജ്ഞാനിയാണു്. ഇന്നു അവിടന്നു് എന്നെ തോൽപ്പിച്ചതുപോലെ പണ്ടു ഞാൻ പല രാജാക്കന്മാരെയും തോൽപ്പിച്ചിട്ടുണ്ടു്. ഇന്നു് അവിടന്നു് മദിക്കുന്നതുപോലെ ഞാനും വിജയത്തിൽ മദിച്ചിരുന്നു. ഐശ്വര്യം സ്ഥിരമാണെന്നും അന്നു് ഞാൻ അഹങ്കരിച്ചു. അന്നു് സോളമൻ വലിയ ഒരു ഉപദേശം തന്നു. മരണം കഴിഞ്ഞേ ഭാഗ്യത്തെപ്പററി നിശ്ചയിക്കാവൂ എന്നു്. അതിന്റെ സത്യം ഇപ്പോഴേ മനസ്സിലാകുന്നുള്ളു. സോളമൻ എനിക്കു തന്ന ഉപദേശം ഞാൻ ഇതാ അവിടത്തേക്കും തരുന്നു.

സൈ:—(ഒരു നിമിഷം ആലോചനയിൽ നിന്നിട്ടു്) സോളമൻ പറഞ്ഞതു സത്യമാണു്. ആ സത്യത്തിനു് ഒരു ഉദാഹരണമാണു് ക്രീസസ്. എനിക്കും

അതു് ഇപ്പോഠം മനസ്സിലാകുന്നു. വിജയത്തിൽ ഞാൻ അഹങ്കരിക്കയില്ല. നിങ്ങളെ ഞാൻ രക്ഷപ്പെടുത്താൻ ഇതാ കല്പന കൊടുക്കുന്നു.

(കല്പന അനുസരിച്ചു് ക്രീസസിനെ മോചിപ്പിക്കുന്നു.)

പാഠം ൨൫

വ്യാമോഹം

സ്ഥാനമാനങ്ങഠം ചൊല്ലിക്കലഹിച്ചു
നാണംകെട്ടു നടക്കുന്നിതു ചിലർ
മത്സരം ചിന്തിച്ചു ചിന്തിച്ചു
മതികെട്ടു നടക്കുന്നിതു ചിലർ ൪

കോലകങ്ങളിൽ സേവകരായിട്ടു
കോലംകെട്ടിഞെളിയുന്നിതു ചിലർ
അമ്മയ്ക്കും പുനരച്ഛനും ഭാര്യയ്ക്കും-
ഊൺമാൻ പോലും കൊടുക്കുന്നില്ലാ ചിലർ ൮

സത്തുക്കഠം കണ്ടു ശിക്ഷിച്ചു ചൊല്ലുമ്പോഠം
ശത്രുവെപ്പോലെ ക്രുദ്ധിക്കുന്നു ചിലർ
വന്ദനീയരെ കാണുന്ന നേരത്തു
നിന്ദിച്ചെത്ര പറയുന്നിതു ചിലർ ൧൨

കാൺക നമ്മുടെ സംസാരം കൊണ്ടല്ലോ
വിശ്വമിവണ്ണം നിൽപ്പുവെന്നു ചിലർ
സ്വർണ്ണങ്ങൾ നവരത്നങ്ങളെക്കൊണ്ടു-
മെണ്ണംകൂടാതെ വിൽക്കുന്നിതു ചിലർ ൧൯

മത്തേഭംകൊണ്ടു കച്ചവടം ചെയ്തു-
മുത്തമങ്ങൾ തുരഗങ്ങളെക്കൊണ്ടും
അത്രയുമല്ല കപ്പൽ വഴിച്ചിട്ടു-
മെത്ര നേടുന്നിതർത്ഥം ശിവ! ശിവ! ൨൦

വൃത്തിയുംകെട്ടു ധൂർത്തരായെപ്പൊഴു-
മർത്ഥത്തെ ക്കൊതിച്ചേത്ര നശിക്കുന്നു.
അർത്ഥമെത്ര വളരെയുണ്ടായാലും
തൃപ്തിവരാ മനസ്സിന്നൊരിക്കലും ൨൧

പത്തുകിട്ടുകിൽ നൂറുമതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും
ആയിരം പണം കൈയ്യിലുണ്ടാകുമ്പോ-
ളയുതമാകിലാശ്ചര്യമെന്നതും ൨൨

ആശയായുള്ള പാശമതിങ്കേന്നു
വേർവിടാതെ കരേറുന്നു മേൽക്കുമേൽ
സത്തുക്കൾ ചെന്നിരന്നാലൊരർത്ഥത്തിൽ
സ്വല്പമാത്രം കൊടാ ചിലദുഷ്ടന്മാർ ൨൩

ചത്തുപോംനേരം വസ്ത്രമതുപോലു-
മെത്തിടാ കൊണ്ടുപോവാനൊരുത്തനും

വിത്തത്തിലാശ പെരുകുകഹേതുവായ്
സത്യത്തെ ത്യജിക്കുന്നു ചിലരഹോ ൩൯

വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കുമ്പോലെ ഗർദ്ദഭം ൪൦

കൃഷ്ണ! കൃഷ്ണ! നിരൂപിച്ചുകാണുമ്പോൾ
തൃഷ്ണകൊണ്ടു ഭ്രമിക്കുന്നിതൊക്കെയും
എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും ൪൧

വന്നോണം കഴിഞ്ഞു വിഷുവെന്നും
വന്നില്ലല്ലോ തിരുവാതിരയെന്നും
കുംഭമാസത്തിലാകുന്നു നമ്മുടെ
ജന്മനക്ഷത്രമശ്വതി നാളെന്നും ൪൨

ശ്രാദ്ധമുണ്ടഹോ വൃശ്ചികമാസത്തിൽ
സത്യമെന്നിനിയല്ലതല്ലെന്നും
ഉണ്ണിയുണ്ടായി വേൾപ്പിച്ചതിനൊരു
ഉണ്ണിയുണ്ടായിക്കണ്ടാവൂ ഞാനെന്നും ൪൩

ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ
ചത്തുപോകുന്നു പാവം ശിവ! ശിവ!
കൂടിയല്ല പിറക്കുന്ന നേരത്തും
കൂടിയല്ല മരിക്കുന്ന നേരത്തും ൪൪

മർത്ത്യരിങ്ങനെ കാണുന്ന നേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥാ?
വിശ്വനാഥൻ പിതാവു നമുക്കെല്ലാം
വിശ്വധാത്രി ചരാചരമാതാവും ൻ൯

അച്ഛനും പുനരമ്മയുമുണ്ടല്ലോ
രക്ഷിച്ചീടുവാനുള്ള നാളൊക്കെയും ൩൦

[ജ്ഞാനപ്പാന]

പാഠം ൨൩

അസൂയയും ദുരാഗ്രഹവും

ആഗ്രഹം മനുഷ്യർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട സൽഗുണങ്ങളിൽ ഒന്നാകുന്നു. ആഗ്രഹം ഇല്ലെങ്കിൽ പ്രവൃത്തി ഇല്ല. പ്രവൃത്തി ഇല്ലെങ്കിൽ ഫലവുമില്ല. ന്യായമായുള്ള ആഗ്രഹം സൽപ്രവൃത്തിക്കും അന്യായമായുള്ളതു ദുഷ്പ്രവൃത്തിക്കും കാരണമായിത്തീരുന്നു. നാം എല്ലാവരും ഒന്നുപോലെ ഉന്നതിക്ക് ഉതകുന്ന സൗകര്യങ്ങളോടുകൂടി ജനിക്കുന്നില്ല. എന്നാൽ നമ്മിൽ ചിലർ പ്രതിബന്ധങ്ങളെ അതിക്രമിച്ച് ഉയർന്ന നിലയിൽ എത്തുന്നതും നാം കാണുന്നുണ്ട്. ഉത്തമമായ മാർഗ്ഗത്തിൽക്കൂടി പ്രയത്നിച്ച് മനുഷ്യർ ഉത്കർഷത്തെ പ്രാപിക്കുന്നു. ഇങ്ങനെയുള്ള പ്രയത്നം എല്ലാവർക്കും ചെയ്യാവുന്നതാണ്.

പ്രയത്നം അനുസരിച്ചുള്ള ഫലം എപ്പോഴും ലഭിച്ചു എന്നു വരികയില്ല. ലഭിച്ചതുകൊണ്ടു തൃപ്തിപ്പെടണം.

ലഭിക്കാത്തതിനായി വീണ്ടും പ്രയത്നിക്കണം. അതാണു് ഉത്തമന്മാരുടെ ലക്ഷണം. ഒരുവന്റെ അയൽക്കാരൻ അവനെക്കാൾ സമ്പന്നനോ യശസ്വിയോ ആയെന്നു വന്നേക്കാം. അതു് ആ മനുഷ്യന്റെ പ്രയത്നത്തിന്റെ ഫലമായിരിക്കാം. അല്ലാതെയും ഇരിക്കാം. അതുകൊണ്ടു മററവൻ എന്തിനു നെടുവീർപ്പിടണം; കണ്ണുനീർ പൊഴിക്കണം; അവനും ആ നിലയിൽ എത്താൻ പരിശ്രമിക്കാമല്ലോ. എത്തിയാൽ എത്തി. എത്തിയില്ലെങ്കിൽ ചെയ്യാവുന്നതെല്ലാം താൻ ചെയ്തു; എന്നുള്ള സമാധാനമെങ്കിലും അവനു് ഉണ്ടാകുമല്ലോ.

കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടുന്നു എന്നു പറഞ്ഞതുകൊണ്ടു മാത്രം മതിയാകുന്നില്ല. ആ തൃപ്തി മനസ്സിലുണ്ടാകണം. എങ്കിലേ സന്തോഷത്തിനു വഴിയുള്ളൂ. ഒരിക്കൽ ഒരു രാജാവിനു ബുദ്ധിമാനായ ഒരു വിദൂഷകൻ ഉണ്ടായിരുന്നു. അദ്ദേഹം ഒരു വലിയ മാളിക പണിയിച്ചു. ഉള്ളതു കൊണ്ടു തൃപ്തിപ്പെടുന്ന ആൾക്കു താൻ അതു ദാനം ചെയ്യാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതായി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ആ രാജ്യത്തിലെ മന്ത്രി താൻ ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നവനാണെന്നും തനിക്കു് ആ മാളിക സമ്മാനിക്കണമെന്നും വിദൂഷകനോടു് അപേക്ഷിച്ചു. അപ്പോൾ അവർ തമ്മിൽ ഇങ്ങനെ സംഭാഷണം നടന്നു.

വിദൂ:— അങ്ങേക്കു് ഇതിനേക്കാൾ വലിയ മാളികകൾ ഇല്ലേ?

മന്ത്രി:— ഉണ്ടു.

വി:—എത്ര?

മ:—പത്തുപന്ത്രണ്ടു വരും.

വി:—അങ്ങ് വാസ്തവത്തിൽ ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്ന ആളും തന്നെയാണോ?

മ:—അതെ. അല്ലെങ്കിൽ ഈ മാളികയുടെ അവകാശം പറഞ്ഞുകൊണ്ട് ഞാൻ ഇങ്ങോളം വരുമോ?

വി:—(ചിരിച്ചുകൊണ്ട്) അങ്ങ്, ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്ന ആളാണെങ്കിൽ ആരാന്റെ മാളികയ്ക്ക് എന്തിന മോഹിക്കുന്നു? പന്ത്രണ്ടു വലിയ മാളികകൾ ഉള്ള ഒരു കുബേരന് ഈ ചെറിയ മാളിക കൂടി എന്തിന്?

മന്ത്രിക്കു മറുപടി പറയാൻ പഴുതൊന്നുമില്ലാതായി. അദ്ദേഹം ഇളിഭ്യനായി തിരിയെപ്പോയി. ദുരാഗ്രഹിയായ മന്ത്രിയെ വിദൂഷകൻ ഇത്തരത്തിൽ ചെണ്ടകൊട്ടിച്ചതറിഞ്ഞു രാജാവു വളരെ സന്തോഷിച്ചു.

ഒരു രാജ്യത്തിൽ പണ്ട് അന്ധയും ദരിദ്രയുമായ ഒരു സ്ത്രീ ഉണ്ടായിരുന്നു. പ്രായപൂർത്തിവന്നു വളരെക്കാലം കഴിഞ്ഞിട്ടും അവളെ ആരും വിവാഹം ചെയ്തില്ല. ഒടുവിൽ ആ സ്ത്രീ ഈശ്വരനെ ഭക്തിപൂർവം ഭജിച്ചു. ഭഗവാൻ മുമ്പിൽവന്ന് ഒരു വരം മാത്രമേ തന്നോടു യാചിക്കാവു എന്നു ഭക്തയോട് ആജ്ഞാപിച്ചു.

ഭക്ത ഇപ്രകാരം പ്രാർത്ഥിച്ചു: ഭഗവാനേ! എന്റെ മകൻ അവന്റെ ഭാര്യയും മക്കളുമായി എന്നോടൊന്നിച്ചിരുന്നു പൊന്നിൻതളികയിൽ പാൽ

ച്ചോരുണ്ണുന്നതു് എന്റെ കണ്ണുകൊണ്ടു ഞാൻ കണ്ടു ആനന്ദിക്കാൻ വരം നൾകണമേ. ഈ ഒററവരംകൊണ്ടു ഞാന തൃപ്തിപ്പെട്ടുകൊള്ളാം.

അവളുടെ പ്രാൎത്ഥനകേട്ടു ഭഗവാന സന്തോഷിച്ചു അങ്ങനെ വരട്ടെ എന്നു അനുഗ്രഹിച്ചു."

ഉടൻ ആ സ്ത്രീയുടെ അന്ധത മാറി. അവൾക്കു ഭൎത്താവുണ്ടായി. പുത്രൻ ജനിച്ചു. അയാൾ വളൎന്നു. യഥാകാലം വിവാഹം ചെയ്തു. ആ കുടുംബത്തിൽ സന്തതി വൎദ്ധിച്ചു; സമ്പത്തും സൌഖ്യവും പെരുകി. തന്റെ പ്രാൎത്ഥനയുടെ ഫലം ആ ഭാഗ്യവതി അനുഭവിച്ചു കൃതാൎത്ഥയായി.

ഇതൊരു അത്യാഗ്രഹമായിരിക്കാം. എന്നാൽ ദുരാഗ്രഹമല്ല. അന്യനെ ദ്രോഹിച്ചു തൻകാൎയ്യം നേടുന്നമെന്നുള്ള മോഹമാണു ദുരാഗ്രഹം. അന്യൎക്കു ദുഃഖം വരുത്തിയിട്ടുവേണമോ നമുക്കു ആനന്ദിക്കാൻ. ഇരു കൂട്ടൎക്കും സുഖമായും സമാധാനമായും കഴിഞ്ഞുകൂടുന്നതിനു വേണ്ട വിസ്താരം ഈ ഭൂലോകത്തിനില്ലയോ?

പണ്ടൊരിക്കൽ ഒരു ദേശത്തിൽ അയൽക്കാരായ രണ്ടു പേർ ജീവിച്ചിരുന്നു. അവരിൽ ഒരാൾ അസൂയക്കാരനും മറെറയാൾ ദുരാഗ്രഹിയുമായിരുന്നു. രണ്ടുപേരും കാശിയിൽ ചെന്നുചേൎന്നു. അഭീഷ്ടം സാധിക്കാൻ ശ്രീ പരമേശ്വരനെ ഭജിച്ചു. എടൊ, തന്നെ ഞാൻ പററിക്കുമേ എന്നു ഓരോ ദിവസവും അസൂയക്കാരൻ ദുരാഗ്രഹിയോടു പറയാറുണ്ടായിരുന്നു. "തന്നെ ഞാനും" എന്നു് അതിനു ദുരാഗ്രഹിയും മറുപടി പറഞ്ഞുവന്നു.

ഒടുവിൽ ശിവൻ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു ദുരാഗ്രഹിയോടു് എന്തുവരമാണു് വേണ്ടതു് എന്നു് ആദ്യമായി ചോദിച്ചു. കൂട്ടുകാരൻ പറയട്ടെ ഒന്നാമതായി, എന്നായി അയാൾ. അസൂയക്കാരനോടു ചോദിച്ചപ്പോൾ "മറേറ ആളോടല്ലേ അവിടന്നു സംഭാഷണം ആരംഭിച്ചതു; അയാൾ പറഞ്ഞിട്ടാകട്ടെ ഞാൻ പറയാൻ", എന്നു് ആ മനുഷ്യനും ഒഴിഞ്ഞുമാറി. ഇങ്ങനെ കുറേ നേരത്തേക്കു അവർ തമ്മിലുള്ള തക്കം നടന്നു. ഒടുവിൽ ഭഗവാൻ ദുരാഗ്രഹിയെനോക്കി, "നിന്നോടല്ലേ ഞാൻ ആദ്യമായി ചോദിച്ചതു? നീതന്നെ പറയൂ" എന്നു് ആജ്ഞാപിച്ചു. ദുരാഗ്രഹി:—എന്നാൽ അങ്ങനെ തന്നെ ആകട്ടെ. ഭഗവാനേ, എന്റെ ചങ്ങാതിക്കു കൊടുക്കുന്ന വരത്തിൽ ഇരട്ടി എനിക്കു തന്നാൽ മതി എന്നറിയിച്ചു.

അതു കേട്ട ക്ഷണത്തിൽ അസൂയക്കാരൻ "ഭഗവാനേ എന്റെ രണ്ടു കണ്ണുകളിൽ ഒന്നു പൊട്ടിക്കണമേ" എന്നു യാചിച്ചു.

രണ്ടുപേക്കും അവരവർ ആവശ്യപ്പെട്ട വരം നൽകിയിരിക്കുന്നു എന്നു് അരുളിച്ചെയ്തു് ഈശ്വരൻ അന്തർധാനം ചെയ്തു. രണ്ടു കണ്ണും പൊട്ടിപ്പോയ ദുരാഗ്രഹിയെ ഒരു കണ്ണുമാത്രം പൊട്ടിയ അസൂയക്കാരൻ അത്യാനന്ദത്തോടെ കണ്ടു. അതോടുകൂടി, "ഇപ്പോഴോ ആരാണു പററിച്ചതു? താൻ എന്നെയോ, ഞാൻ തന്നെയോ" എന്നു് അഹങ്കരിച്ചുകൊണ്ടു് ഒരു ചോദ്യവും ചോദിച്ചു. അതു കേട്ടു് ദുരാഗ്രഹി അരിശം സഹിക്കവയ്യാതെ

അടുത്തു കിടന്ന ഒരു കരിങ്കൽ ചില്ലെടുത്തു് അസൂയക്കാരൻെറ മുഖത്തിൻെറ നേക്കു് ഊക്കോടെ ഒരു ഏറു കൊടുത്തു. ആ കല്ലു് അയാളുടെ കാഴ്ചയുള്ള കണ്ണിൽ ചെന്നു കൊണ്ടു് ആ കണ്ണും പൊടിഞ്ഞു. രണ്ടു പേരുടെ നിലയും ഒപ്പമായി. തൻെറ മൂക്കു മുറിഞ്ഞാലും എതിരാളിയുടെ ശകുനം മുടക്കണമെന്നായിരുന്നു അസൂയക്കാരൻെറ ആശ. അതു് അതേ രൂപത്തിൽതന്നെ ഫലിച്ചില്ല. അങ്ങനെ അവർ രണ്ടുപേരും ബുദ്ധിപൂർവ്വമായി ചോദിച്ചുവാങ്ങിച്ച വരത്തിൻെറ ഫലം അനുഭവിച്ചുകൊണ്ടു താന്താങ്ങളുടെ ഗൃഹങ്ങളിൽ ചെന്നെത്തി. ആക്കു് എന്തു പ്രയോജനമാണു് അവരുടെ തപസ്സിൽനിന്നു സിദ്ധിച്ചതു്.

താൻ അന്യനെ വീഴിക്കാൻ കുഴിക്കുന്ന കുഴിയിൽ താൻ തന്നെ വീഴാനാണു് അധികം എളുപ്പം എന്നുള്ള വസ്തുത നാം വിസ്മരിക്കരുതു്. നമുക്കു പ്രിയവും ഹിതവുമല്ലാത്തതു ഒരു കാലത്തുംമററുള്ളവക്കു് ഉണ്ടാകണമെന്നു് നാം ആഗ്രഹിക്കരുതു്. പരപീഡനംപോലെ പാപവും, പരോപകാരംപോലെ പുണ്യവും അല്ലാതെ ലോകത്തിൽ മറെറാന്നില്ല. എല്ലാ മതങ്ങളും ഘോഷിക്കുന്ന ഏകതത്വം ഇതു മാത്രമാണു്. അന്യജീവിയെപ്പോലും ഹനിക്കരുതു്. ആക്കെങ്കിലും ദിവസം തോറും ഒരു ഉപകാരമെങ്കിലും ചെയ്യാൻ ശീലിക്കണം.

പാഠം ൫൧

ഭീഷ്മർ

TRAINING SCHOOL KOTTAYAM LOWER GRADE

പുരാതനകാലത്തു ശന്തനു എന്ന ഒരു ചക്രവർത്തി ആര്യാവർത്തം ഭരിച്ചിരുന്നു. യമുനാനദിയുടെ തീരത്തിൽ ഉണ്ടായിരുന്ന ഹസ്തിനാപുരം ആയിരുന്നു അദ്ദേഹത്തിന്റെ രാജധാനി. സമർത്ഥനും സദ്ഗുണസമ്പന്നനും ആയിരുന്നതിനാൽ സമീപസ്ഥന്മാരായ നാടുവാഴികൾ അദ്ദേഹത്തിന്റെ മേൽക്കോയ്മ അനുസരിച്ചു വന്നു.

മഹർഷിമാരക്കും ദേവതകൾക്കും ശാപാനുഗ്രഹശക്തി ഉള്ളതായി ഇതിഹാസങ്ങൾ ഘോഷിക്കുന്നു. ശന്തനുവും ഗംഗാദേവിയും ബ്രഹ്മാവിന്റെ ശാപം നിമിത്തം ഭൂമിയിൽ ജനിച്ചവരാണ്. ശന്തനു ഒരിക്കൽ നായാട്ടിനു പോയപ്പോൾ ഒരു സുന്ദരിയുടെ രൂപത്തിൽ ഗംഗാദേവിയെക്കണ്ടു. അദ്ദേഹത്തിന് ആ ദേവിയോട് അത്യന്തം സ്നേഹം തോന്നി ആ സ്ത്രീരത്നത്തെ വിവാഹം കഴിക്കണമെന്നും അദ്ദേഹത്തിന് ആഗ്രഹമുണ്ടായി. അദ്ദേഹം തന്റെ ഇംഗിതം അവളെ അറിയിച്ചു. ഗംഗാദേവി ഇങ്ങനെ ഉത്തരം പറഞ്ഞു! "ഞാൻ അങ്ങയെ വിവാഹം ചെയ്യാം. എന്നാൽ എന്റെ ഒരു നിർബന്ധത്തിനു അങ്ങ് വഴിപ്പെടണം. ഞാൻ എന്തു് അപരാധം ചെയ്താലും എന്റെ നേർക്കു വൈരസ്യം ഭാവിക്കരുതു്. അങ്ങനെ ചെയ്യുന്ന നിമിഷത്തിൽ ഞാൻ അങ്ങയെ വിട്ടുപിരിയും. ഈ നിബന്ധന സമ്മതമാണോ?" വേറെ പോംവഴിയില്ലാതെയിരുന്നതിനാൽ ആ നിർബന്ധത്തിനു

രാജാവു കീഴ്പ്പെട്ടു. മഹാരാജാവു ഗംഗയെ പരിഗ്രഹിക്കയും ചെയ്തു. അദ്ദേഹത്തിന് ആ ഭാൎയ്യയിൽ ഏഴു പുത്രന്മാർ ജനിച്ചു. ജനിച്ച മാത്രയിൽതന്നെ ആ ഉണ്ണികളെ ദേവി ഗംഗാനദിയിൽ നിക്ഷേപിച്ചു ജീവഹാനി വരുത്തി. പിതാവു വളരെ പരിതപിച്ചു എങ്കിലും ഒരക്ഷരം മിണ്ടിയില്ല. രാജ്ഞി എട്ടാമത്തെ ഒരു ഉണ്ണിയെ പ്രസവിച്ചു. ആ ഉണ്ണിയേയും രാജ്ഞി ഭാഗീരഥിയിൽ മുക്കിക്കൊല്ലുവാൻ തുടങ്ങിയപ്പോൾ ശന്തനു അതു തടുത്തു. അദ്ദേഹം അങ്ങനെ പ്രതിജ്ഞക്കു ലംഘനം വരുത്തുകയാൽ ഗംഗാദേവി അദ്ദേഹത്തെ വിട്ടുപിരിഞ്ഞു. പിരിയുന്നതിൻമുമ്പ് ആ ദേവി പൂൎവ്വകഥ ഇങ്ങനെ സംഗ്രഹിച്ചു പറഞ്ഞു. നമ്മുടെ പുത്രന്മാരായി ജനിച്ച ഉണ്ണികൾ അഷ്ടവസുക്കളാണ്. ഇവർ എന്റെ ഗർഭത്തിൽ ജനിച്ചതും അവരിൽ ഏഴുപേരെ ഞാൻ കൊന്നതും ശാപത്തിന്റെ ഫലമായിട്ടാണ്. എട്ടാമനായ ഈ ഉണ്ണി ആയുഷ്മാനും യശസ്വിയും ആയിരിക്കും. ഈ ഉണ്ണിയെ വളർത്തി ഞാൻ യഥാകാലം അങ്ങയെ ഏല്പിക്കാം.

ഇങ്ങനെ പറഞ്ഞിട്ടു ഗംഗ മറഞ്ഞു. കുറച്ചുകാലം കഴിഞ്ഞു പിന്നെയും രാജാവു ഗംഗാതീരത്തിൽ വേട്ടയാടുവാൻ ചെന്നു. കടൽപോലെ കിടക്കുന്ന ആ നദിയിൽ ഒരു യുവാവ് അസ്ത്രങ്ങൾ പ്രയോഗിച്ച് അണയിടുന്നതു കണ്ടു രാജാവു വിസ്മയിച്ചു. അപ്പോൾ ഗംഗാദേവി പ്രത്യക്ഷപ്പെട്ട് ആ യുവാവിനെ ശന്തനുവിനെ ഏല്പിച്ചു. മഹാരാജാവേ ഇയാൾ അങ്ങയുടെ പുത്രനാണ്. ഞാൻ കൊണ്ടുപോയി വളർത്തിയ ശിശുവാണ് ഇത്.

ദേവവ്രതൻ എന്നാണു പേരു്. ഞാൻ അംഗങ്ങളെ ദാനം ചെയ്യുന്നതുകൊണ്ടു ഗാംഗദത്തൻ എന്നു പറയാം. വയസ്സ് ഇരുപത്താറു കഴിഞ്ഞു എന്ന് അങ്ങേയ്ക്കും അറിയാമല്ലോ. ഇയാൾ പഠിക്കാത്ത വിദ്യ ഇല്ല. പരിശീലിക്കാത്ത ശാസ്ത്രം ഇല്ല. ആയുധവിദ്യ അഭ്യസിപ്പിച്ചതു സാക്ഷാൽ പരശുരാമനാണു്. ആത്മജ്ഞാനം വസിഷ്ഠമഹർഷിയും. ഇനി ഈ പുത്രനെക്കൂടി കൊണ്ടുപോകാം. രാജാവു സന്തുഷ്ടനായി ദേവവ്രതനെക്കൂടി കൊണ്ടുപോയി യുവരാജാവായി അഭിഷേകം ചെയ്യിച്ചു.

നാലുവർഷം അങ്ങനെ രാജാവും പ്രജകളും ആനന്ദപരവശരായി കഴിഞ്ഞുകൂടി. വീണ്ടും ശന്തനു യമുനയുടെ തീരത്തുള്ള വനങ്ങളിൽ നായാട്ടിനു പോയി. അവിടെ ഒരു യുവതി കടത്തുവഞ്ചി നടത്തുന്നതു കണ്ടു. അവളുടെ ആ സൗരഭ്യം രാജാവിനെ ആകർഷിച്ചു. ഇതൊന്തൊരു സൗരഭ്യം! എന്തൊരു സൗന്ദര്യം!! എന്നു രാജാവു മതിമറന്നു നിന്നുപോയി. അതാരാണു് എന്നു് അന്വേഷിച്ചു. ആ സ്ഥലത്തെ ഉച്ചൈശ്രവസ്സ് എന്നു് അരയത്തലവൻ ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ വളർത്തു പുത്രിയായിരുന്നു ആ സ്ത്രീ. ആ സുന്ദരിക്കു കാളി എന്നും, സത്യവതി എന്നും പേരുകൾ ഉണ്ടായിരുന്നു. അവളുടെ ആദ്യഭർത്താവായ പരാശരമഹർഷിയുടെ അനുഗ്രഹംകൊണ്ടാണു അവൾക്കു ഈ സുഗന്ധം ഉണ്ടായതു. പരാശരൻെറ പ്രസാദത്താൽ സത്യവതിക്കു വേദവ്യാസൻ എന്നു മഹാനായ ഒരു പുത്രനുണ്ടായിരുന്നു.

ശന്തനു മഹാരാജാവു സത്യവതിയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു എന്നു ഉച്ചൈശ്രവസ്സിനെ

അറിയിച്ചു. സത്യവതിയിൽ അദ്ദേഹത്തിനു ജനിക്കുന്ന പുത്രനെ ചക്രവൎത്തിയായി വാഴിക്കുമെങ്കിൽ ആ വിവാഹം തനിക്കു സമ്മതമാണെന്നു ഉച്ചൈശ്ശ്രവസ്സ് രാജാവിനെ ധരിപ്പിച്ചു. അതുകേട്ടു ശന്തനുവിനു വളരെ ക്ലേശം തോന്നി. മൂത്ത പുത്രനായ ദേവവ്രതനു സിംഹാസനം കൊടുക്കാതിരിക്കാൻ തനിക്കു സമ്മതമില്ല; സത്യവതിയെ വിവാഹം ചെയ്യുകയും വേണം. മഹാരാജാവു വളരെ വിഷമിച്ചു. അച്ഛന്റെ അസ്വാസ്ഥ്യത്തിനു കാരണം ദേവവ്രതൻ തിരക്കി അറിഞ്ഞു. ദേവവ്രതൻ നേരെ ഉച്ചൈശ്ശ്രവസ്സിന്റെ അരികിലെത്തി സിംഹാസനത്തിനു താൻ ആഗ്രഹിക്കുന്നില്ലെന്നും മേലാൽ അവകാശതൎക്കത്തിനു ഇടവരുത്താതിരിക്കാൻ കരുതി താൻ വിവാഹം ചെയ്കയില്ലെന്നും അദ്ദേഹം ശപഥം ചെയ്തു. ഈ ഉഗ്രമായ വ്രതം നിമിത്തം മനുഷ്യർ അദ്ദേഹത്തെ ഭീഷ്മൻ എന്നു കൊണ്ടാടി. ശന്തനു പുത്രന്റെ മേൽ അളവററ പ്രസാദിച്ചു. മകനെ ആശ്ലേഷിച്ചുകൊണ്ടു അദ്ദേഹം ഇങ്ങനെ അനുഗ്രഹിച്ചു. "മകനേ! നീ ആഗ്രഹിക്കുമ്പോഴ മാത്രമേ നിനക്കു മരണം ഉണ്ടാകയുള്ളു."

ശന്തനു മഹാരാജാവു പിന്നീടു സത്യവതിയെ പരിഗ്രഹിച്ചു. കാലക്രമത്തിൽ ആ ദമ്പതിമാൎക്കു ചിത്രാംഗദൻ എന്നും, വിചിത്രവീൎയ്യൻ എന്നും രണ്ടു പുത്രന്മാർ ജനിച്ചു. ചിത്രാംഗദൻ യൌവനത്തിന്റെ ആരംഭത്തിൽതന്നെ മരിച്ചുപോയി. വിചിത്രവീൎയ്യന്റെ വിവാഹത്തിനു കാശിരാജാവിന്റെ പുത്രിമാരായ അംബ, അംബിക, അംബാലിക എന്ന മൂന്നു കന്യക

മാരെ ഭീഷ്മർ രാജധാനിയിൽ കൊണ്ടുവന്നു. അവരിൽ അംബ, ഭീഷ്മരുടെ സന്നിധിയിലെത്തി തന്നെ പാണിഗ്രഹണം ചെയ്യണമെന്ന് അദ്ദേഹത്തോട്ട് അപേക്ഷിച്ചു. ഭീഷ്മർ ആ അപേക്ഷയ്ക്കു വഴിപ്പെടുകയില്ലെന്നു സിദ്ധമാണല്ലോ.

ആഗ്രഹം സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ അംബ അത്യുഗ്രമായ കോപംകൊണ്ട് ഇളകി. അവൾ പരശുരാമസന്നിധിയിൽ എത്തി സങ്കടം ധരിപ്പിച്ചു. ആ മഹർഷിയുടെ യുക്തിവാദങ്ങളും പ്രേരണകളുംകൊണ്ടു ഫലമുണ്ടായില്ല. ആശാഭംഗം നേരിട്ട ആ ക്ഷത്രിയകുമാരി ഭീഷ്മരോടു പകവീട്ടാൻ ഉറച്ചു. അംബ തപസ്സുകൊണ്ടു സുബ്രഹ്മണ്യനെ പ്രസാദിപ്പിച്ചു. ദിവ്യമായ ഒരു മാല സമ്പാദിച്ചു. ആ മാല ധരിക്കുന്ന പുരുഷനു ഭീഷ്മരെ കൊല്ലാൻ സാധിക്കും എന്നായിരുന്നു സുബ്രഹ്മണ്യൻ അനുഗ്രഹിച്ചരുളിയതു്. ആരും ആ മാല സ്വീകരിച്ചില്ല. ഒടുവിൽ പാഞ്ചാലരാജാവായ യജ്ഞസേനൻെറ പുത്രി ശിഖണ്ഡി ആ മാല ധരിക്കാൻ ഇടയായി. ശിഖണ്ഡി പുരുഷനായാലേ ഭീഷ്മരെ വധിക്കാൻ സാധിക്കയുള്ളു എന്നു കണ്ടു അംബ അതിനായി വീണ്ടും തപസ്സുചെയ്തു. അംബയുടെ തപസ്സിൻെറ ഫലമായി ശിഖണ്ഡി പുരുഷനായിത്തീർന്നു. ശിഖണ്ഡിയുടെ അസ്ത്രമേററായിരുന്നു ഭീഷ്മർ മരണശയ്യ അവലംബിച്ചതെന്നു വഴിയേ തെളിയും. ആ കഥ പിന്നീടു പറയാം. അംബയുടെ കഥ അങ്ങനെ നിൽക്കട്ടെ.

അംബികയേയും അംബാലികയേയും വിചിത്രവീര്യൻ പരിഗ്രഹിച്ചു. അംബികയിൽ ധൃതരാഷ്ട്രർ എന്നും,

അംബാലികയിൽ പാണ്ഡു എന്നും രണ്ടു കുമാരന്മാര ജനിച്ചു. അവരിൽ ധൃതരാഷ്ട്രർ പിറവിയിലെ അന്ധനായിരുന്നു. പാണ്ഡു രോഗം പിടിപെട്ടവനായിരുന്നു. എങ്കിലും ധൃതരാഷ്ട്രനുവേണ്ടി പാണ്ഡു രാജ്യം ഭരിച്ചു. ധൃതരാഷ്ട്രനു നൂറു മക്കൾ ഉണ്ടായി. അവരെ കൗരവന്മാർ എന്നു പറയുന്നു. പാണ്ഡുവിന്നു് അഞ്ചു പുത്രന്മാർ ജനിച്ചു. അവരെ പാണ്ഡവന്മാർ എന്നു വിളിക്കുന്നു. അവരുടെ പിതാവായ പാണ്ഡു പുത്രന്മാർ പ്രായമാകുന്നതിനു മുൻപുതന്നെ മരിച്ചു. നൂററുപേരുടെ ജ്യേഷ്ഠനായ ദുര്യോധനൻ പാണ്ഡവന്മാരെ പല പ്രകാരത്തിൽ ദ്രോഹിച്ചു. അക്കാലത്തു ശ്രീകൃഷ്ണൻ പല അത്ഭുതകർമ്മങ്ങളും പ്രവർത്തിച്ചുകൊണ്ടിരുന്നു. ശ്രീകൃഷ്ണൻ പാണ്ഡവന്മാരുടെ പരമസുഹൃത്തായിരുന്നതിനാൽ കൗരവന്മാരുടെ ഉപദ്രവം ഒന്നും അവരിൽ സ്ഥായിയായി ഏററില്ല. കുറേ കാലം കഴിഞ്ഞപ്പോൾ പാണ്ഡവന്മാരെ നാട്ടിൽനിന്നു് ഓടിക്കാൻ നൂററുപേർ ഒരു ഉപായം ചെയ്തു. ദുര്യോധനൻ അമ്മാവനായ ശകുനിയെക്കൊണ്ടു പാണ്ഡവന്മാരോടു കള്ളച്ചൂതു പൊരുതിച്ചു പാണ്ഡവന്മാരെ തോല്പിച്ചു. പാണ്ഡവന്മാർക്കു രാജ്യവും സകല സ്വത്തുക്കളും നഷ്ടപ്പെട്ടു. അവർക്കു വനവാസം ചെയ്യണമെന്നും വന്നുചേർന്നു. ഭാര്യയായ പാഞ്ചാലിയുമൊത്തു പാണ്ഡവന്മാർ കാട്ടിലേക്കു പോയി. പന്ത്രണ്ടുവർഷം വനവാസവും ഒരു വർഷം അജ്ഞാതവാസവും കഴിഞ്ഞേ തിരിയെ വരാവൂ എന്നായിരുന്നു വ്യവസ്ഥ.

അക്കാലാവധി കഴിഞ്ഞു് അവർ തിരിച്ചുവന്നു. തങ്ങൾക്കു് അവകാശമുള്ള അർദ്ധരാജ്യം മടക്കിക്കിട്ടണ

TRAINING SCHOOL
LOWER

മെന്നു് അവര ആവശ്യപ്പെട്ടു. ശ്രീകൃഷ്ണനായിരുന്നു ദുര്യോധനനോടു പാണ്ഡവരുടെ ദൂതു പറയാൻ പോയതു്. ദുര്യോധനൻ ദുർവാസനകൊണ്ടും ദുഷ്ടസംസർഗ്ഗംകൊണ്ടും

ഭീഷ്മർ ശരശയനത്തിൽ

മികച്ച ഒരു ദുർവൃത്തനായിരുന്നു. പാണ്ഡവന്മാർക്കു താമസിക്കുവാൻ ഒരു ഗൃഹം എന്നതു പോയിട്ടു സൂചിയുടെ മുനകൊണ്ടു കുത്താവുന്ന സ്ഥലംപോലും കൊടുക്കുന്നതല്ലെന്നു് ആ ബുദ്ധിശൂന്യൻ ശഠിച്ചു. ഭീഷ്മരും മററുപലരും ദുര്യോധനനെ വേണ്ടപോലെ ഉപദേശിച്ചു. അതൊന്നും അദ്ദേഹം ചെവികൊണ്ടില്ല. വേറെ ഒരു നിർവാഹവും ഇല്ല എന്നു കണ്ടു് പാണ്ഡവന്മാർ യുദ്ധത്തിനുതന്നെ സജ്ജരായി. അങ്ങനെ യുദ്ധം തുടങ്ങി. ബന്ധുക്കൾ തമ്മിൽ ഉള്ള യുദ്ധത്തിൽ ഒരു വശത്തുചേൎന്നു യുദ്ധം ചെയ്യാൻ അങ്ങനെ ഭീഷ്മൎക്കു് ഇടയായി. അദ്ദേഹത്തെ ആ ചിന്ത അലട്ടി. അദ്ദേഹം ചോറുള്ളേടത്തു കൂറുകാണിക്കുക എന്ന ന്യായംതന്നെ അനുസരിക്കാൻ തീൎച്ചയാക്കി. അദ്ദേഹം കൗരവപക്ഷത്തിൽ ചേൎന്നുതന്നെ പൊരുതു; എങ്കിലും ധർമ്മപാണ്ഡവന്മാർ ജയിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. യുദ്ധത്തിന്റെ പത്താംദിവസത്തിൽ ശിഖണ്ഡിയെ പാണ്ഡവർ അദ്ദേഹത്തിന്റെ മുന്നിൽ കൊണ്ടുചെന്നു നിറുത്തി. ആ നപുംസകത്തെ കണ്ടു് ഭീഷ്മർ ആയുധം വലിച്ചു താഴത്തെറിഞ്ഞു. ആ തക്കംനോക്കി ശിഖണ്ഡി അദ്ദേഹത്തിന്റെ ശരീരത്തിൽ ബാണങ്ങൾ പ്രയോഗിച്ചു. ദേഹം മുഴുവൻ അമ്പുതറച്ചു് അദ്ദേഹം ഭൂമിയിൽ വീണു.

രണ്ടുമാസം അങ്ങനെ ശരശയനത്തിൽ കഴിഞ്ഞു. ശ്രീകൃഷ്ണന്റെ സഹായത്താൽ പാണ്ഡവന്മാർതന്നെ യുദ്ധത്തിൽ ജയിച്ചു. പാണ്ഡവന്മാരിൽ ജ്യേഷ്ഠനായ യുധിഷ്ഠിരൻ ചക്രവൎത്തിപദത്തെ ആരോഹണം ചെയ്തു.

അപ്പോൾ ശ്രീകൃഷ്ണന്റെ അപേക്ഷയനുസരിച്ച് ഭീഷ്മർ സകല ധർമ്മങ്ങളുടെയും രഹസ്യം യുധിഷ്ഠിരന് ഉപദേശിച്ചു. സത്യസന്ധരായി ജീവിക്കണം, അഹിംസാവ്രതരായി ജീവിക്കണം എന്നും മറ്റുമായിരുന്നു ഭീഷ്മരുടെ ഉപദേശം. അതിനുശേഷം ഉത്തരായണകാലത്തു ഭീഷ്മർ ദേഹം വെടിഞ്ഞു മോക്ഷം പ്രാപിച്ചു.

ആ മഹാപുരുഷൻ — ഭാരതത്തിന്റെ അഭിമാനസ്തംഭം — അന്തർദ്ധാനം ചെയ്തുവോ? ഇല്ല. ലോകാവസാനംവരെ നിലനിൽക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രഭാവവും പ്രശസ്തിയും. ഭാരതീയർ അദ്ദേഹത്തെ ഭക്തിപുരസ്സരം പിതാമഹൻ, അതായത് മുത്തച്ഛൻ എന്ന പേരിലാണ് ഇന്നും സ്മരിക്കുന്നത്.

പാഠം ൧൪

ഗാന്ധാരീവിലാപം

യുദ്ധഭൂമൌ നിരന്നു കിടക്കുന്നോരു
പുത്രസമൂഹവും മിത്രവർഗ്ഗങ്ങളും ൧

ഗൃദ്ധ്രങ്ങൾ നായ് നരി കാക സമൂഹവും
പക്ഷിഗണങ്ങളും നക്തഞ്ചരാലിയും ൨

കണ്ടുകണ്ടിണ്ടൽ മുഴുത്തു ഗാന്ധാരി വൈ-
കുണ്ഠനാം മാധവൻ തന്നോടു ചൊല്ലിനാൾ ൩

കണ്ടീലയോ നീ മുകുന്ദാ! ധരണിയി-
ലുണ്ടായ മന്നരിൽ മുമ്പൻ ഭഗദത്തൻ ൪

തൻകരിവാരന്നരികേ ധനുസ്സുമായ്
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ ൧൧

വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ! ൧൨

നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ ൧൩

ചൊല്ലേഴുമർജ്ജുനൻ തന്റെ തിരുമകൻ
വല്ലവി വല്ലഭാ! നിന്റെ മരുമകൻ ൧൪

കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെനീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ ൧൫

നല്ലലോകന്നിതേ കണ്ടുതോറുമെനി-
ക്കെല്ലായ്കിലും പൊളിയല്ലിതു ദൈവമേ ൨൧

മന്ദസ്മിതംപൂണ്ടു സുന്ദരമാം മുഖ-
മിന്ദീവരേക്ഷണേ! കണ്ടാൽ പൊറുക്കുമോ ൨൨

കല്ലുകൊണ്ടോ മനം താവകമെങ്കില-
ക്കല്ലിനു മാർദ്ദവമുണ്ടിതു കാണുമ്പോൾ ൨൩

അയ്യോ പുനരതിനങ്ങേപ്പുറത്തതാ
മെയ്യഴകുള്ള ഘടോൽക്കചനെന്മകൻ ൨൪

മാരുതി കീറപ്പിളർന്നു കടിച്ചൊരു
മാറിടം കണ്ടാൽ പൊറുക്കുമോ പൈതലേ ൨൫

മാരുമോ കണ്ണന്റിന്നെനിക്കുണ്ടായ-
താരുമോ ശോകമെൻമാനസേ ഗോപതേ; ൩൦

കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നുള്ള-
മുണ്ണികളേ! എനിക്കെന്തിതു തോന്നുവാൻ ൩൨

ഉണ്ണി! മകനേ! ദുരിയോധനാ തവ
പൊന്നിൻ കിരീടവും ഭൂഷണജാലവും ൩൪

ഉമ്പർകോനൊത്തോരു വമ്പും പ്രതാപവും
ഗംഭീരമായൊരു ഭാവവും ഭംഗിയും ൩൬

ഇഷ്ടംകലൎന്നുടനെന്നെയു മെത്രയു-
മിഷ്ടമായീടും പിതാവിനെത്തന്നെയും ൩൮

പെട്ടെന്നുപേക്ഷിച്ചു പൊയ്ക്കൊണ്ടതെന്തുണ്ണി
പൊട്ടുന്നിതെന്മനം കണ്ടിതെല്ലാമഹോ! ൪൦

പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ ൪൨

കണ്ടുകൂടായെനിക്കെന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ. ൪൪

പാഠം ൨൯

ശ്രീയേശു

ഏകദേശം രണ്ടായിരം സംവത്സരങ്ങൾക്കു മുൻപു പലസ്തീൻനാട്ടിൽ നസ്രേത്ത് എന്ന പട്ടണത്തിൽ മറിയം എന്നു പേരായി ഒരു കന്യക ജീവിച്ചിരുന്നു. യഹൂദ ഗോത്രത്തിൽ ദാവീദിന്റെ വംശത്തിൽപ്പെട്ട ആ മഹിള സൗശീല്യവും ദൈവഭക്തിയും തികഞ്ഞവളായിരുന്നു. ആ സ്ത്രീരത്നത്തെ ഗുണവാനായ യോസഫ വിവാഹം ചെയ്യാൻ തീർച്ചയാക്കി. നിരന്തരമായ പ്രാർത്ഥനാശീലം പുലർത്തിപ്പോന്ന ആ കന്യക ദൈവത്തെ ആത്മാർത്ഥമായി ആരാധിച്ചു പോന്നു. യോസഫും "നീതിമാനായ" ഒരു ആളായിരുന്നു. വിവാഹം നടക്കുന്നതിനു മുൻപു ഒരു ദിവസം ദൈവദൂതനായ ഗബ്രിയേൽ പ്രത്യക്ഷനായി ആ കന്യകയോട് ഇങ്ങനെ പറഞ്ഞു:

"ദൈവത്തിന്റെ അനുഗ്രഹം സിദ്ധിച്ച ഭാഗ്യവതീ! നിനക്ക് മംഗളം ഭവിക്കും. ദിവ്യമായ ആത്മാവ് നിന്നിൽ നിറയും. സർവ്വശക്തന്റെ പ്രഭാവം നിന്റെ മേൽ നിഴലിക്കും. നീ ഒരു പുത്രനെ പ്രസവിക്കും. ആ ശിശുവിന് യേശു എന്നു നീ നാമകരണം ചെയ്യണം. ആ ശിശു ദിവ്യനായിത്തീരും; ദൈവപുത്രൻ എന്ന അഭിധാനം സിദ്ധിക്കും. എന്നെന്നേക്കും നിലനില്ക്കുന്ന ഒരു രാജ്യം യേശു സ്ഥാപിക്കും."

ഇങ്ങനെ പറഞ്ഞിട്ട് ആ ദൈവദൂതൻ അപ്രത്യക്ഷനായി.

മറിയം ദൈവദൂതൻെറ വാക്ക് പൂൎണ്ണമായി വിശ്വസിച്ചു. അവളുടെ ഹൃദയം ആഹ്ലാദംകൊണ്ടു നിറഞ്ഞു. ഒരു ആനന്ദാനുഭൂതി അവൾക്ക് ഉണ്ടായി. ദിവ്യശക്തിയാൽ ഗർഭിണിയായിത്തീൎന്ന മറിയയെ, യോസഫ സ്വീകരിച്ചു.

ഏതാനും മാസം കഴിഞ്ഞപ്പോൾ റോമാ ചക്രവൎത്തി സാമ്രാജ്യം ഒട്ടുക്ക് ജനസംഖ്യ എടുക്കാൻ നിശ്ചയിച്ചു. അക്കാലത്ത് പലസ്തീൻനാട്ട് റോമാസാമ്രാജ്യത്തിൻെറ ഒരു ഭാഗമായിരുന്നു. യഹൂദന്മാരെല്ലാം അവരുടെ പിതൃനഗരങ്ങളിൽ ചെന്നു പേർ കൊടുത്തു കണക്കെഴുതിക്കൊള്ളണമെന്നായിരുന്നു രാജകല്പന. അങ്ങനെ യോസഫിനു ഗർഭവതിയായ മറിയയോടൊന്നിച്ച് ബത്ലഹേമിൽ പോകേണ്ടിവന്നു. ദരിദ്രരായിരുന്ന അവൎക്ക താമസിക്കാൻ ഒരു ഗോശാല മാത്രമേ കിട്ടിയുള്ളൂ. യേശുവിൻെറ അവതാരം ആ ഗോശാലയിലായിരുന്നു.

അവിടെ ഒരു മൈതാനത്തിൽ താവളമുറപ്പിച്ചു താമസിച്ചിരുന്ന ഒരു കൂട്ടം ഇടയന്മാർക്ക് യേശു ജനിച്ച രാത്രിയിൽ തേജോമയനായ ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു. ആ ദൂതൻ അവരോട്ട് ഇങ്ങനെ പറഞ്ഞു: "ഒരു ശുഭവാൎത്ത നിങ്ങളെ ഗ്രഹിപ്പിക്കാനാണ് ഞാൻ വന്നിരിക്കുന്നത്. ബത്ലഹേമിൽ ഇന്ന് ഒരു ശിശു

അവതരിച്ചിരിക്കുന്നു. അവിടന്നു മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനാണു. അവിടെ ചെന്നാൽ ഒരു ഗോശാലയ്ക്കകത്തു പഴന്തുണിക്കഷണംകൊണ്ടു പൊതിഞ്ഞു കിടത്തിയിരിക്കുന്ന ആ ശിശുവിനെ നിങ്ങൾക്കു കാണാം."

ഇത്രയും പറഞ്ഞു തീരുമ്പോഴേക്കു ആകാശം ദൈവദൂതന്മാരെക്കൊണ്ടു നിറഞ്ഞു. അവരെല്ലാം മേൻ ഉച്ചത്തിൽ ഒരു കീർത്തനം പാടി. ദൈവദൂതന്മാർ മറഞ്ഞ ശേഷം ഇടയന്മാർ ബദ്ധപ്പെട്ടു് പട്ടണത്തിലേക്കു പുറപ്പെട്ടു. അവർ ശിശുവിനെ കണ്ടു ഭക്തിപൂർവ്വം നമസ്കരിച്ചു സന്തോഷഭരിതരായി തിരിയെ പോയി.

ദൈവദൂതൻ ആജ്ഞാപിച്ചതുപോലെ മറിയം ശിശുവിന് യേശു എന്നു നാമകരണം ചെയ്തു. രക്ഷകൻ എന്നാണ് ആ പദത്തിന്റെ അർത്ഥം. യഹൂദസമുദായത്തിൽ ഒരു രാജാവ് ജനിച്ചിരിക്കുന്നു എന്ന വിവരം ഒരു അസാധാരണ നക്ഷത്രത്തിന്റെ ഉദയംമൂലം കിഴക്കുള്ള ചില വിദ്വാന്മാർ ഗ്രഹിച്ചു. അവർ ബത്‌ലഹേമിൽ ചെന്ന് ശിശുവിനെക്കണ്ടു് തിരുമുൽക്കാഴ്ചവച്ചു നമസ്കരിച്ചു മടങ്ങി. അന്ന് യഹൂദരാജ്യം ഭരിച്ചിരുന്ന സാമന്തരാജാവായ ഹെരോദാ ആ ശിശുവിനെ വധിക്കുവാൻ ആലോചിച്ചു. യോസഫ് ആ വിവരം അറിഞ്ഞപ്പോൾ മറിയയെയും ശിശുവിനെയും കൂട്ടിക്കൊണ്ടു് ഈജിപ്റ്റിലേക്ക് ഓടിപ്പോയി. ആ രാജാവിന്റെ മരണശേഷമാണ് അവർ പലസ്തീനിലേക്ക് തിരിച്ചുവന്നു താമസമുറപ്പിച്ചതു്.

പന്ത്രണ്ടാം വയസ്സിൽ യേശു യരുശലേം ദേവാലയത്തിൽ വിദ്വാന്മാരായ പുരോഹിതശ്രേഷ്ഠന്മാരുമായി ഒരു വാദപ്രതിവാദം നടത്തി. കേവലം ബാലനായ യേശു മതസംബന്ധമായ ആ വാദത്തിൽ പ്രദർശിപ്പിച്ച അസാമാന്യമായ സാമർത്ഥ്യവും അഗാധമായ ജ്ഞാനവും അവരെ വിസ്മയിപ്പിച്ചു.

ആ കാലത്തു യഹൂദന്മാരുടെ ഇടയിൽ യോഹന്നാൻ സ്നാപകൻ എന്നു പേരുള്ള ഒരു സിദ്ധൻ ഉണ്ടായിരുന്നു. അദ്ദേഹം മതപ്രസംഗങ്ങൾ നടത്തി അനേകം ആളുകളെ മാനസാന്തരപ്പെടുത്തി. അതിന്റെ സൂചകമായി അവരെ അദ്ദേഹം ജ്ഞാനസ്നാനം ചെയ്യിച്ചു. മുപ്പതാമത്തെ വയസ്സിൽ യേശുവും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു യോർദാൻ നദിയിൽവച്ച് സ്നാനം ഏററു. തൽസമയം സ്വർഗ്ഗത്തിൽനിന്നു പരിശുദ്ധാത്മാവു പ്രാവിന്റെ രൂപത്തിൽ യേശുവിൽ ആവേശിച്ചു. "എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രീതനായിരിക്കുന്നു." എന്നു ഒരു അശരീരിവാക്കുമുണ്ടായി.

മൂന്നു വർഷത്തോളം യേശു പലസ്തീൻനാട്ടു മുഴുവൻ സഞ്ചരിച്ചു മതപ്രസംഗങ്ങൾ നടത്തി. ക്രിസ്തുവിന്റെ ഉപദേശം ഇങ്ങനെ സംഗ്രഹിക്കാം: "ദൈവം പിതാവും മനുഷ്യരെല്ലാം അവിടത്തെ മക്കളുമാണ്. പിതാവിനെ ശിശുക്കൾ സ്നേഹിക്കുന്നതുപോലെ ദൈവത്തെ മനുഷ്യർ പൂർണ്ണമായി സ്നേഹിക്കണം. മനുഷ്യർ എല്ലാവരും പരസ്പരം സഹോദരങ്ങളാണ്. ശത്രുമിത്രഭേദംകൂടാതെ സകലരേയും സ്നേഹിക്കണം."

യേശുവിന്റെ ധർമ്മോപദേശം സുഗമവും ജീവിതം പാവനവുമായിരുന്നു. ശരണാഗതരായ രോഗികളെ സുഖപ്പെടുത്തുന്നതിനും മറ്റും അദ്ദേഹം അമാനുഷികമായ ശക്തിയും അനന്യസാധാരണമായ ഭൂതദയയും പ്രദർശിപ്പിച്ചു. മരിച്ചവരെ ഉയിർപ്പിച്ചു. ആത്മാവിൽ ദരിദ്രരായവരെ അനന്തമായ ജീവന് അവകാശികളാക്കി. ആ നിലയിൽ ബഹുജനങ്ങൾ യേശുവിനെ രക്ഷകനായി സ്വീകരിച്ചാദരിച്ചു. പക്ഷേ കാലാന്തരത്തിൽ അദ്ദേഹത്തിനു പല ശത്രുക്കളുമുണ്ടായി. യേശുവിന്റെ ജനരഞ്ജനയും അത്ഭുതശക്തിയും വിനിയോഗിച്ചു ഒരു സ്വതന്ത്ര രാജ്യം സ്ഥാപിക്കാൻ യഹൂദന്മാരിൽ പലർക്കും മോഹം ജനിച്ചു. അതിനു യേശു വഴിപ്പെടുകയില്ലെന്നു കണ്ടപ്പോൾ അവർ അദ്ദേഹത്തിന്റെ വിരോധികളായിത്തീർന്നു. യഹൂദപുരോഹിതന്മാരുടെ കപടഭക്തിയെയും അനീതിയെയും യേശു പരസ്യമായി ശാസിച്ചു. അതു നിമിത്തം അവരുടെ വിദ്വേഷത്തിന് അദ്ദേഹം പാത്രമായി. സ്വജനങ്ങളായ യഹൂദന്മാർ തന്നെ വധിക്കുമെന്നു യേശുവിനു കാലേക്കൂട്ടി അറിയാമായിരുന്നു. അങ്ങനെ സംഭവിക്കണമെന്നുള്ളതു് ദൈവത്തിന്റെ നിശ്ചയമാണെന്ന് അവിടുന്നു ധരിച്ചിരുന്നു. യേശു മരണത്തെ ജയിച്ചു മൂന്നാംദിവസം പുനരുത്ഥാനം ചെയ്യുമെന്നും മുൻകൂട്ടി പ്രസ്താവിച്ചിരുന്നു.

യേശുവിനു പ്രധാനമായി പന്ത്രണ്ടു ശിഷ്യന്മാരാണ് ഉണ്ടായിരുന്നതു്. അതിൽ ഒരാളായ യൂദാ ഒരു ദുരാഗ്രഹിയായിരുന്നു. അയാൾ യഹൂദന്മാർക്ക് തന്നെ

ഒററുകൊടുക്കുമെന്ന് യേശു ശിഷ്യന്മാരോട് മുൻകൂട്ടി പറഞ്ഞിരുന്നു. ഒരു ദിവസം രാത്രി യേശു ഒരു ഉദ്യാനത്തിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ ഗുരുദ്രോഹിയായ യൂദായിൽനിന്നും യേശുവിൻെറ ഗമനാഗമനങ്ങൾ മനസ്സിലാക്കിയ യഹൂദനേതാക്കന്മാർ പടയാളികളുമായി അവിടെ ചെന്നുകയറി. അദ്ദേഹത്തെ ബന്ധിക്കുവാൻ ആദ്യം മുന്നോട്ടുവന്നവർ ബോധരഹിതരായി നിലംപതിച്ചു. ഒടുവിൽ തന്നെ ബന്ധിച്ചുകൊള്ളുവാൻ യേശു സ്വന്തമനസ്സാലെ സമ്മതിച്ചു.

റോമാചക്രവർത്തിയുടെ പ്രതിനിധിയായ പിലാത്തോസിൻെറ സന്നിധിയിൽ അവർ യേശുവിനെ കൊണ്ടുചെന്നു. പല കുററങ്ങളും അവർ അദ്ദേഹത്തിൻെറ മേൽ ആരോപിച്ചു. പിലാത്തോസ് വിചാരണ ചെയ്തതിൽ അദ്ദേഹം അപരാധി അല്ലെന്നു വെളിപ്പെട്ടു. പക്ഷേ ചക്രവർത്തിക്ക് അപ്രീതിയുണ്ടായേക്കുമെന്നു ഭയപ്പെട്ടകയാൽ പിലാത്തോസ് യഹൂദന്മാരുടെ ഹിതത്തിനു വഴിപ്പെട്ടു. അങ്ങനെ യേശുവിനെ കുരിശിൽ കയററി വധിക്കേണ്ടതാണെന്നു ഭീരുവായ പിലാത്തോസ് വിധിപ്രസ്താവിച്ചു. അതനുസരിച്ചു യേശുവിനെ കാൽവരി മലയുടെ മുകളിൽ കുരിശിൽ തറച്ചു. എല്ലാ പീഡനങ്ങളും പരിഹാസങ്ങളും ആ ദിവ്യൻ ക്ഷമയോടു സഹിച്ചു. പ്രാണവേദന അനുഭവിച്ചുകൊണ്ടു കുരിശിൽകിടന്ന സമയത്ത് സ്നേഹമൂർത്തിയായ അവിടുന്ന് "പിതാവേ! ഇവർ അജ്ഞതകൊണ്ട് ചെയ്യുന്ന ഈ അപരാധം അവരോടു ക്ഷമിക്കേണമേ" എന്നു പ്രാർത്ഥിച്ചു.

അന്നു മദ്ധ്യാഹ്നമായപ്പോൾ സൂൎയ്യൻ ഇരുണ്ടു. യേശു മരിക്കുന്നതുവരെ ഇരുൾ ഭൂമുഖത്തെങ്ങും വ്യാപിച്ചിരുന്നു. അനന്തരം ഭൂമിയിലുണ്ടായ ഭാവപ്പകൎച്ച അത്ഭുതാവഹമായിരുന്നു. ഭൂമി കുലുങ്ങി. പാറകൾ പിളൎന്നു. കല്ലറകൾ തുറന്നു. പലരും ഉയൎത്തെഴുന്നേററു. ദേവാലയത്തിലെ തിരശ്ശീല മേൽതൊട്ടു അടിവരെയും രണ്ടായി ചീന്തിപ്പോയി.

യേശുവിൻെറ മൃതശരീരം അദ്ദേഹത്തിൻെറ ശിഷ്യന്മാർ ഒരു കല്ലറയിൽ സംസ്കരിച്ചു. മുൻപു് പ്രസ്താവിച്ചിരുന്നതുപോലെ മൂന്നാംദിവസം പ്രഭാതത്തിൽ സ്വശരീരത്തോടുകൂടി യേശു വീണ്ടും ഉത്ഥാനം ചെയ്തു. താൻ സജീവനായി തന്നെ ഇരിക്കുന്നു എന്ന പരമാൎത്ഥം തെളിയിക്കുവാനും അവിടുന്നു സ്ഥാപിച്ച ദൈവസാമ്രാജ്യത്തെപ്പററി കൂടുതൽ രഹസ്യങ്ങൾ ഉപദേശിച്ചുകൊടുക്കുവാനും യേശു ശിഷ്യന്മാൎക്കു കൂടെക്കൂടെ പ്രത്യക്ഷപ്പെട്ടുകൊണ്ടു് നാല്പതുദിവസംകൂടി ഭൂമിയിൽ സഞ്ചരിച്ചു. ഒടുവിൽ ശിഷ്യന്മാരെ എല്ലാം ഒലിവുമലയിൽ വിളിച്ചുകൂട്ടി സുവിശേഷപ്രചരണം സംബന്ധിച്ചുള്ള അന്ത്യസന്ദേശം നൽകി അവരെ അനുഗ്രഹിച്ചശേഷം യേശു സശരീരനായി സ്വൎഗ്ഗാരോഹണം ചെയ്തു.

പാഠം ൩൦

ഇംഗ്ലണ്ട്

ഇംഗ്ലണ്ടുരാജ്യം ഇവിടെനിന്നു വടക്കുപടിഞ്ഞാറ് ആറായിരം മൈൽ ദൂരത്തുള്ള ഒരു ദ്വീപിൻെറ പ്രധാന ഭാഗമാകുന്നു. ആ ദ്വീപിന് 'ഗ്രേറ്റ് ബ്രിട്ടൻ' എന്നാണു പേര്. ൧൯൪൭ ആഗസ്റ്റ് ൧൫-ാംനു വരെ ഇംഗ്ലണ്ടിൻെറ കീഴിലായിരുന്നു ഇൻഡ്യാഭരണം നടന്നുപോന്നത്. മഹാത്മാഗാന്ധി തുടങ്ങിയുള്ള മഹാന്മാരുടെ വലുതായ ത്യാഗത്തിൻെറ ഫലമായി ഇൻഡ്യയിൽ നിന്നും ഇംഗ്ലീഷുകാർ പിന്മാറുകയും, ഇൻഡ്യ സ്വതന്ത്രയാകയും ചെയ്തു.

ഇംഗ്ലണ്ടിൻെറ രാജധാനി ലോകത്തിലുള്ള മഹാനഗരങ്ങളിൽവച്ച് ഏററവും വലുതായ ലണ്ടൻ നഗരമാണ്. ഈ നഗരത്തിൽ 'ബക്കിംഹാം പാലസ്സ്' എന്ന കൊട്ടാരത്തിലാണു് ഇംഗ്ലണ്ടിലെ രാജാവ് താമസിക്കുന്നതു്.

ലണ്ടൻനഗരം ലോകപ്രസിദ്ധമായ ഒരു ജനസങ്കേതമാണു്. തിരുവിതാംകൂർ—കൊച്ചി എന്ന യൂണിയൻ സംസ്ഥാനത്തിൽ ആകെയുള്ളിടത്തോളം ജനങ്ങൾ ഈ നഗരത്തിൽ സ്ഥലവാസക്കാരായി ഉണ്ട്. ഇവർക്കുപുറമേ ഏകദേശം അത്രയുംതന്നെ ജനങ്ങൾ തീവണ്ടിവഴിയായും മററും അവിടെ ചെന്നു് ആവശ്യം കഴിഞ്ഞു് മടങ്ങിപ്പോരുന്നവരായും ഉണ്ട്. ഇത്രയും ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനു വേണ്ട സകല ഏർപ്പാടുകളും അവിടെയുണ്ട്. അഞ്ചും ആറും പത്തും പന്ത്രണ്ടും

TRAINING SCHOOL KOTTAYAM LOWER GRADE

നിലകളുള്ള കെട്ടിടങ്ങൾ അവിടെ ദർശിക്കാൻ സാധിക്കും. അവയ്ക്കുള്ളിൽ ഭോജനശാലകൾ, വ്യാപാരശാലകൾ, വിനോദശാലകൾ, തൊഴിൽശാലകൾ ഇങ്ങനെ ഓരോ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ ഉണ്ട്. ഒരു കുടുംബത്തിനു താമസിക്കാൻ രണ്ടും മൂന്നും മുറികളല്ലാതെ ഒരു വീടു മുഴുവൻ സാധാരണയായി കാണുന്നതല്ല. ഒരേ മുറിക്കകത്ത് ഒന്നും രണ്ടും കുടുംബങ്ങൾ ഞെങ്ങി ഞെരുങ്ങി പ്പാർക്കുന്ന അനേകം കെട്ടിടങ്ങളും ഈ നഗരത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്. യന്ത്രശാലകൾ, പണ്ടകശാലകൾ മുതലായവ നഗരത്തിനു നടുവിൽക്കൂടി ഒഴുകുന്ന തെംസ്‌നദിയുടെ ഇരുകരകളിലും തിങ്ങിക്കൂടി നില്ക്കുന്നു. കാററുകൊള്ളത്തക്ക തുറന്ന സ്ഥലങ്ങളും ഉദ്യാനങ്ങളും ചിലേടത്തുമാത്രമേ ഉള്ളു. ആ രാജ്യത്തെന്നല്ല യൂറോപ്പിലുള്ള മിക്ക നഗരങ്ങളിലും സ്ഥിതി ഇതുപോലെതന്നെ.

ഇംഗ്ലണ്ടിൽ ശീതകാലവും ഉഷ്ണകാലവും തമ്മിൽ വലിയ അന്തരമുണ്ടു. ജീവിതരീതിയിലും പ്രകൃതിയുടെ ഭാവത്തിലും കാലഭേദം അനുസരിച്ചുള്ള മാററങ്ങൾ ഇതുപോലെ കാണുന്ന പ്രദേശങ്ങൾ അധികമില്ല. ശീതകാലത്തിന്റെ ആരംഭത്തോടുകൂടി പകൽ കുറഞ്ഞും തണുപ്പു വർദ്ധിച്ചും വരുന്നു. തണുപ്പിന്റെ ആധിക്യംകൊണ്ടു മരങ്ങളിൽനിന്ന് ഇലകൾ പൊഴിഞ്ഞു തുടങ്ങുന്നു. ഒന്നു രണ്ടു മാസമാകുമ്പോഴേക്കും ഒരു മരത്തിലെങ്കിലും ഇല കാണുകയില്ല. എല്ലാ മരങ്ങളും കൊമ്പും കമ്പുമായി ശേഷിക്കുന്നു. സൂര്യന്റെ പ്രകാശം തീരെ കുറഞ്ഞും പകൽസമയത്തുപോലും ദിക്കെല്ലാം ഇരുട്ടടഞ്ഞും കാണും.

ഈ കാലങ്ങളിൽ നട്ടുച്ചനേരവും വിളക്കുകൾ വേണ്ടിയിരിക്കുന്നു. രാവിലെ ഏഴുമണിക്കുമേൽ പ്രഭാതമായെന്നു പറയാം. എങ്കിലും പ്രഭ മങ്ങിയ ഒരു ചുവന്ന ഗോളം മാത്രമാണു് ആകാശത്തിൽ കാണുന്നതു്. മൂന്നോ നാലോ മണിയാകുമ്പോഴേക്കു് അസ്തമയമായി. ക്രമേണ മൂടൽ അധികമായി ശൈത്യമേറുമ്പോൾ മഞ്ഞു വീഴുന്നു. പഞ്ഞി പറന്നുവീഴുന്നതുപോലെ തുടരെത്തുടരെ മഞ്ഞു വീണു കട്ടിയായി നിലത്തും ഗൃഹങ്ങളുടെ മുകൾപ്പുറത്തും കിടക്കുന്നതു കാണുവാൻ വളരെ കൗതുകം തോന്നും.

ഈ മാതിരിയുള്ള ശീതകാലത്തെ ജീവിതം വളരെ ക്ലേശകരമാണെന്നു പറയേണ്ടതില്ലല്ലോ. കട്ടിയുള്ള കമ്പിളിവസ്ത്രങ്ങൾ ധരിക്കാതെ പുറത്തെങ്ങും സഞ്ചരിക്കുവാൻ നിവൃത്തിയില്ല. വീട്ടിനകത്തുതന്നെയും തീ കത്തിച്ചു ചൂടുപിടിപ്പിക്കാതെ കഴിച്ചുകൂട്ടുക പ്രയാസമാണു്. എല്ലാ ആഫീസുകളിലും ഷാപ്പുകളിലും സ്കൂളുകളിലും ചൂടും വെളിച്ചവും എപ്പോഴും ഉണ്ടായിരിക്കത്തക്ക ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഭക്ഷണത്തിനു കൊഴുപ്പുകൂടിയ പദാർത്ഥങ്ങൾ ചൂടോടെ കഴിക്കേണ്ടിയിരിക്കുന്നു. തണുത്താൽ അവ കട്ടിയായിപ്പോകും. അതിനാൽ ആഹാരസാധനങ്ങൾ കൈയ്കൊണ്ടു് എടുക്കാതെ കത്തി, മുള്ളു മുതലായവ ഉപയോഗിച്ചു് ഭക്ഷിക്കയാണു് ചെയ്യുന്നതു. കിടന്നു ഉറങ്ങുന്നതിനു് ഒരു മെത്തയും ദേഹം മൂടുന്നതിനു കമ്പിളികൾ കട്ടിയായി അടുക്കിവിട്ടുള്ള മറെറാരു മെത്തയും വേണം.

ഈ ശീതകാലത്തിലും ആ നാട്ടുകാര അലസന്മാരായി ഇരിക്കുന്നില്ല. അവർ എട്ടൊമ്പതുമണിക്കു ഷാപ്പുകൾ തുറക്കും. ആഫീസുകളിലും സ്കൂളുകളിലും ഒമ്പതു പത്തു മണിയോടുകൂടി ജോലി തുടങ്ങും. കെട്ടിടങ്ങളിൽ എല്ലായിടത്തും ഗ്യാസ്, ഇലക്ട്രിസിററി മുതലായവ കൊണ്ടുള്ള ദീപങ്ങൾ പ്രകാശിച്ചുകൊണ്ടിരിക്കും. കുഴൽവഴി ചൂടുവെള്ളം പായിച്ചു മുറിക്കകത്തുള്ള വായുവിനെ ചൂടുപിടിപ്പിക്കും. അതിനു സൗകര്യമില്ലാത്തിടത്ത് ഓരോ മുറിയിലും തീ കൂട്ടിയിരിക്കും. ജോലികഴിഞ്ഞ അഞ്ചു മണിക്കുശേഷം ആളുകൾ വിനോദശാലകളിൽചെന്ന് സിനിമയും നാടകവും മററും കണ്ട് അർദ്ധരാത്രിവരെയുള്ള സമയം ആഹ്ലാദകരമായി കഴിയുന്നു. പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഓരോവക നൃത്തങ്ങളിൽ ഏർപ്പെടുന്നതു് ശീതകാലത്തു സർവസാധാരണമായ ഒരു വിനോദമാകുന്നു.

തണുപ്പ് ആറുമാസത്തോളം നീണ്ടുനില്ക്കും. പിന്നെ മഞ്ഞുവീഴുന്നതു ക്രമേണ കുറഞ്ഞു പകൽ ഇടയ്ക്കിടയ്ക്കു വെളിച്ചവും വെയിലും കാണാറാകും. ഇല പൊഴിഞ്ഞു നിന്നിരുന്ന വൃക്ഷലതാദികളിൽ തളിരുകൾ പൊട്ടിത്തുടങ്ങും. അങ്ങനെ ശീതകാലം അവസാനിച്ച് പ്രകൃതിയുടെ രമണീയത വീണ്ടും ആവിർഭവിക്കുന്നു. വേനലിൻെറ പ്രാരംഭലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതോടുകൂടി വൃക്ഷങ്ങളും ചെടികളും വീണ്ടും പച്ചിലയും പുഷ്പങ്ങളും കൊണ്ടു മനോഹരമായി ശോഭിക്കുന്നു. തറയിൽ പുല്ലുകൾ തഴച്ചു പച്ചപ്പട്ടുവിരിച്ചതുപോലെ കൗതുകം തോന്നിക്കുന്നു.

വേനൽക്കാലത്തു രാത്രിയിൽ നാലോ അഞ്ചോ മണിയാകുമ്പോൾ നേരം പ്രഭാതമാകും. തണുപ്പുനിമിത്തം നാടുവിട്ടുപോയിരുന്ന പക്ഷികളുടെ പാട്ടു വീണ്ടും കേൾക്കാറാകും. കട്ടികുറഞ്ഞ വസ്ത്രങ്ങൾ ധരിക്കുന്നതു സുഖകരമായിത്തീരും. തണുപ്പുകാലത്തു മൂക്കും കണ്ണും ദേഹവും മുഴുവൻ കറുത്ത കമ്പിളിവസ്ത്രങ്ങൾകൊണ്ടു മൂടി നടന്ന ആളുകൾ ഇക്കാലത്തു നാനാവർണ്ണങ്ങളിൽ നേരിയ വസ്ത്രങ്ങൾ ധരിച്ചു നടക്കുന്നതു കാണാം. നിവൃത്തിയുള്ളപ്പോഴൊക്കെ അവർ വീട്ടിനു പുറത്തു സഞ്ചരിക്കയേ ഉള്ളു. ഉദ്യാനങ്ങളിലുള്ള പുൽത്തകിടികളിൽ വിഹരിക്കുന്നവർ ഒരുകൂട്ടം. വാഹനങ്ങളിൽ കയറി സഞ്ചരിച്ചു കഴിയുന്നിടത്തോളം സൂര്യപ്രകാശം ഏററു് ആഹ്ലാദിക്കുന്നവർ മറെറാരുകൂട്ടം. ചിലർ കണ്ണാടികളിൽകൂടി കാണാവുന്ന മനോഹരവസ്ത്രങ്ങളും മററു സാമാനങ്ങളും നോക്കിക്കൊണ്ടു ഷാപ്പുകൾക്കുചുററും നടക്കുന്നു. മററു ചിലർ പടർപ്പും പച്ചിലയും നിറഞ്ഞ ചോലയുള്ള പ്രദേശങ്ങളിൽ വിഹരിക്കുവാൻ എത്തുന്നു. ഓരോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ ജോലി നിറുത്തുവാനുള്ള സമയം അക്ഷമയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന കാലമാണിതു്. രാത്രി പത്തും പതിനൊന്നും മണിവരെ നല്ല വെളിച്ചമുള്ളതുകൊണ്ടു എത്രനേരമെങ്കിലും നല്ല വിനോദങ്ങളിൽ കഴിച്ചുകൂട്ടുന്നതിനും വൈഷമ്യമില്ല. നിവാഹമുണ്ടെങ്കിൽ രണ്ടാഴ്ചവട്ടമെങ്കിലും ഇക്കാലത്തു കടൽപ്പുറത്തോ മറേറാ താമസിച്ചു വിശ്രമസുഖം അനുഭവിക്കണമെന്നും

അവക്ക് നിർബന്ധമുണ്ട്. അവിടെയും നഗരങ്ങളിലെന്നപോലെ വിശേഷപ്പെട്ട ഭവനങ്ങളും യഥേഷ്ടം വിഹരിക്കാവുന്ന നടക്കാവുകളും വിനോദശാലകളും ധാരാളമുണ്ട്.

ഇങ്ങനെ പ്രകൃതിയുടെ ഏതവസ്ഥയിലും കൃത്യങ്ങൾ കണിശമായി നിർവഹിക്കുന്നതിനും ജോലികഴിഞ്ഞുള്ള സമയം ഉല്ലാസമായി കഴിക്കുന്നതിനും വേണ്ട നിഷ്കർഷ ചെയ്യുന്ന ഇംഗ്ലീഷുകാർ ലോകമൊട്ടുക്കുള്ള പ്രമാണികളായിത്തീർന്നതിൽ ആശ്ചര്യപ്പെടുവാനുണ്ടോ?

പാഠം ൩൧

മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായ് വന്നു

പണ്ടൊരു പരുന്തൊരു മൂഷികപ്പെൺകുഞ്ഞിനെ-
ക്കൊണ്ടങ്ങു പറക്കുമ്പോൾ കൊക്കിൽനിന്നധോഭാഗേ വ-

വീണുപോയതങ്ങൊരു മാമുനിശ്രേഷ്ഠൻതന്റെ
പാണിയിൽ പതിച്ചിതു സന്ധ്യാകർമ്മം ചെയ്യുമ്പോൾ ർ

തന്നുടെ തപോബലം കൊണ്ടുടൻ തപോധനൻ
തന്നുടെ ഗൃഹിണിക്കു പുത്രിയായ് ദാനം ചെയ്തു ന്നു

മൂഷികകുമാരിയെ താപസകുമാരിയായ
പോഷിപ്പിച്ചിതു മുദാ താപസേന്ദ്രന്റെ ഭാൎയ്യ ൮

തന്മകളെന്നപോലെ താപസി വളൎത്തൊരു
പെൺമണി കന്യാവിനും കല്യാണകാലം വന്നു. ൧൦

വീൎയ്യവും സൗന്ദൎയ്യവും വിദ്യയും പ്രഭുത്വവും
ധൈൎയ്യവുമുള്ളവന്നു പുത്രിയെ കൊടുക്കണം. ൧൨

ആൎയ്യനാം മുനിശ്രേഷ്ഠനിങ്ങനെ വിചാരിച്ചു
സൂൎയ്യദേവനെച്ചെന്നു വന്ദിച്ചു ചൊല്ലീടിനാൻ. ൧൪

ഉന്നതപ്രഭാവനാം നിന്തിരുവടി മമ
കന്യയെ പാണിഗ്രഹംചെയ്യേണം ദിനേശ്വര! ൧൬

എന്നതു കേട്ടിട്ടരുൾ ചെയ്തിതു ദിനേശനും
എന്നെക്കാൾമഹത്തരം മേഘമെന്നറിഞ്ഞാലും ൧൮

എന്നുടെ പ്രകാശത്തെ മറയ്പാൻ പോരുമവൻ
എന്നതുകൊണ്ടുമവൻ നമ്മെക്കാൾ മഹാപ്രഭു. ൨൦

എന്നതുകേട്ടു മുനി മേഘത്തോടപേക്ഷിച്ചു
എന്നുടെ മകളെ നീ വേട്ടുകൊള്ളണം സഖേ! ൨൨

വാരിവാഹവും ചൊന്നാനെന്നെക്കാൾ വലിയവൻ
മാരുതദേവനെന്നെക്കൊണ്ടവൻ നടക്കുന്നു. ൨൪

മാമുനീശ്വരൻ ചെന്നു മാരുതനോടു ചൊന്നാൻ
മാമകാത്മജയ്ക്കു നീ വല്ലഭനായീടണം. ൨൬

മാരുതനരുൾചെയ്തു പൎവ്വതമെന്റെ ഗതി
വാരണം ചെയ്യുമവൻ നമ്മെക്കാൾമഹാരഥൻ ൨൮

സൎവ്വതാപസശ്രേഷ്ഠൻ കന്യയെക്കൊണ്ടുചെന്നു
പൎവ്വതത്തോടുചൊന്നാൻ വേൾക്ക നീ കുമാരിയെ ൩൦

പൎവ്വതമുരചെയ്തു മൂഷികൻ മഹാബലൻ
സൎവ്വതോ നമ്മെക്കാൾ രണ്ടായവൻ തുളയ്ക്കുന്നു. ൩൨

ശേഷിയായ് വരുമവൻ കന്യകയെ വേട്ടീടുവാൻ
മൂഷികൻ തന്നെ പ്രാപിച്ചിടിനാൻ മുനീശ്വരൻ ൩൪

മൂഷികാ! ഭവാനെന്റെ പുത്രിയെ വേട്ടീടണം
... ... ൩൬

ചൊല്ലിനാനെലിശ്രേഷ്ഠൻ കല്യാണം കഴിക്കാമെ-
ന്നില്ലത്തു കൊണ്ടുപോവാൻ തെല്ലുണ്ടു പരാധീനം ൩൮

നമ്മുടെ ഗൃഹമൊരു രന്ധ്രമാത്രമേയുള്ളു
പെൺമണിയാളെയതിൽ കടത്തിക്കുടിവയ്പാൻ ൪൦

സാദ്ധ്യമല്ലെടോ മുനേ സാഹസം ചെയ്കാലതു
സാദ്ധ്യമായ്‌വരായെന്നു ശങ്കിച്ചു മടിക്കുന്നു. ൪൨

ഞങ്ങൾക്കുതന്നെ പാരം ഞെരുങ്ങും ഗുഹാതന്നിൽ
മംഗലസ്ത്രീയാമിവളെങ്ങനെ പോയീടുന്നു ? ൪൪

താപസൻ തപോബലം കൊണ്ടുടൻ തൻപുത്രിയെ
താമസം കൂടാതൊരു മൂഷികസ്ത്രീയാക്കിനാൻ ൪൬

മൂഷികൻ വിവാഹവും ചെയ്തിതു, മുന്നേപ്പോലെ
മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായ വന്നു: ൪൮

പാഠം നവ

വാസ്കോ ഡി ഗാമാ

പാശ്ചാത്യരാജ്യങ്ങളിൽനിന്നും കടൽവഴി ഇൻഡ്യയിലേക്ക എത്താനുള്ള മാൎഗ്ഗം ആദ്യമായി കണ്ടുപിടിച്ചത് വാസ്കോ ഡി ഗാമാ ആണ. അദ്ദേഹം പോൎത്തുഗൽ രാജ്യത്ത് സിനെസ് എന്ന ഒരു തുറമുഖത്തിന്റെ സമീപം ക്രിസ്തുവൎഷം ൧൪൬൦-ാമാണ്ടിടയ്ക്ക് ജനിച്ചു. ക്രിസ്തുവൎഷം പതിനഞ്ചും പതിനാറും ശതകങ്ങളിൽ വമ്പിച്ച സാഗരശക്തി എന്ന പ്രശസ്തി പോൎത്തുഗല്ലിന്റെ നേടിക്കൊടുത്ത നാവികാഗ്രണിയായ ഹെൻട്രി രാജകുമാരൻ അന്തരിച്ചുള്ള അർക്കൊല്ലത്തിലായിരുന്നു. ഹെൻട്രിയുടെ നിൎദ്ദേശം അനുസരിച്ച നൂതനങ്ങളായ സ്ഥലങ്ങളെ അന്വേഷിച്ച് അറിയാൻ പുറപ്പെട്ടിരുന്നവർ അതിന്റെ മുമ്പ് അജ്ഞാതമായിരുന്ന 'അംഗോറ' എന്ന പ്രദേശവും ആഫ്രിക്കൻ കടലോരങ്ങളും കണ്ടെത്തിക്കഴിഞ്ഞിരുന്നു. ബനിൻ എന്ന സ്ഥലത്തിന്റെ നേരെ കിഴക്ക വളരെ ദൂരെ സൎവ്വപ്രതാപങ്ങളോടുംകൂടി മഹാനായ ഒരു രാജാവു നാടു വാണിരുന്നു. ആ വിവരം ആഫ്രിക്കാ നിവാസികൾ പറഞ്ഞു പോൎത്തുഗീസുകാർ അറിയാൻ ഇടയായി. അങ്ങനെ ആ ഭൂഭാഗത്തിൽ ചെന്നുചേരാൻ പോൎത്തുഗീസുകാൎക്ക വളരെ കൗതുകം തോന്നി. ഇമ്മാനുവൽ ഒന്നാമൻ പോൎത്തുഗല്ലിലെ രാജാവായതോടുകൂടിയാണ വളരെക്കാലമായി ആശിച്ചിരുന്ന ആ കാൎയ്യം സാധിക്കാൻ വേണ്ട സന്നാഹങ്ങൾ ചെയ്തത്.

വാസ്കോ ഡി ഗാമാ

ദേശാന്വേഷണസംഘത്തിന്റെ നേതാവായി വാസ്കോ ഡി ഗാമയെയാണു് രാജാവു തെരഞ്ഞെടുത്തതു്. ഗാമ ചെറുപ്പം മുതൽക്കുതന്നെ കപ്പലോട്ടത്തിൽ നല്ല പരിചയം സമ്പാദിച്ചിരുന്നു. പ്രത്യേകം നിർമ്മിച്ച നാലു കപ്പലുകളിൽ കയറി ആ അന്വേഷണസംഘം

൧൪൯൭-ൽ ടാഗസ് നദീമുഖത്തുനിന്നും പുറപ്പെട്ടു. അവർ നാലുമാസം തുടർച്ചയായി യാത്ര ചെയ്തു. ആഫ്രിക്കയുടെ തെക്കുള്ള സെൻറ്ഹെലീനാ ഉൾക്കടലും ഗുഡ്ഹോപ് കോടിയും (ശുഭാശാകോടി) കടന്ന് തീരത്തിൽ എത്തി. അവിടെ വച്ച് ഇൻഡ്യാക്കാരനായ ഒരു കപ്പലോട്ടക്കാരനെ പരിചയപ്പെടാൻ ഇടയായി. പിന്നീടുള്ള സഞ്ചാരത്തിന് അയാളുടെ സഹായം വളരെ പ്രയോജനപ്പെട്ടു. അവിടെനിന്നും യാത്ര തുടർന്ന് ഏതാനും മാസങ്ങൾകൊണ്ടു ഗാമയും കൂട്ടരും ഇൻഡ്യയുടെ പടിഞ്ഞാറെ തീരത്തുള്ള കോഴിക്കോട്ടു വന്നുചേർന്നു. ഇൻഡ്യ കണ്ടുപിടിച്ചതിനു തെളിവായും പ്രയത്നവിജയത്തിൻെറ പ്രത്യക്ഷലക്ഷ്യമായും ഗാമ കോഴിക്കോട്ട് ഒരു ശിലാസ്തംഭം പ്രതിഷ്ഠിച്ചു. കോഴിക്കോട്ടെ സാമൂതിരി രാജാവ് ഗാമയെ യഥോചിതം സൽക്കരിച്ചു. എങ്കിലും ഗാമയ്ക്കും കൂട്ടുകാർക്കും ചില വിഷമങ്ങൾ നേരിട്ടു. അവിടെ മുമ്പുതന്നെ കച്ചവടം ഉറപ്പിച്ചിരുന്ന മാപ്പിളമാർക്ക് ഗാമയുടെ ആഗമനം തീരെ രസിച്ചില്ല. നാട്ടുകാർക്ക് ഗാമയോടും മററും വിദ്വേഷം ഉളവാക്കാൻ അവർ ശ്രമിച്ചു. അതിനാൽ മലബാറിൽ ഒരു വ്യാപാരശാല സ്ഥാപിക്കാൻ ഗാമയ്ക്ക് കഴിഞ്ഞില്ല. കുറച്ചുകഴിഞ്ഞു ഗാമയും കൂട്ടരും പോർത്തുഗല്ലിലേക്ക് തിരിച്ചുപോയി. പോർത്തുഗല്ലിലെ രാജാവ് ഗാമയെ ബഹുമാനത്തോട് സ്വീകരിച്ചു. വളരെ ഭൂസ്വത്തും നല്ല അടുത്തൂണും ഗാമയ്ക്കു രാജാവു നൽകി. അദ്ദേഹത്തിനു പ്രഭുപദവിയും സമ്മാനിച്ചു.

ഗാമ തുടങ്ങിവെച്ച ദേശാന്വേഷണസംരംഭത്തെ ഫലപ്രദമാക്കാൻ പോർത്തുഗൽ രാജാവ് പിന്നീട് ഇൻഡ്യയിലേക്ക് അയച്ചത് പെഡ്രോ അൽവാറെ ക്യബ്രാൾ എന്ന നാവികവീരനെ ആയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പതിമൂന്നു കപ്പലുകൾ ആ യാത്രയിൽ സംബന്ധിച്ചു. വഴിവിട്ടു കൂടുതൽ പടിഞ്ഞാറോട്ടു നീങ്ങി കടലിൽക്കൂടി സഞ്ചരിച്ച് ആ കപ്പൽപ്പട അവിചാരിതമായി തെക്കെ അമേരിക്കയിൽ ബ്രസിൽ എന്ന സ്ഥലം കണ്ടുപിടിക്കാൻ ഇടയായി. പിന്നെയും യാത്രതുടൎന്ന് അവർ കോഴിക്കോട്ടു ചെന്നെത്തി; അവിടെ ഒരു വ്യാപാരശാല സ്ഥാപിക്കയും ചെയ്തു. അതിനുശേഷം കബ്രാൾ തിരിച്ചു പോർത്തുഗല്ലിലേക്കു പോയി. മാപ്പിളമാരുടെ പ്രേരണകൊണ്ടു നാട്ടുകാർ ക്ഷോഭിച്ചു കോഴിക്കോട്ട് ഉണ്ടായിരുന്ന പോർത്തുഗീസുകാരെ ഒന്നൊഴിയാതെ നിഗ്രഹിച്ചു. ഈ വാൎത്ത അറിഞ്ഞു പോർത്തുഗൽ രാജാവിനു അളവററ ദുഃഖവും കോപവും ഉണ്ടായി. പോർത്തുഗലിനു പിണഞ്ഞ പരാജയത്തിനു പ്രതിക്രിയ ചെയ്വാൻ ഗാമയാണ് ഏററവും സമൎത്ഥൻ എന്നു രാജാവിനു തോന്നി. അതുകൊണ്ട് അദ്ദേഹം പത്തു കപ്പലുകളിൽ സൈന്യസന്നാഹത്തോടുകൂടി ഗാമയെ ഇൻഡ്യയിലേക്ക് അയച്ചു. ഗാമ കോഴിക്കോട്ടെത്തി അവിടെ കൊള്ളചെയ്തു. അവിടെയും സമുദ്രതീരത്തുള്ള മററു ചില സ്ഥലങ്ങളിലും പോർത്തുഗീസുകാർക്കു കച്ചവടം ചെയ്വാനുള്ള ഉടമ്പടികൾ ചെയ്തു. കൊള്ളയിൽ കിട്ടിയ ദ്രവ്യം കമിച്ചുകൂട്ടിയ കപ്പലുകളുമായി ഗാമ താമസിയാതെ

തിരിച്ചു പോർത്തുഗല്ലിൽ ചെന്നു ചേൎന്നു. ജനങ്ങൾ ആഹ്ലാദത്തോടുകൂടി ഗാമയെ സ്വീകരിച്ചു. രാജാവ് ഗാമയെ പലതരത്തിൽ ബഹുമാനിച്ചു.

ഗാമയ്ക്കു് സഞ്ചാരത്തിൽ ഔത്സുക്യം ഇല്ലാതായി. ആയുശ്ശേഷം വീട്ടിൽതന്നെ കഴിച്ചുകൂട്ടാൻ ഉറച്ചു. രാജാവിൻെറ പ്രീതികൊണ്ടും ജനങ്ങളുടെ ബഹുമാനംകൊണ്ടും അദ്ദേഹത്തിൻെറ ജീവിതം സുഖകരമായിരുന്നു. ചില ദേശങ്ങളുടെ ഭരണസംബന്ധമായ അധികാരങ്ങളും രാജാവ് ഗാമയ്ക്കു കൊടുത്തു.

ഗാമയുടെ സന്ദർശനത്തെ തുടൎന്നു പോർത്തുഗീസുകാർക്ക് ഇൻഡ്യയിൽ രാജ്യാധികാരം വിപുലമായി. അവിടത്തെ ഭരണകാര്യങ്ങൾ നടത്തുന്നതിനു തുടർച്ചയായി വൈസ്രായിമാരെ നിയമിക്കേണ്ടിവന്നു. അവരുടെ സാമൎത്ഥ്യം അനുസരിച്ചായിരുന്നു ഇൻഡ്യയിൽ പോർത്തുഗീസുകാരുടെ വിജയം. അതിനാൽ കുറെകഴിഞ്ഞു ഇൻഡ്യയിൽ പോർത്തുഗീസുകാര്യങ്ങൾ ശരിപ്പെടുത്തുന്നതിനു ഗാമയെ വൈസ്രായി ആയി ഇൻഡ്യയിലേക്കു അയച്ചു. അതനുസരിച്ചു ഗാമ ഗോവയിലെത്തി. ഭരണകാര്യങ്ങൾ നേരെയാക്കാൻ അദ്ദേഹം ഉറച്ചു ശ്രമിച്ചു. എന്നാൽ ആ കൃത്യം പൂർത്തിയാക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല. കുറെ മാസങ്ങൾക്കുള്ളിൽ അദ്ദേഹം കൊച്ചിയിൽ വച്ചു ചരമഗതി പ്രാപിച്ചു.

ആധുനികകാലത്തു യുറോപ്പും ഇൻഡ്യയും ആയുള്ള ബന്ധത്തിനു വഴിതെളിച്ച മഹാനായിരുന്നു വാസ്കോ ഡി ഗാമ.

പാഠം ൩൩.

മുഹമ്മദുനബി

൧

ഇസ്ലാംമതപ്രവാചകനായ മുഹമ്മദുനബി അറേബിയായുടെ തലസ്ഥാനമായ മക്കാനഗരത്തിലാണ് ജനിച്ചതു്. തെക്കുവടക്കായി നീണ്ടുകിടക്കുന്ന ഒരു താഴ്വരയുടെ മദ്ധ്യത്തിലാണ് മക്കാനഗരം സ്ഥിതി ചെയ്യുന്നതു. ഈ താഴ്വരയുടെ പടിഞ്ഞാറേ അതിരു് ഒരു പർവ്വതവും കിഴക്കേ അതിരു ഉയർന്ന പാറക്കെട്ടുകളുമാണ്. അവിടെ 'കഅബാ' എന്ന ക്ഷേത്രത്തിൽ അനേകം ദേവന്മാരുടെയും ദേവിമാരുടെയും വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് അറബികൾ ആരാധിച്ചുവന്നു. അങ്ങനെയാണ് മക്കാനഗരത്തിനു പുരാതനകാലത്തു തന്നെ പ്രസിദ്ധി ഉണ്ടായതു്. കഅബായിൽ ആണ്ടുതോറും അനവധി ജന്തുക്കളെ ബലികഴിച്ചിരുന്നു. ചിലപ്പോൾ നരബലി കൂടിയും അവിടെ നടത്തുക പതിവായിരുന്നു.

നബിയുടെ പ്രപിതാവ് ആയിരുന്ന അബ്ദല്ലായെ അദ്ദേഹത്തിൻെറ പിതാവ് ഈ ക്ഷേത്രത്തിലേക്ക് ഒരു ബലിയായി നേന്നിരുന്നു. ബലികഴിക്കാനായി അബ്ദല്ലായെ കഅബായിൽ കൊണ്ടുചെന്നപ്പോൾ അവിടത്തെ വെളിച്ചപ്പാട് തുള്ളി അബ്ദല്ലായ്ക്കു പകരമായി നൂറു ഒട്ടകങ്ങളെ കൊടുത്താൽ മതി എന്നു പറഞ്ഞു. അപ്രകാരം അബ്ദല്ലാ അകാലമരണത്തിൽനിന്നു രക്ഷപ്പെട്ടു.

നബിയുടെ ജനനകാലത്ത് മക്കാ ഖുറൈഷി വംശക്കാരുടെ ഭരണത്തിലായിരുന്നു. കഅബാ ക്ഷേത്രത്തിലെ പൗരോഹിത്യവും അവർക്കായിരുന്നു. അവർക്ക് അറബികളുടെ ഇടയിൽ വളരെ മാന്യമായ ഒരു നില സിദ്ധിച്ചിരുന്നു. ഖുറൈഷിവംശജനായ അബ്ദൽ മുത്തലിബിൻെറ പുത്രനായിരുന്ന അബ്ദല്ലാ വഹബ്ബിൻെറ പുത്രിയായ ആമിനായെ വിവാഹം ചെയ്തു. ഈ വിവാഹം നടന്നതിൻെറ പിറെറക്കൊല്ലം മക്കത്ത് വലിയ ഒരു ആക്രമണം നടന്നു. കഅബാ നശിപ്പിക്കുന്നതിനായി ഉണ്ടായ ഈ ആക്രമണം കഴിഞ്ഞു അധികനാൾ ആകുന്നതിനു മുൻപ് അബ്ദല്ലാ യത്രിബിലേക്കു പോയി. അവിടെവച്ച് ഇരുപത്തഞ്ചാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറ വിധവ ഏതാനും ദിവസം കഴിഞ്ഞു പ്രസവിച്ച ശിശുവാണ് മുഹമ്മദ് നബി.

മുഹമ്മദിനെ കുറെ നാൾ ഒരു ധാത്രിയെ ഏല്പിച്ചുവളത്തിയിരുന്നു. ആ സ്ത്രീയുടെ അടുക്കൽ നിന്നു സ്വഗൃഹത്തിൽ തിരിച്ചുവന്ന ശേഷവും മാതാവിൻെറ

ലാളന ചിരകാലം അനുഭവിക്കുവാൻ മുഹമ്മദിനു ഭാഗ്യമുണ്ടായില്ല. അദ്ദേഹത്തിൻെറ ആറാമത്തെ വയസ്സിൽ മാതാവും മരിച്ചു. ഇങ്ങനെ മാതാപിതാക്കന്മാരില്ലാതെ തീർന്ന ബാലനെ അപ്പൂപ്പനായ അബ്ദുൽ മുത്തലിബ ആണു സംരക്ഷിച്ചതു്. മുഹമ്മദിൻെറ ഒൻപതാമത്തെ വയസ്സിൽ ഈ പിതാമഹനും നിര്യാതനായി. അനന്തരം ഇരുപത്തഞ്ചാമത്തെ വയസ്സുവരെ മുഹമ്മദ് പിതൃവ്യനായ അബൂതാലിബിൻെറ സംരക്ഷണയിലായിരുന്നു വളർന്നതു.

മുഹമ്മദ് ബാല്യം മുതൽതന്നെ ചിന്താശീലനായിരുന്നു. പ്രായം കൂടുംതോറും ചിന്താശീലവും ദൃഢമായിവന്നു. പിതൃവ്യൻെറ കന്നുകാലികളെ മേയ്ക്കുവാൻ കാട്ടിൽപോയിരുന്ന സമയങ്ങളിൽ ഏകാന്തചിന്തയ്ക്കു അദ്ദേഹത്തിനു ധാരാളം സൗകര്യം സിദ്ധിച്ചു. ദീനന്മാരിൽ ഉള്ള അനുകമ്പയും, എല്ലാവരോടുമുള്ള സ്നേഹപൂർവ്വമായ പെരുമാററവുംമൂലം ശാന്തനായ മുഹമ്മദ് പരിചിതന്മാരുടെ ഹൃദയത്തെ അപഹരിച്ചു. രാത്രികാലങ്ങളിൽ അദ്ദേഹം തനിച്ചു മൈതാനസ്ഥലങ്ങളിൽ ചെന്നു നക്ഷത്രങ്ങളെ നോക്കി വളരെ നേരം നിൽക്കുക പതിവായിരുന്നു.

മക്കത്തുനിന്നു മൂന്നുദിവസത്തെ വഴി അകലെയായി ഉക്കാസ എന്നൊരു ചന്തസ്ഥലമുണ്ടായിരുന്നു. മുപ്പതുദിവസത്തേക്കു് തുടരെ നടക്കുന്ന ഒരു ചന്ത ആണ്ടുതോറും അവിടെ കൂടുക പതിവായിരുന്നു. ആ ചന്തയ്ക്കു

പതിവായി പോയ്ക്കൊണ്ടിരുന്ന മുഹമ്മദിന്ന അവരുടെ കണ്ടു ചൂതുകളിയും ഊർന്നടപ്പുകളും നികൃഷ്ടമായിത്തോന്നി. മുഹമ്മദു പിതൃവ്യനോടു ഒരുമിച്ചു സിറിയായിലേക്കു പോയപ്പോൾ അവരുടെയും വളരെ ദുരാചാരങ്ങൾ കാണ്മാനിടയായി. ഈ അധോഗതിയിൽ നിന്നും ജനങ്ങളെ ഉദ്ധരിക്കുവാൻ മാർഗ്ഗമൊന്നുമില്ലയോ എന്ന് അദ്ദേഹം ഗാഢമായി ചിന്തിച്ചുതുടങ്ങി. അറബികളുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഇതിഹാസങ്ങളും മററും മുഹമ്മദ് നല്ലവണ്ണം ഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്ന യാതൊരു വിദ്യാഭ്യാസവും ലഭിച്ചിരുന്നില്ല.

ഇരുപത്തഞ്ചാമത്തെ വയസ്സിൽ മുഹമ്മദു ധനികയായ ഖദിജാ എന്നൊരു കുലസ്ത്രീയുടെ കാര്യസ്ഥനായി സിറിയായിലേക്കു വീണ്ടും പോകേണ്ടിവന്നു. ആ ജോലി അദ്ദേഹം എത്രയും വിശ്വസ്തതയോടെ നിറവേററി ഖദിജായുടെ സ്നേഹം സമ്പാദിച്ചു. അദ്ദേഹം ഖദിജായെ വിവാഹം ചെയ്തു. ഖദിജാ ധനവതിയായിരുന്നതിനാൽ വിവാഹത്തിനുശേഷം മുഹമ്മദിന്ന വിശ്രമാവസരവും, ധ്യാനനിഷ്ഠയ്ക്കുള്ള സൗകര്യവും ധാരാളം ലഭിച്ചു.

വിവാഹത്തിനുശേഷം പതിനഞ്ചു സംവത്സരക്കാലത്തേക്കു മുഹമ്മദു അധികം സഞ്ചരിക്കാതെ ഈശ്വരചിന്തയിൽ ജീവിതം നയിച്ചു. എങ്കിലും അദ്ദേഹത്തിന്റെ രണ്ടു വിശിഷ്ടകൃത്യങ്ങൾ സ്മരണീയങ്ങളാണ്. ഖുറൈഷികൾ തമ്മിലുണ്ടായിരുന്ന സ്പർദ്ധനിമിത്തം മക്കാനഗരം മിക്കവാറും അനാഥസ്ഥിതിയിലായിരുന്നു.

സ്വജനങ്ങളുടെ സാന്നിദ്ധ്യം മൂലം സ്വദേശികൾക്ക് ഒരു വിധം രക്ഷയുണ്ടായിരുന്നുവെങ്കിലും വിദേശീയക്ക് അവ വടെ ഒരു ശരണവുമില്ലാതെയാണ് ഇരുന്നത്. വിദേശ വ്യാപാരികളുടെ സാധനങ്ങളെ കൊള്ള ചെയ്യുന്നതും, അവരുടെ സ്ത്രീകളെയും കുട്ടികളെയും കൂടി അപഹരിക്കുന്നതും അക്രമികളുടെ പതിവായിരുന്നു. ഈ അനാഥ സ്ഥിതിക്കു ഒരു പരിഹാരമുണ്ടാക്കുവാനായി ഉത്സാഹികളും സമർത്ഥന്മാരും ആയ ഏതാനും യുവാക്കന്മാരെ ചേർത്തു മുഹമ്മദ് ഒരു സംഘം സ്ഥാപിച്ചു. ആക്കെങ്കിലും എന്തെങ്കിലും ആപത്തു നേരിട്ടതായി അറിവുകിട്ടിയാൽ ആ സംഘക്കാർ ഉടനെ അവിടെ എത്തി അതിനു പരിഹാരം ഉണ്ടാക്കിവന്നു. അക്രമികൾ അവരെ ഭയപ്പെട്ടു; സജ്ജനങ്ങൾ അവരെ അഭിനന്ദിച്ചു. അമ്പതുകൊല്ലത്തോളം ഈ സംഘം നിലനിൽക്കുകയുണ്ടായി.

നബിയുടെ മുപ്പത്തഞ്ചാമത്തെ വയസ്സിൽ കഅബാക്ഷേത്രം അഴിച്ചുപണികഴിപ്പിക്കുവാൻ ഖുറൈഷികൾ ഉദ്യമിച്ചു. ക്ഷേത്രം പണിക്കു വേണ്ടതൊക്കെ തയ്യാറായി. ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്ന വിഷയത്തിൽ രണ്ടു കക്ഷികൾ ഉണ്ടായി. മുഹമ്മദ് രണ്ടു കക്ഷികളെയും ഇരു ഭാഗത്തുമായി പകുത്തുനിറുത്തി. തന്റെ തലപ്പാവു നിവർത്തി അവരുടെ മദ്ധ്യേ വിരിച്ചു സ്ഥാപിക്കേണ്ട ശില അതിന്മേൽ എടുത്തുവച്ചു. ആ വസ്ത്രത്തിന്റെ രണ്ടറ്റത്തും പിടിച്ചു ശിലയെ എല്ലാവരും കൂടി പൊക്കി എടുത്തു കുഴിയിൽ സ്ഥാപിക്കുവാൻ അദ്ദേഹം പറഞ്ഞു.

അന്തഃകരമായ ഒരുമായ തന്ന ആ കലഹം ഇങ്ങനെ ബുദ്ധിപൂൎവ്വമായ രീതിയിൽ മുഹമ്മദു ശമിപ്പിച്ചു. രണ്ടു കൂട്ടരും മുഹമ്മദിന്റെ ത്വരുമാനത്തിൽ സന്തോഷിച്ചു. അന്നു മുതൽ 'വിശ്വസ്തൻ' എന്നു അൎത്ഥമുള്ള 'അൽ അമീർ' എന്ന സ്ഥാനപ്പേരു ജനങ്ങൾ അദ്ദേഹത്തിന്നു നല്കി.

പാഠം ൩൪

മുഹമ്മദുനബി

൨

മുഹമ്മദിന്നു നാല്പതുവയസ്സു പ്രായമായി. ഏകാന്തവാസത്തിലും ചിന്തയിലും അദ്ദേഹം പൂൎവ്വാധികം തൽപരനായിത്തീൎന്നു. മക്കത്തിന്റെ കിഴക്കുഭാഗത്തുള്ള ഹിറാ പൎവ്വതത്തിലെ ഗുഹയിൽ പലപ്പോഴും ഏകനായും ചിലപ്പോൾ കുടുംബസമേതനായും പോയി ധ്യാനത്തിൽ ഇരിക്കുക അദ്ദേഹത്തിന്നു പതിവായി. വിജനമായ ഈ ഗുഹയിൽ അദ്ദേഹം പല രാപ്പകലുകൾ കഴിച്ചു. ചുററുമുള്ള വൃക്ഷങ്ങളും നിൎജ്ജീവങ്ങളായ പാറകളും കല്ലുകളും ഈശ്വരന്റെ ചൈതന്യത്തെക്കുറിച്ചു തന്നോടു സംസാരിക്കുന്നതുപോലെ ഇങ്ങനെയുള്ള അവസരങ്ങളിൽ

അദ്ദേഹത്തിനു തോന്നുമായിരുന്നു. നിശ്ശബ്ദമായ നിശകളിലും പ്രശാന്തമായ പ്രഭാതങ്ങളിലും മന്ദവായുവിന്റെ നിശ്വാസംപോലെ ഒരു ശബ്ദം എന്തോ തന്നോടു ആജ്ഞാപിക്കുന്നതായി മുഹമ്മദ് കേട്ടുതുടങ്ങി. ആദ്യം അവ്യക്തമായിരുന്ന ശബ്ദം ക്രമേണ വ്യക്തമായിത്തീൎന്നു.

ഒരു ദിവസം മുഹമ്മദു ഹിറായിലെ ഗുഹയ്ക്കകത്തു ധ്യാനനിഷ്ഠയിൽ മുഴുകി ഇരിക്കുമ്പോൾ സമുദ്രഗൎജ്ജനംപോലെ ഒരു ശബ്ദം കേട്ടു. "ഉദ്ഘോഷിക്കു" എന്നുള്ള ആ ശബ്ദം മൂന്നു തവണ കേട്ടപ്പോൾ എന്തു പറഞ്ഞു ഞാൻ ഉദ്ഘോഷിക്കേണ്ടു എന്ന് അദ്ദേഹം ചോദിച്ചു. 'ഈശ്വരനാമത്തിൽ ഉദ്ഘോഷിക്കു' എന്നു മറുപടി അദ്ദേഹത്തിനു ലഭിച്ചു. മുഹമ്മദ് സമാധിയിൽനിന്ന് ഉണൎന്നു പരിഭ്രമത്തോടുകൂടി ബദ്ധപ്പെട്ടുവീട്ടിലേക്കു നടന്നു. ഉണ്ടായ സംഭവങ്ങളെല്ലാം അദ്ദേഹം ഖദിജായോടു വിസ്തരിച്ചുപറഞ്ഞു വിവരം മുഴുവനും ശ്രദ്ധിച്ചു കേട്ട ശേഷം ആ സ്ത്രീരത്നം ഇങ്ങനെ പറഞ്ഞു: 'പ്രിയതമ, ആനന്ദിക്കു. എന്റെ പ്രാണനാഥനെ ദൈവം ഈ ജനങ്ങളുടെ പ്രവാചകനായി നിയോഗിച്ചിരിക്കുന്നു.' ഖദിജാമുഖേന ഈ വിവരം അറിഞ്ഞു ആ മഹതിയുടെ ഒരു സഹോദരനും വൃദ്ധനും വിദ്വാനും ആയിരുന്ന വാഹലാ ഈ അഭിപ്രായം തന്നെ പ്രസ്താവിച്ചു. താൻ ഒരു പ്രവാചകൻതന്നെയാണെന്നു മുഹമ്മദിനു ബോദ്ധ്യം വന്നു. അദ്ദേഹത്തിനു 'നബിത്വം' സിദ്ധിച്ചു.

ഈ വിശ്വാസത്തോടുകൂടി മുഹമ്മദ് ഇസ്ലാംമതത്തെ പ്രഖ്യാപനം ചെയ്തു. 'ദൈവം ഏകനാകുന്നു. മുഹമ്മദു ദൈവത്തിന്റെ പ്രവാചകനാകുന്നു.' എന്നുള്ളതാണു ഇസ്ലാംമതത്തിന്റെ മുഖ്യമായ സിദ്ധാന്തം. ആദ്യം മുഹമ്മദിന്റെ ഭാര്യതന്നെയാണു് ഈ മതം സ്വീകരിച്ചതു്. പിന്നീട് അബുതാലിബ്ബിന്റെ പുത്രൻ ആലിയും, അബൂബേക്കറും നബിയുടെ അനുയായികളായി. ഇങ്ങനെ ഏതാനും പേർ തന്നോട്ട് ചേർന്നുവെന്നുകണ്ടു മുഹമ്മദു പരസ്യമായും പ്രസംഗിക്കുവാൻ തുടങ്ങി. ദൈവത്തിന്റെ മഹിമയെയും ഏകത്വത്തെയും പററി എത്രയും വ്യക്തമായും ശക്തിയായും അദ്ദേഹം പ്രബോധനം ചെയ്തു. ആത്മവിശ്വാസത്തോടും വാഗ്മിത്വത്തോടും കൂടിയുള്ള മുഹമ്മദിന്റെ പ്രസംഗങ്ങൾ എല്ലാവരും ശ്രദ്ധയോടെ കേട്ടു. എന്നാൽ അറബികളുടെ ബഹുദൈവവിശ്വാസത്തെയും, മൃഗബലിമുതലായ ക്രൂരകർമ്മങ്ങളെയും ദുരാചാരങ്ങളെയും കുറിച്ചു മുഹമ്മദ് ആക്ഷേപിച്ചു തുടങ്ങിയപ്പോൾ ചിലർ തർക്കിക്കാനും മററു ചിലർ എതിർക്കാനും തുടങ്ങി. പക്ഷെ അബൂബേക്കർ, ഉസ്മാൻ മുതലായ ചില പ്രമാണികൾ ഇസ്ലാംമതത്തിൽ ചേർന്നു എന്നു കണ്ടപ്പോൾ സാമാന്യജനങ്ങൾക്ക് ആ മതത്തോടു പ്രതിപത്തിയും ബഹുമാനവും വർദ്ധിച്ചു. മനുഷ്യരെല്ലാം തുല്യരും സഹോദരന്മാരുമാണെന്നുള്ള മുഹമ്മദിന്റെ സിദ്ധാന്തം സാമാന്യജനങ്ങളെ ആകർഷിച്ചു.

ഈ മതത്തിന്റെ പ്രചാരം വർദ്ധിച്ചുവന്നതുകണ്ടു ഖുറെഷികൾ പരിഭ്രമിച്ചു. വിഗ്രഹാരാധനയിൽ വിശ്വാസം കുറഞ്ഞാൽ കഅബാ ക്ഷേത്രത്തിലേക്കുള്ള

ആദായം അസ്തമിക്കും. ഖുറൈഷികളുടെ പ്രഭുത്വം ആ ക്ഷേത്രത്തിന്റെ പ്രതാപത്തെ ആശ്രയിച്ചിരുന്നു. അതു കൊണ്ടു ഖുറൈഷികൾ ഇസലാംമതത്തിന്റെ പ്രചാരത്തെ നശിപ്പിക്കാൻ ഉദ്യമിച്ചു. അവർ മുഹമ്മദ ഭ്രാന്തനാണെന്നും മതദ്വേഷിയാണെന്നും പറഞ്ഞു് ജനങ്ങളുടെയിടയിൽ അദ്ദേഹത്തെപ്പററി അതൃപ്തി ഉണ്ടാക്കാൻ ശ്രമിച്ചു. അതു ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ അവർ പരസ്യമായി അദ്ദേഹത്തെ പരിഹസിക്കാനും അദ്ദേഹം പ്രസംഗം ചെയ്യുന്ന സ്ഥലങ്ങളിൽ ചെന്നു് കുഴപ്പങ്ങൾ ഉണ്ടാക്കുവാനും തുടങ്ങി. വികൃതികളായ ചിലർ അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്ന സ്ഥലങ്ങളിൽ ചെന്നു് അദ്ദേഹത്തെ മണലും ചരലും വാരി എറിഞ്ഞു. അദ്ദേഹത്തിന്റെ സഞ്ചാരമാർഗ്ഗങ്ങളിലും ധ്യാനസ്ഥലങ്ങളിലും മുള്ളു നിരത്തി. എന്നാൽ ഇതു കൊണ്ടൊന്നും ഫലമുണ്ടായില്ല. ഇസ്ലാംമതത്തിന്റെ പ്രചാരം നാൾക്കുനാൾ വർദ്ധിച്ചുവന്നതേയുള്ളു.

മക്കത്തിന്റെ അധിപനും കഅബായിലെ വൈദികാദ്ധ്യക്ഷനുമായിരുന്ന അബൂതാലിബ് നബിയുടെ പ്രസ്ഥാനത്തെ നിരോധിക്കുമെന്നു ഖുറൈഷികൾ പ്രതീക്ഷിച്ചിരുന്നു. അദ്ദേഹം മൗനം ദീക്ഷിച്ചതുകണ്ടു് അവർ സംഘം ചേൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു് നബിയെ വിരോധിക്കണമെന്നും അല്ലാത്തപക്ഷം അദ്ദേഹം കൂടി ഇസലാമിൽ ചേൻകൊള്ളണമെന്നും പറഞ്ഞു. അവരുടെ ആഗ്രഹപ്രകാരമൊന്നും അദ്ദേഹം പ്രവത്തിക്കാതിരുന്നതുകണ്ടപ്പോൾ അവക്കും ക്ഷോഭം വർദ്ധിച്ചു. ഇസ്ലാമിൽചേർന്നവരായ തങ്ങളുടെ കുടുംബാംഗങ്ങളേയും

ആശ്രിതന്മാരെയും തിരിയെ അവരുടെ പഴയ മതത്തിലേ ക്കുവരുവാൻ അവർ നിർബന്ധിച്ചുതുടങ്ങി. ചിലരെ അവർ പിടിച്ചു ബന്ധനത്തിലിട്ടു. മററുചിലരെ പട്ടി ണിയിട്ടു കഷ്ടപ്പെടുത്തി. വേറെ ചിലരെ അടിച്ചുതോല്പ്പി ച്ചു. അറേബിയാ മണൽക്കാട്ടിലെ ഉരുകുന്ന മണലിൽ ചിലരെ കൊണ്ടുചെന്നു കിടത്തി മുതുകിൽ ഭാരവും കേററി വച്ചു. ഒന്നുകിൽ അവരുടെ പഴയ വിശ്വാസത്തിലേക്കു തിരികെ വരാമെന്നു ശപഥം ചെയ്യുക, അല്ലെങ്കിൽ മരി ക്കുക, രണ്ടിലൊന്നേ അവക്കു ഗതിയുണ്ടായിരുന്നുള്ളു. ഇങ്ങനെയുള്ള നിഷ്ഠൂരമർദ്ദനങ്ങൾകൊണ്ടു വളരെ പ്പേക്കു പ്രാണഹാനി സംഭവിച്ചിട്ടും ഖുറൈഷികൾ ആശിച്ച ഫലം ഉണ്ടായില്ല.

മുഹമ്മദിനെ കൈക്കൂലികൊടുത്തും മററും സ്വാധീ നപ്പെടുത്താനുള്ള ശ്രമങ്ങളും വിഫലമെന്നു കണ്ടപ്പോൾ ഖുറൈഷികൾ പരസ്യമായിട്ടുതന്നെ ഇസ്ലാം മതക്കാരെ നശിപ്പിക്കുവാനുള്ള ഉദ്യമങ്ങൾ തുടങ്ങി. അവരുമായി യാതൊരു ഇടപാടുകളും ചെയ്യപ്പോകരുതെന്ന് അറബികളോടു ചട്ടംകെട്ടി. വേറെ ഗതിയില്ലെന്നുകണ്ടു നബിയും അനുചരന്മാരും മക്കത്തിൻെറ കിഴക്കുഭാഗത്ത് അബുതാലിബിൻെറ വകയായുണ്ടായിരുന്ന ഷീബ് എന്ന സ്ഥലത്ത് അഭയം പ്രാപിച്ചു. ആ സ്ഥലം പർവ്വതങ്ങ ളാൽ ചുററപ്പെട്ടിരുന്നതുകൊണ്ട് മുസ്ലിങ്ങൾ ശത്രുബാധ കൂടാതെ മൂന്നു സംവത്സരം അവിടെ താമസിച്ചു. ഒരു സൈന്യംവളഞ്ഞ കോട്ടയിലെന്നപോലെയായിരുന്നു അവരുടെ അവിടത്തെ താമസം. അവർ സംഭരിച്ചി

ടന്ന ആഹാരസാധനങ്ങൾ തീർന്നപ്പോൾ വിശന്നുകരയുന്ന കുഞ്ഞുങ്ങളുടെ നിലവിളികൾ ശത്രുക്കൾക്കു കേൾക്കാമായിരുന്നു. ഖുറൈഷികളുടെ ക്രൗര്യം അവരിൽ ചിലർക്കുതന്നെ ലജ്ജാവഹമായി തോന്നി. ഹിഷാം എന്നൊരാളുടെ ശ്രമത്താൽ ഒരു സന്ധി ഉണ്ടായി.

നബി ഷിബിൽ അഭയം പ്രാപിച്ചിരുന്ന കാലത്ത് ഇസ്ലാംമതത്തിനു പ്രചരണം ഒന്നും ഉണ്ടായില്ല. അദ്ദേഹം അവിടെനിന്നു സ്വതന്ത്രനായതിന്റെ പിറെറക്കൊല്ലം അദ്ദേഹത്തിനു ഒരു ദുഃഖാചരണസംവത്സരമായിരുന്നു. മുഹമ്മദിന്റെ രക്ഷാകർത്തൃത്വം വഹിച്ചിരുന്ന അബൂതാലിബും പ്രിയതമയായിരുന്ന ഖദിജായും ആ കൊല്ലം പരലോകപ്രാപ്തരായി. ദുഃഖാചരണം കഴിഞ്ഞശേഷം ഖുറൈഷികൾക്കു സൽബുദ്ധിയുണ്ടാക്കുവാനുള്ള ശ്രമം നിഷ്ഫലമെന്നു കണ്ടു മുഹമ്മദ് മക്കാവിട്ടു മററു സ്ഥലങ്ങളിൽ ഇസ്ലാംമതപ്രചാരത്തിനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചുതുടങ്ങി. ഒരു ദിവസം അദ്ദേഹം തന്റെ മാതാമഹിയുടെ സ്വദേശമായിരുന്ന, യത്രിബിൽനിന്നു മക്കത്തുവന്ന ആറാളുകളെ കണ്ടുമുട്ടി. ഇസ്ലാംമതതത്വങ്ങളെ നബി അവരെ ഗ്രഹിപ്പിക്കുകയും അവർ ആറുപേരും ആ മതം സ്വീകരിക്കുകയും ചെയ്തു. പിറെറക്കൊല്ലം അവരുടെ ശ്രമത്താൽ യത്രിബുകാരായ എഴുപതുപേർ മക്കത്തുവന്നു മുഹമ്മദിനെ കണ്ടു. അവരെല്ലാവരും ഇസ്ലാംമതം സ്വീകരിച്ചു എന്നുമാത്രമല്ല ഏതു ആപത്തിലും മുഹമ്മദിനെ സഹായിച്ചുകൊള്ളാമെന്ന് അദ്ദേഹത്തിന്റെ കൈപിടിച്ചു കരാർ ചെയ്യുകയുണ്ടായി.

യത്രിബുകാരും നബിയും തമ്മിലുണ്ടായ ഈ കരാറിന്റെ വിവരം ചാരന്മാർ മുഖേന ഖുറൈഷികൾക്കു അറിവുകിട്ടി. ഏതു വിധവും മുസ്ലിങ്ങളെ ഉന്മൂലനം ചെയ്യണമെന്ന് അവർ തീർച്ചയാക്കി. അവരുടെ ക്രൂരതയ്ക്കു ഇരയായിത്തീരരുതെന്നു കരുതി മക്കത്തുകാരായ നൂറിൽപരം മുസ്ലിം കുടുംബക്കാരെ മുഹമ്മദു യത്രിബിലേക്ക് അയച്ചു. അലിയോടും അബൂബേക്കറോടും ഒരുമിച്ചു മുഹമ്മദ് പിന്നെയും മക്കത്തുതന്നെ താമസിച്ചു. മുഹമ്മദ് പക്ഷെ ഓടിപ്പോയേക്കുമെന്നും അതിനു മുമ്പായി അദ്ദേഹത്തെ വധിക്കണമെന്നും ഖുറൈഷികൾ സംഘംകൂടി തീർച്ചയാക്കി. എന്നാൽ പ്രതികാരം ഭയപ്പെട്ടു് വധകൃത്യത്തിന്റെ ഉത്തരവാദിത്വം വഹിക്കുവാൻ ഒററയ്ക്കു് ആരും മുതിർന്നില്ല. ഈ ദുർഘടം ഒഴിക്കുവാൻ എല്ലാ ശാഖക്കാരിൽനിന്നും കുറെപ്പേരെ തിരഞ്ഞെടുത്തു് ഒരു സംഘം ഏർപ്പെടുത്തി. അവർ മുഹമ്മദിനെ വളഞ്ഞു് ഒരേസമയത്തുതന്നെ അവരുടെ ഖഡ്ഗങ്ങൾ അദ്ദേഹത്തിന്റെ ശരീരത്തിൽ കുത്തിയിറക്കി വധിക്കണമെന്നു വ്യവസ്ഥചെയ്തു.

അന്നു രാത്രിതന്നെ ആ സംഘം നബിയുടെ ഭവനം വളഞ്ഞു. പച്ചപ്പുതപ്പും പുതച്ചു മുറിക്കകത്തു കിടന്നുറങ്ങിയ മുഹമ്മദിനെ ഒരു ദ്വാരത്തിൽകൂടി അവർ നോക്കി അറിഞ്ഞു. വാതിൽ തുറന്നു് അദ്ദേഹം വെളിയിലേക്ക് ഇറങ്ങുമ്പോൾ അദ്ദേഹത്തെ വളയണമെന്നു നിശ്ചയിച്ചു, അവർ വാതില്ക്കൽ കാവൽ ഉറപ്പിച്ചു. ഈ ഘാതകന്മാരുടെ ഉദ്യമം എങ്ങനെയോ നബി മനസ്സിലാക്കി. തന്റെ സ്ഥാനത്തു താൻ കിടന്നതുപോലെ കിടന്നുകൊ

ള്ളാമെന്നു വിശ്വസ്തനായ അലി ഏററു. നബി മറെറാരു വാതായനത്തിൽ കൂടി വെളിയിൽ ചാടി. അവിടെനിന്നു് നേരെ അദ്ദേഹം അബൂബേക്കറുടെ ഭവനത്തിലേക്കു പോയി. അവർ രണ്ടുപേരും അന്നു രാത്രിതന്നെ മക്കത്തുനിന്നും പുറപ്പെട്ടു. ഏതാനും ദിവസം അവർ മക്കത്തിൻെറ തെക്കുഭാഗത്തുള്ള മലയുടെ ഒരു ഗുഹയിൽ ഒളിച്ചുതാമസിച്ചു. അനന്തരം അവർ രാത്രി യത്രിബിലേക്കു ഓടിപ്പോയി. ശത്രുക്കൾ അവരെ പിന്തുടൎന്നു. അശ്വാരൂഢന്മാരായ ചിലർ ഖഡ്ഗപാണികളായി അതിവേഗത്തിൽ പിന്തുടൎന്നു സമീപിക്കുന്നതുകണ്ടു. 'നാം രണ്ടുപേരെ ഉള്ളല്ലോ' എന്നു വയോധികനായ അബൂബേക്കർ ഭയപരവശനായി പറഞ്ഞു. 'അല്ല നാം മൂന്നുപേരുണ്ടു്. സർവ്വശക്തനായ ദൈവം നമ്മുടെ കൂടെയാകുന്നു' എന്നു പറഞ്ഞു മുഹമ്മദുനബി അദ്ദേഹത്തെ ധൈര്യപ്പെടുത്തി. മൂന്നു ദിവസത്തെ അതിസാഹസമായ യാത്രയ്ക്കുശേഷം അവർ യത്രിബിൽ എത്തിച്ചേൎന്നു. മക്കത്തുനിന്നും യത്രിബിലേക്കുള്ള നബിയുടെ ഈ പലായനത്തിനു ഹിജറത്തു എന്നാണു പറഞ്ഞുവരുന്നതു്. അതിൻെറ സ്മാരകമായി ഏർപ്പെടുത്തിയ മുഹമ്മദീയാബ്ദത്തിനു ഹിജറാ എന്നു പേരുണ്ടായി. ക്രിസ്ത്വബ്ദം ൬൨൨ ജൂലായി മാസത്തിൽ ഈ അബ്ദം ആരംഭിച്ചു.

യത്രിബിൽ എത്തിയശേഷം നബി ജീവിതകാലം മുഴുവൻ അവിടെത്തന്നെ കഴിച്ചുകൂട്ടി. നബിയുടെ അവിടത്തെ സ്ഥിരവാസം നിമിത്തം 'നബിയുടെ നഗരം' എന്നു അൎത്ഥമായ 'മെദിനത്തു അൽ നബി' അല്ലെങ്കിൽ മെദി

നം എന്ന പേരു യത്രിബിനു ലഭിച്ചു. മെദിനത്തിൽ നബി പത്തു സംവത്സരക്കാലം താമസിച്ചു. ഈ ചുരുങ്ങിയ കാലംകൊണ്ടു് ഇസ്ലാം മതത്തിനു ഉണ്ടായ പ്രചാരം അത്ഭുതകരമായിരുന്നു. ഖുറൈഷികൾ അവിടെയും അദ്ദേഹത്തെ സ്വൈരമായി വസിക്കാൻ സമ്മതിച്ചില്ല. അവർ തുടരെത്തുടരെ ചെയ്ത ആക്രമണത്തെ തടുക്കുന്നതിനു നേരിട്ട പ്രയാസങ്ങൾ നിമിത്തം മുസ്ലീങ്ങൾ സ്വരക്ഷയ്ക്കായി യുദ്ധം ചെയ്യുന്നതിനു നിർബന്ധിതരായി. ഖുറൈഷികളോടു മാത്രമല്ല, യഹൂദന്മാർ, ക്രിസ്ത്യാനികൾ മുതലായവരോടും ഈ പത്തു വർഷങ്ങൾക്കിടയിൽ മുസ്ലിങ്ങൾക്കു സ്വയം രക്ഷാർത്ഥം പല യുദ്ധങ്ങൾ ചെയ്യേണ്ടിവന്നിട്ടുണ്ടു്. ഈ യുദ്ധങ്ങളിലെല്ലാം ജയം മിക്കവാറും മുസ്ലീങ്ങൾക്കു തന്നെയായിരുന്നു. ഇസ്ലാംമതം അറേബിയാ രാജ്യം മുഴുവൻ പ്രചരിച്ചു. സമീപരാജ്യങ്ങളിലും അതിന്റെ പ്രചാരം ആരംഭിച്ചു. ഈ പത്തു സംവത്സരത്തിനുള്ളിൽ മൂന്നുതവണ നബി മക്കത്തേക്കു പോകുകയുണ്ടായി. ആദ്യത്തെ രണ്ടുതവണയും തീർത്ഥയാത്രയായിട്ടാണു് അദ്ദേഹം അവിടെ പോയതു. മൂന്നാമത്തെ തവണ മക്കം അദ്ദേഹത്തിനു് അനായാസേന സ്വാധീനപ്പെടുകയും ചെയ്തു. തന്റെ മതം ബലപ്പെട്ടു കണ്ടതിനാലുള്ള കൃതാർത്ഥതയോടുകൂടെ നബി ക്രിസ്ത്വബ്ദം ൬൩൨. ജൂൺ ൮-ാനു- തിങ്കളാഴ്ച മദ്ധ്യാഹ്നത്തിൽ മെദിനത്തു വച്ചു് ഇഹലോകവാസം വെടിഞ്ഞു.